ഖുർആന്റെ അറിയപ്പെടാത്ത ഏടുകൾ!

(ഇമാംസുയൂഥിയുടെ ''ഇത്ഖാൻ'' അവലംബിച്ചെഴുതിയത്)

عُلُومُ الْقُرْآنْ

കെ.വി.എം. പന്താവൂർ.

K.K. Abdul Ali
Kappad 14-1-
9946813261

ഖുർആന്റെ
അറിയപ്പെടാത്ത
ഏടുകൾ!

ഇമാം സുയൂഥിയുടെ "ഇത്ഖാൻ"
അവലംബിച്ചെഴുതിയത്,

ഗ്രന്ഥകർത്താ :

കെ. വി. എം. പന്താവൂർ

വില: **15** രൂപ

പകർപ്പവകാശം പ്രസാധകർക്ക്

പ്രസാധകർ:
ലുക്മാനിയ്യ ബുക്ക് സെന്റർ
P. o. മരുതയൂർ - കവല
(Via) പാവറട്ടി -680 507
ഫോൺ: (0487) 741016

Qurante Ariyappadattha Aedukal

By
K. V. M. Pandavoor.
Price Rs. 15-00
First Edition 1997 November
Copies: 2000
Copy Right to Publishers Only
Published & Distributed by
Lukmaniyya Book Center
Maruthayoor - Kavala
(Via) Pavaratty - 680507
Printed at: Lukmaniyya Printers

ഉള്ളടക്കം

		പേജ് നമ്പർ
1.	ഖുർആനിൽനിന്നു ആദ്യമവതരിച്ച സൂക്തം- ഇതിൽ നാലഭിപ്രായങ്ങൾ	9
2.	അവതരണത്തിന്നു കാരണക്കാരായ ചിലർ	16
3.	ഖുർആന്റെ ക്രോഡീകരണം	19
4.	ബറാഅത്തിലെ ബിസ്മിയെവിടെ?	36
5.	സൂറത്തുകളുടെ ക്രോഡീകരണം	37
6.	'ഥിവാൽ', 'മുസവ്വൽ', 'ഖിസാർ',	39
7.	ഉബയ്യിന്റെ മുസ്ഹഫിന്റെ ക്രമം	40
8.	ഇബ്നു മസ്ഊദിന്റെ മുസ്ഹഫ്	41
9.	സൂറത്തുൽ 'ഫഹ്ദ്', സൂറത്തുൽ 'ഖുൽഅ്'!	43
10.	ഖുർആനിലാകെയുള്ള അധ്യായങ്ങൾ, സൂക്തങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ	44
11.	"ബറാഅത്തിനു" അൽബഖറയുടെ വലിപ്പം!	45
12.	'ഫാതിഹ'യും മുഅവ്വിദതൈനിയും ഖുർആനല്ലെന്നോ?	48
13.	'ഖാരിഉ'കളിൽ പ്രസിദ്ധർ	51
14.	'നാസിഖും' 'മൻസൂഖും'	53
15.	ആശയവൈരുദ്ധ്യംതോന്നിക്കുന്ന ആയത്തുകൾ	82
16.	ഖുർആനിലെ അവ്യക്തപ്രയോഗങ്ങൾ	96
17.	ഖുർആനിൽനിന്ന് കോപ്പിയടിച്ച വ്യാജ പ്രവാചകന്മാർ	101

.... കുറിപ്പ് ....

കെ. വി എം പന്താവൂരിൻെറ ഇതുവരെയുള്ള രചനകളിൽ പല കാരണങ്ങളാലും പ്രത്യേകതകളുള്ള ഒരുകൃതിയാണ് ''ഖുർആൻെറ അറിയപ്പെടാത്തഏടുകൾ' എന്ന ഈ കൃതി. നിറയെ അറബ്'മൂല്യങ്ങളോടു കൂടിയാണ് മഹാനവർകൾ ഇതെഴുതിതന്നത്. പക്ഷെ വായനക്കാരുടെസാമ്പത്തിക സൗകര്യം കണക്കിലെടുത്ത് അത്യാവശ്യമെന്ന് തോന്നിയ രണ്ടെണ്ണം മാത്രംചേർത്ത് ബാക്കിയെല്ലാം ഒഴിവാക്കി മലയാളത്തിൽ അർത്ഥം മാത്രം എഴുതിയാണ് ഇതു പുസ്തകരൂപത്തിലാക്കിയത്.

വായനക്കാർ ആവശ്യപ്പെടുകയാണെങ്കിൽ ഇതിലെ ആയത്തുകളും മററും അറബിയിൽ തന്നെ അടുത്ത പതിപ്പിൽ കൊടുക്കാൻ ശ്രമിക്കുന്നതാണ്.

(ഇൻശാ........)

നിങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കുക.

പ്രസാധകർ.

— ആമുഖം —

ഖുർആൻ അല്ലാഹ് അവതരിപ്പിച്ച ദിവ്യ വേദഗ്രന്ഥം. അന്ത്യപ്രവാചകന്നാണതു വന്നുകിട്ടിയത്. ആദ്യമേ അവതരിച്ചതു വായിക്കാനുള്ള കല്പന!. എന്തുവായിക്കണം? ആദ്യം ഖുർആൻതന്നെ വായിക്കണം. പിന്നെയോ? ഖുർആനിൽ വായിച്ച കാര്യങ്ങൾ പ്രപഞ്ചഗ്രന്ഥത്തിൽ ഒത്തുനോക്കണം. ഏതാണ് പ്രപഞ്ചഗ്രന്ഥം? അല്ലാഹുവിൻെറ സൃഷ്ടികളെല്ലാം പ്രപഞ്ചങ്ങളെന്ന ഗ്രന്ഥങ്ങളാണ്. എത്ര വായിച്ചാലും തീരാത്ത ആ ഗ്രന്ഥം വായിച്ചു പഠിക്കാൻ ഖുർആൻ ഇടക്കിടെ ആവർത്തിച്ച് ഉപദേശിക്കുന്നുണ്ട്. നിങ്ങൾ ലോകത്തു സഞ്ചരിച്ച് ദൈവദൃഷ്ടാന്തങ്ങൾ ഗ്രഹിപ്പിൻ. ഈ ആഹ്വാനത്തിൽ പല പൊരുളുകളുമടങ്ങിയിട്ടുണ്ട്. പ്രപഞ്ചത്തിലെ ഒരണു എടുത്തു പരിശോധിച്ചു തുടങ്ങിയാൽ മനസ്സിലാകും മുഴുവൻ പ്രപഞ്ചങ്ങളുടെയും മാതൃക ഈ ഒരൊററ അണുവിലുണ്ടെന്നു ചിന്തിക്കാൻ ബുദ്ധിവേണമെന്നുമാത്രം. കണ്ണുകളുണ്ടായാൽ പോരാ കാണണം, ഈ സത്യം നമ്മെ ബോധ്യപ്പെടുത്താനാണ് ഖുർആൻെറ ശ്രമം. നാം നമ്മെത്തന്നെ അറിഞ്ഞാൽമതി പ്രപഞ്ചങ്ങളെ മുഴുവനറിയാൻ. നമ്മിലില്ലാത്തതൊന്നും പ്രപഞ്ചങ്ങളിലെങ്ങുമില്ല. പ്രത്യേകിച്ചു മനുഷ്യൻ ദൈവത്തിൻെറ ഭൂമിയിലെ പ്രതിനിധിയാണെന്നു ഖുർആൻ പറയുന്നു.

പൂർണ്ണതനേടിയ മനുഷ്യനാണിവിടെ അല്ലാഹുവിൻെറ പ്രാതിനിധ്യം വഹിക്കുന്നത്. ആ പൂർണ്ണതയിലേക്കുള്ള ചവിട്ടുപടികളാണ് ഖുർആൻ വരച്ചുകാട്ടുന്നത്.

ഖുർആനെ മൊത്തത്തിലൊന്നു പരിചയപ്പെടുത്തുകയെന്നുള്ള ഉദ്ദേശ്യമാണീ രചനക്കു പിന്നിലുള്ളത്. എല്ലാവശങ്ങളും സ്പർശിച്ചു കൊണ്ടുള്ള ഒരു ഗ്രന്ഥമായിരുന്നു ഭാവനയിലുണ്ടായിരുന്നത്. അത്രത്തോളമായില്ലെങ്കിലും, മററാരും പുറത്തുവിടാൻ ധൈര്യപ്പെടാതിരുന്ന കുറെ കാതലായ വശങ്ങൾ അനിഷേധ്യരേഖകളുദ്ധരിച്ചുകൊണ്ടുതന്നെ ഇതിലുൾക്കൊള്ളിക്കാൻ സാധിച്ചിട്ടുണ്ട്. ഉദാഹരണം, ഖുർആനായി അവതരിച്ചതു മുഴുവൻ, ഒരക്ഷരവും ഒഴിഞ്ഞുപോകാതെ ക്രോഡീകരിച്ചെങ്കിലേ പരിശുദ്ധഖുർആൻെറ സുരക്ഷിതത്വം അഭംഗം തുടരുന്നു എന്നവകാശപ്പെടാൻ പററൂ എന്നു ചിലർ തെററിദ്ധരിച്ചു വെച്ചിട്ടുണ്ട്. അതുകൊണ്ടവർ ചിലതൊക്കെ പൂഴ്ത്തിവെക്കാൻ നിർബ്ബന്ധിതരായി. മുജാഹിദുകളും, മററും 'നാസിഖു' 'മൻസൂഖു'കളെ നിഷേധിക്കാനിടയായതങ്ങനെയാണ്. ഇടമറുകാദികൾ, ഖുർആൻ കുറെ ആടുതിന്നുപോയെന്നു പറഞ്ഞതും ഇതുകൊണ്ടാണ്. അജ്ഞത! ഖുർആനിറങ്ങുന്നതിന്നിടയിൽ ചില ആയത്തുകളൊക്കെ ദുർബ്ബലപ്പെടുത്തിയിട്ടുമുണ്ട്. അധ്യായങ്ങൾ ഒന്നിച്ചു ദുർബ്ബലപ്പെടുത്തുകയുമുണ്ടായിട്ടുണ്ട്. ഉദാഹരണം 'മുഅവ്വദതൈനി'ക്കു ശേഷം അതേപോലെ, 'മുൻജിദതൈനി' എന്ന പേരിൽ

രണ്ടു സൂറത്തുണ്ടായിരുന്നു. അതുപോലെ ഖുനൂത്തോതാൻ ഉപയോഗിച്ചിരുന്ന രണ്ടു സൂറകളാണ്, സൂറ 'ഹഫദ'യും, സൂറാ 'ഖുൽഉം'. ഇതൊക്കെ 'മൻസൂഖാ'യിപ്പോയതാണ്. 'ബറാഅത്തു' സൂറക്ക് 'ബിസ്മി'യില്ലാതാകാൻ പല കാരണങ്ങളുള്ളതിൽ ഒന്നെന്താണെന്നല്ലേ? അത് ആദ്യം 'അൽബഖറ'യോളം വലിപ്പമുണ്ടായിരുന്നു. മുക്കാൽഭാഗത്തിലധികം 'മൻസൂഖാ'യി. ആദ്യഭാഗമാണ് 'മൻസൂഖാ'യത്. അതിനാൽ ബിസ്മിയും പോയി. 'അഹ്സാബ്' സൂറത്തിൻെറ കഥയും തഥൈവ. ആദ്യം അതു രണ്ടരജുസു ഉണ്ടായിരുന്നു. ഇപ്പോൾ ഏകദേശം അരജുസുമാത്രം. ബാക്കിയൊക്കെ 'മൻസൂഖാ'യി. ഇതൊക്കെ ഒളിച്ചുവെക്കേണ്ട ഒരാവശ്യവുമില്ല. കാരണം ഇതുകൊണ്ടൊന്നും ഖുർആനിന്നു ഒരു താഴ്മയും വരാനില്ല. ഇതൊരു അസത്യഗ്രന്ഥമല്ലാത്തതു തന്നെ കാരണം. അങ്ങനെ സംശയമുണ്ടെങ്കിലേ സത്യം തുറന്നുപറയാതിരിക്കേണ്ടതുള്ളൂ. പിന്നെ ഖുർആന്നു അല്ലാഹു വാഗ്ദാനംചെയ്ത സുരക്ഷിതത്വമെവിടെ? അല്ലാഹുതന്നെ ദുർബ്ബലപ്പെടുത്തിയതാണിതൊക്കെ. വെറുതെ ചില ആവശ്യങ്ങൾക്കു വേണ്ടി, അതൊക്കെ ഈ ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. ദുർബ്ബലപ്പെടുത്താത്ത സൂക്തങ്ങൾക്കാണ് അല്ലാഹു സുരക്ഷിതത്വം വാഗ്ദത്തം ചെയ്തിട്ടുള്ളത്. അതിന്നേ അതാവശ്യവുമുള്ളൂ. അല്ലാഹുതന്നെ പറഞ്ഞു –''നാം വല്ലആയത്തും ദുർബ്ബലപ്പെടുത്തിയാൽ, അല്ലെങ്കിൽ മറവിയിലകപ്പെടുത്തി

യാൽ, തത്തുല്യമോ, അതിലും ഉത്തമമോ ആയ ആയത്തിനെ നാം അവതരിച്ചു തരും" — ഖുർആൻ.

ആകയാൽ "തുമ്മിയാൽ തെറിക്കുന്ന മൂക്കല്ല" ഖുർആനെന്നു കാലം തെളിയിച്ചിട്ടും നമുക്കുപേടി. ഇതു വിശ്വാസദൗർബല്യത്തെയല്ലേ കാണിക്കുന്നത്. ഇതു ഒരുദാഹരണംമാത്രം. ഇത്തരം കുറെ വിവരങ്ങൾ ഈ ഗ്രന്ഥം വെളിച്ചത്തു കൊണ്ടുവരുന്നുണ്ട്-

വസ്സലാം.

ഖുർആൻെറ അറിയപ്പെടാത്ത ഏടുകൾ

ഖുർആനിൽ നിന്നു ആദ്യമവതരിച്ച സൂക്തം ഇതിൽ നാലഭിപ്രായങ്ങൾ!

ഖുർആനിൽനിന്നു ഏററവുമാദ്യം അവതരിച്ച ആയത്തേതാണ്? അഭിപ്രായവിത്യാസമുള്ള കാര്യമാണിത്. ഇതിൽ നാലഭിപ്രായങ്ങൾ ഇമാം സുയൂത്തി (റ) തൻെറ ഇത്ഖാനിൽ (പേ_30)എടുത്തുകാണിച്ചിട്ടുണ്ട്. 1_'അലഖു' സൂറയിലെ ഒന്നാമത്തെ സൂക്തമായ' ഇഖ്റഅ് - ബിസ്മി'യാണ് ഖുർആനിൽനിന്നാദ്യം അവതരിച്ചത്. ഈ അഭിപ്രായം തന്നെയാണ് പ്രബലമെന്ന് ഇമാം സുയൂത്തി പറയുന്നു. രണ്ടാമത്തെ അഭിപ്രായത്തിൽ 'മുദ്ദസിർ'സൂറയിലെ ഒന്നാമത്തെ സൂക്തമായ

"ഓ, പുതച്ചവനേ" — എന്നതാണ് ആദ്യമായവതരിച്ചത്, മൂന്നാമത്തെ അഭിപ്രായത്തിൽ ഫാതിഹയാണാദ്യം അവതരിച്ചത്. നാലാമത്തെ അഭിപ്രായക്കാർ പറയുന്നത് 'ബിസ്മി'യാണാദ്യം അവതരിച്ചതെന്നാണ്. നാലഭിപ്രായക്കാരും താന്താങ്ങളുടെ വാദങ്ങൾ തെളിയിക്കാൻ തെളിവുകളെടുത്തു കാണിക്കുന്നു. അവയുംകൂടി ഇവിടെ എടുത്തുദ്ധരിക്കാം. ഒന്നാമത്തെ അഭിപ്രായക്കാർക്കു തെളിവ് ബുഖാരിയും, മുസ്‌ലിമും മററും ആയിശ ബീവിയിൽനിന്നു റിപ്പോർട്ട് ചെയ്ത ഹദീസാണ്. ബീവി പറയുന്നു: നബിതിരുമേനിക്ക് ദിവ്യബോധനം ലഭിക്കാനാരംഭിച്ചതു സത്യമായിപ്പുലരുന്ന കിനാവുകളിലൂടെയായിരുന്നു. ഉറക്കിൽ നബി കാണുന്ന സ്വപ്നമെല്ലാം പ്രഭാതം വിടരുന്നപോലെ പുലർന്നു വന്നുകൊണ്ടിരുന്നു. പിന്നെ തിരുമേനി ഏകാന്തതയിലേക്കാകൃഷ്ടനായി. അവിടുന്നു ഹിറാഗുഹയിൽ ചെന്നുകുറെ രാത്രികൾ ധ്യാനനിരതനാവുക പതിവായി ആവശ്യമായ ഭക്ഷണവുമായാണ് പോകാറ്. അതുതീർന്നാൽ പിന്നെ ഖദീജായിലേക്ക് തിരിച്ചുചെന്ന് പിന്നെയും ഭക്ഷണവുമായി ഗുഹയിലേക്കു പോകും. ഒടുവിൽ പരമസത്യം ഹിറായിൽ പെട്ടെന്നു തനിക്കു വന്നുകിട്ടി. ഒരു മലക്കുവന്നു കല്പിച്ചു- 'വായിക്കൂ'എന്ന്. തിരുമേനിയരുളി- 'ഞാൻ വായനക്കാരനല്ല.' നബിയരുളുന്നു— മലക്കു എന്നെ തന്നിലേക്കു ചേർത്തുപിടിച്ചു ആലിംഗനം ചെയ്തു— ഞാൻ വിഷമിക്കുവോളം. പിന്നെ എന്നെ സ്വതന്ത്രനാക്കിട്ടു പറഞ്ഞു - 'വായിക്കു'. ഞാൻ പറഞ്ഞു- 'ഞാൻ വായനക്കാരനല്ല.' ഇങ്ങനെ മൂന്നുതവണ മലക്കു ചെയ്തു. മൂന്നാമത്തെ തവണ മലക്കു പറഞ്ഞു: — **(വായിക്കുക, നിൻെറ നാഥൻെറ തിരുനാമത്തിൽ. അവനാണു സൃഷ്ടാവ്. മനുഷ്യനെ രക്തപിണ്ഡത്തിൽ നിന്നവൻ പടച്ചു. വായിക്കുക നിൻെറ നാഥൻ അത്യുദാരൻ. പേനകൊണ്ടവൻ പഠിപ്പിച്ചു. മനുഷ്യന്നറിയാത്തതവൻ പഠിപ്പിച്ചുകൊടുത്തു.)**

നബിതിരുമേനി പിന്നെ വിറച്ചുകൊണ്ടാണ് വീട്ടിലേക്കു ചെന്നത്. ആയിശബീവി പറയുന്നു. ഖുർആനിൽനിന്ന് ആദ്യം അവതരിച്ച അധ്യായം 'ഇഖ്റഅ് ബിസ്മി'യാണ്. ത്വബ്റാനി, അബൂറജാഇൽ നിന്നുദ്ധരിക്കുന്നു. അബൂറജാ പറഞ്ഞു: അബൂമൂസൽ അശ്അരി ഞങ്ങൾക്കു ഖുർആനോതിത്തന്നു. രണ്ടു വെള്ളവസ്ത്രമാണ് താൻ ധരിച്ചിരുന്നത് 'ഇഖ്റഉ ബിസ്മി ഓതിത്തന്നപ്പോൾ താൻ പറഞ്ഞു. 'ഇതാണ് ഖുർആനിൽനിന്നു ആദ്യം അവതരിച്ച അധ്യായം.'

സഈദുബ്നിൻ മൻസൂർ തൻെറ സുനനിൽ പറയുന്നു. 'ജിബ്‌രീൽവന്നു നബിയോടു വായിക്കാൻ കല്പിച്ചു. നബി ചോദിച്ചു:— 'ഞാൻ എന്തുവായിക്കണം? അല്ലാഹുവാണെ ഞാൻ വായനക്കാരനല്ല' ജിബ്‌രീൽ അരുളി: **(നീ, സ്രഷ്ടാവായ നാഥൻെറ തിരുനാമത്തിൽ വായിക്കുക)** ഇതാണാദ്യമവതരിച്ചതെന്ന് ഉബൈദുബ്നിൻ ഉമൈർ പറയാറുണ്ട്.

അബൂ ഉബൈദ് തൻെറ ഫളാഇൽ എന്ന ഗ്രന്ഥത്തിൽ മുജാഹിദിൽ നിന്നുദ്ധരിക്കുന്നു:— 'ഖുർആനിൽനിന്നു ആദ്യം അവതരിച്ചത് —'ഇഖ്റഅ്— ബിസ്മി'യും, 'നൂൻ- വൽഖലമി'യുമാണ്.'

ഇബ്നു അശ്ത, തൻെറ കിതാബുൽ മസാഹിഫിൽ പറയുന്നു:— 'ഉബൈദുബ്നിൻ ഉമൈർ പറഞ്ഞു:— 'നബിയുടെ സന്നിധിയിൽ ജിബ്‌രീൽ ഒരു പുതപ്പുമാ

യി വന്നു. എന്നിട്ട് വായിക്കാൻ പറഞ്ഞു:— 'ഞാൻവായനക്കാരനല്ലെന്നു' നബിയരുളി. ജിബ്രീൽ പറഞ്ഞു: 'ഇഖ്‌റഅ്–ബിസ്മി–റബ്ബിക' **(നിന്റെ നാഥന്റെ തിരുനാമത്തിൽ വായിക്കുക.)** ഇതാണ് ആകാശത്തുനിന്നു ആദ്യമവതരിച്ച അധ്യായമെന്നു സ്വഹാബികൾക്കഭിപ്രായമുണ്ടായിരുന്നു.'

അതേ ഗ്രന്ഥത്തിൽതന്നെ താൻ സുഹ്‌രിയിൽനിന്നുദ്ധരിക്കുന്നു:— 'നബിതിരുമേനി ഹിറാഗുഹയിലിരിക്കുമ്പോൾ മലക്ക് ഒരു പട്ടിന്റെ പുതപ്പുമായിവന്നു. അതിന്മേൽ ഇങ്ങനെ എഴുതിയിരുന്നു: 'ഇഖ്‌റഅ് ബിസ്മി......... മാലം–യഅ്‌ലം'വരെ. ഇപ്പറഞ്ഞതൊക്കെ ഒന്നാമത്തെ അഭിപ്രായക്കാരുടെ തെളിവുകൾ.

ഇനി രണ്ടാമത്തെ പക്ഷക്കാരുടെ തെളിവുകളുദ്ധരിക്കാം: – ഖുർആനിൽനിന്നു ആദ്യം അവതരിച്ച സൂക്തം **(ഓ, പുതപ്പിട്ടു കിടക്കുന്നവനേ)** എന്നതാണെന്നാണല്ലോ രണ്ടാമത്തെ അഭിപ്രായം. ബുഖാരിയും, മുസ്‌ലിമും അബൂസലമയിൽനിന്നുദ്ധരിക്കുന്നു: അബൂസലമ പറഞ്ഞു: ഞാൻ ജാബിറിനോട്ട് ചോദിച്ചു– 'ഖുർആനിൽനിന്നു ആദ്യം അവതരിച്ചതേതാണ്?' അദ്ദേഹം പറഞ്ഞു: 'യാ–അയ്യുഹൽ-മുദ്ദസിർ–'തന്നെ. ഞാൻ ചോദിച്ചു 'ഇഖ്‌റഅ്-ബിസ്‌മി'യല്ലേ? അദ്ദേഹമരുളി:– 'നബിതിരുമേനി ഞങ്ങളോട്ട് പറഞ്ഞതാണ് ഞാൻ നിങ്ങളോട്ട് പറഞ്ഞത്. നബിയരുളി:–'ഞാൻ ഹിറാഗുഹയിൽ ഏകാന്തവാസമനുഷ്ഠിച്ചു. അതിന്റെ അവസാനത്തിൽ ഞാൻ താഴ്‌വരയിലേക്കു ഇറങ്ങി. എന്നിട്ട് ഞാനെന്റെ ഇടത്തും, വലത്തും, മുമ്പിലും പിമ്പിലുമൊക്കെനോക്കി. ഒടുവിൽ മേലോട്ടു നോക്കിയപ്പോൾ ജിബ്‌രീലിനെക്കണ്ടു. എനിക്കൊരു വിറയൽ! ഞാനുട

നെ ഖദീജയുടെ അടുത്തേക്ക് ചെന്നു. പുതച്ചുതരാൻ അപേക്ഷിച്ചു. അവർ പുതച്ചുതന്നു. ഉടനെ അവതരിച്ചു:- **പുതച്ചനബിയേ, എഴുന്നേററു മുന്നറിയിപ്പു നൽകു.**

ഒന്നാമത്തെ അഭിപ്രായക്കാർ ഇതിന്നു നൽകുന്ന മറുപടിയിതാണ്: 'ഇത് ആദ്യമായി അവതരിച്ച അധ്യായമാണ്. ആദ്യമായവതരിച്ച സൂക്തമല്ല, ഒരധ്യായം പൂർണ്ണമായി ആദ്യം അവതരിച്ചതു 'മുദ്ദസിർ' തന്നെയാണ്. 'ഇഖ്‌റഅ് ബിസ്‌മി' എന്ന അധ്യായം പൂർണ്ണമായവതരിച്ചത് ഇതിന്നുശേഷംതന്നെ. പക്ഷെ അതിലെ ആദ്യസൂക്തമാണ് ഖുർആനിൽനിന്നു ആദ്യമവതരിച്ച സൂക്തം. ഇതിനെ ബലപ്പെടുത്തുന്നതാണ് ബുഖാരി മുസ്‌ലിമിന്റെ മറെറാരു ഹദീസ്. അതിൽ ജാബിർ പറയുന്നു; 'വഹ്‌യ് നിലച്ചതിനെപ്പററി നബിതിരുമേനിയരുളി:– 'ഞാൻ നടന്നുപോകുമ്പോൾ ഒരൊച്ചകേട്ടു–ആകാശത്തുനിന്ന്. തലപൊക്കിനോക്കുമ്പോൾ ഹിറാഗുഹയിൽവന്ന മലക്കതാ, ആകാശഭൂമികൾക്കിടയിൽ കസേരയിലിരിക്കുന്നു! ഞാനുടനെ വീട്ടിൽ ചെന്നുപറഞ്ഞു: പുതച്ചുതരൂ പുതച്ചുതരൂ'- അവരപ്പോൾ എനിക്കു പുതച്ചുതന്നു. അപ്പോഴാണ് 'യാ, അയ്യുഹൽ-മുദ്ദസിർ' അവതരിച്ചത്.' ഇതിൽനിന്നു ഒരു കാര്യം വ്യക്തമാണ്: 'ഹിറായിൽവന്ന മലക്ക്' എന്ന വിശേഷണം വിരൽചൂണ്ടുന്നത്, ഈ സംഭവമുണ്ടായതു, ഹിറാഗുഹയിലെ സംഭവം കഴിഞ്ഞശേഷമാണ് എന്നതിലേക്കാണ്.

ഇനി മൂന്നാമത്തെഅഭിപ്രായക്കാരുടെ തെളിവുകൾ

പരിശോധിക്കാം. ഫാതിഹയാണു ആദ്യമവതരിച്ചതെന്നാണല്ലോ അവർ പറയുന്നത്. ഇമാം സമഖ്ശരി തന്റെ 'കശ്ശാഫിൽ' പറയുന്നു: 'ഇബ്നു അബ്ബാസും, മുജാഹിദും അഭിപ്രായപ്പെടുന്നത് ഖുർആനിൽനിന്ന് ആദ്യം അവതരിച്ച അധ്യായം 'ഇഖ്റഅ്-ബിസ്മി'യാണെന്നാണ്. എന്നാൽ കൂടുതൽ 'മുഫസ്സിറു'കളുടെയും അഭിപ്രായം ഫാതിഹയാണെന്നാണ്. ഇമാം ഇബ്നു ഹജർ പറയുന്നു: കൂടുതൽ ഇമാമുകളുടെയും അഭിപ്രായം ആദ്യത്തേതാണ്. ബൈഹഖി, അംറിബിൻ ശുറഹ്ബീലിൽനിന്നുദ്ധരിക്കുന്നു: നബി തിരുമേനി, ഖദീജാബീവിയോടു പറഞ്ഞു: ഞാൻ ഒറ്റക്കായപ്പോൾ ഒരു വിളി കേട്ടു. ഇതെന്തു അപകടമാണാവോ എന്നു ഞാൻ ഭയന്നു.' ഖദീജ പറഞ്ഞു: 'മആദല്ലാഹ്' അല്ലാഹുവിൽ അഭയം! അല്ലാഹു ഒരിക്കലും അങ്ങയോടു അങ്ങനെ ചെയ്യില്ല. അങ്ങു അമാനത്തുകൾ വീട്ടുകയും, കുടുംബം വിളക്കിച്ചേർക്കുകയും ചെയ്യുന്നുണ്ടല്ലോ. സത്യമേ അങ്ങു പറയാറുള്ളൂ.' അബൂബക്കർ സിദ്ദീഖു ചെന്നപ്പോൾ ഈ വിവരം ബീവി അദ്ദേഹത്തെ അറിയിച്ചു. എന്നിട്ടു ബീവിയരുളി: 'താങ്കൾ ഇദ്ദേഹത്തെ വറഖത്തിന്റെ അടുത്തേക്കു കൊണ്ടുപോകണം.' സിദ്ദീഖ് നബിയെ അങ്ങോട്ടു കൊണ്ടുപോയി. വറഖത്തിനോടു സംഭവമെല്ലാം പറഞ്ഞു. നബിയരുളി:- ഞാൻ ഒറ്റക്കാവുമ്പോൾ പിന്നിൽ നിന്ന് 'മുഹമ്മദേ, മുഹമ്മദേ,' എന്നു വിളി കേൾക്കുന്നു. ഞാൻ നാനാഭാഗത്തേക്കും വിരണ്ടോടും.' വറഖത്തു പറഞ്ഞു: 'ഓടരുത്. ഉറച്ചുനിന്ന്, എന്താണ് പറയുന്നതെന്ന് കേൾക്കണം. എന്നിട്ടെന്നോടു വന്നു പറയണം.'

പിന്നെ ഒറ്റക്കായപ്പോൾ വിളിയുണ്ടായി:_ 'മുഹ

മ്മദേ, പറയൂ:— 'ഫാതിഹ' ''വലള്ളാല്ലീൻ'' വരെ അവതരിച്ചു. ബൈഹഖി പറയുന്നു:—'ഇഖ്റഅ്', 'മുദ്ദസിർ' എന്നിവ അവതരിച്ചതിന്നുശേഷമുണ്ടായ സംഭവമാണിത്. അതിന്നുമുമ്പല്ല.

ഇനി നാലാമത്തെ അഭിപ്രായത്തിന്റെ തെളിവുകൾ പരിശോധിക്കാം. 'ബിസ്മി'യാണാദ്യം അവതരിച്ചതെന്നാണല്ലോ ഇവർ പറയുന്നത്. ഇമാം വാഹിദി, ഹസനിൽനിന്നും ഇക്‌രിമയിൽ നിന്നുമുദ്ധരിക്കുന്നു: രണ്ടാളും പറഞ്ഞു: 'ഖുർആനിൽനിന്നു ആദ്യം അവതരിച്ച സൂക്തം 'ബിസ്മി'യാണ്. ആദ്യമവതരിച്ച അധ്യായം_'ഇഖ്റഅ് ബിസ്മി'യും. ഇബ്നുജരീർ (റ) ളഹ്ഹാക്കുവഴി ഇബ്നു അബ്ബാസിൽനിന്നുദ്ധരിക്കുന്നു. ഇബ്നു അബ്ബാസ് പറഞ്ഞു 'ജിബ്രീൽ നബിയുടെ മുമ്പിൽവന്നു ആദ്യം പറഞ്ഞത്, അഊദു ചൊല്ലി അല്ലാഹുവിൽ അഭയം തേടാനാണ്. പിന്നെ 'ബിസ്മി' ചൊല്ലാനും, ഇതു ഖുർആൻ അവതരിക്കുമ്പോൾ അനിവാര്യമായും ഉണ്ടാകേണ്ട ബിസ്മിയാണ്. പൊതുവെപറഞ്ഞാൽ ആദ്യമായവതരിച്ച സൂക്തം 'ബിസ്മി'തന്നെ.'

ആദ്യമവതരിച്ച സൂക്തത്തെപ്പറ്റി മറ്റൊരുഹദീസിൽ കാണുക: ബുഖാരിയും, മുസ്ലിമും, ആയിശബീവിയിൽനിന്നു റിപ്പോർട്ടു ചെയ്യുന്നു:— 'ആദ്യമവതരിച്ചതു 'മുഫസ്സലി'ൽ നിന്നുള്ള ഒരു അധ്യായമാണ്. അതിൽ സ്വർഗ്ഗനരകങ്ങളുടെ വിവരമാണുള്ളത്. ഒടുവിൽ ജനങ്ങൾ ഇസ്ലാമിലേക്കുവരാൻ തുടങ്ങിയപ്പോൾ ഹലാലും, ഹറാമും വേർതിരിക്കുന്ന അധ്യായങ്ങളിറങ്ങി. (ഇത്ഖാൻ വാ—1 പേജ്—33)

....

അവതരണത്തിന്നു കാരണക്കാരായ ചിലർ

ചില ഖുർആൻ സൂക്തങ്ങളിറങ്ങാൻ സ്വഹാബികൾ ചിലർ കാരണക്കാരായിട്ടുണ്ട്. ഉമർ ഫാറൂഖിന്റെ ചില അഭിപ്രായങ്ങൾക്കനുയോജ്യമായി ആയത്തുകൾ അവതരിക്കുകയുണ്ടായി. ഈ വിഷയത്തിൽതന്നെ പലരും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. തുർമുദി, ഇബ്നുഉമറിൽനിന്നു റിപ്പോർട്ടു ചെയ്യുന്നു: നബിയരുളി: 'അല്ലാഹ് ഉമറിന്റെ ഖൽബിലും നാവിലും സത്യത്തെ നിക്ഷേപിച്ചു.' ഇബ്നു ഉമർ പറയുന്നു: ജനങ്ങളിൽ പുതുതായെന്തെങ്കിലും സംഭവിക്കുകയും, അവരും, ഉമറും അതിനെപ്പറ്റി വ്യത്യസ്താഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്താൽ, ഉമറിന്റെ അഭിപ്രായമനുസരിച്ചാണ് ഖുർആൻ ഇറങ്ങാറ്.'

ബുഖാരിയും മററും അനസിൽ നിന്നുദ്ധരിക്കുന്നു: ഉമർ പറഞ്ഞു: റബ്ബ് മൂന്നുഘട്ടങ്ങളിൽ എന്റെ അഭിപ്രായത്തോടു യോജിച്ചു. 1_ ഞാൻ നബിതിരുമേനിയോടു പറഞ്ഞു: 'നബിയേ, ഇബ്റാഹീം മഖാമിനെ നമുക്കു മുസല്ലയാക്കാമായിരുന്നു' താമസിയാതെ ഈ സൂക്തമവതരിച്ചു:_ **''ഇബ്രാഹീം മഖാമിനെ നിങ്ങൾ മുസല്ലയാക്കുവിൻ''** —ഖുർആൻ

2_ ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, അങ്ങയുടെ ഭാര്യമാരുടെ വീട്ടിൽ നല്ലവരും ചീത്തവരുമൊക്കെ കയറിച്ചെല്ലും. അങ്ങു അവരോട് 'ഹിജാബ്' പാലിക്കാൻ ഉപദേശിച്ചാലും.' ഈ ഘട്ടത്തിലാണ് ''ഹിജാബ്'' വേണമെന്ന ആയത്തവതരിച്ചത്.

3_ തിരുമേനിയുടെ ഭാര്യമാരെല്ലാം ചില ഉപാധികൾ മുന്നോട്ടുവെച്ചു സംഘടിച്ചു നിന്നപ്പോൾ ഞാൻ അവരോടു പറഞ്ഞു:— നബി നിങ്ങളെ മൊഴിചൊല്ലിയാൽ നിങ്ങളേക്കാൾ ഉത്തമവനിതകളെ അല്ലാഹ് അവിടുത്തേക്കു പ്രദാനം ചെയ്യേക്കാം.' ആ ഘട്ടത്തിൽ അതേ ആശയം തന്നെ ഖുർആനായി അവതരിച്ചു.'

ഇബ്നു ഉമറിൽനിന്നു മുസ്ലിം റിപ്പോർട്ടു ചെയ്യുന്നു: ഉമർ പറഞ്ഞു: എന്റെ റബ്ബു മൂന്നുകാര്യത്തിൽ എന്നോടു യോജിച്ചു. 1_ ഹിജാബിന്റെ കാര്യത്തിൽ 2_ ബദ്റിലെ ബന്ധനസ്ഥരെ വിട്ടയച്ചതു നന്നായില്ലെന്ന കാര്യത്തിൽ 3_ ഇബ്രാഹീം മഖാമിനെ മുസല്ലയാക്കുന്ന കാര്യത്തിൽ.

അനസിൽനിന്നുള്ള റിപ്പോർട്ടിൽ ഉമർ പറയുന്നു: നാലുകാര്യത്തിൽ എന്റെ റബ്ബു എന്നോടു യോജിച്ചു- (മേൽപറഞ്ഞ മൂന്നുകാര്യത്തിന്നു പുറമെ നാലാമത്തേതു) **കളിമണ്ണിന്റെ അന്തസ്സത്തയാൽ മനുഷ്യനെ നാം പടച്ചു** എന്ന ആയത്തിറങ്ങിയപ്പോൾ, ഞാൻ പെട്ടെന്നു ഇങ്ങനെ പറഞ്ഞുപോയി: — **അത്യുൽകൃഷ്ടനായ സ്രഷ്ടാവ് ബറക്കത്തുളളവൻ.** ഉടനെ ആ ആയത്തിന്റെ ബാക്കി ഇതേ പദങ്ങൾതന്നെ അവതരിച്ചു:— **''അത്യുൽകൃഷ്ടനായ സ്രഷ്ടാവ് ബറക്കത്തുളളവൻ''**

അബ്ദുറഹിമാനിൽ നിന്നുള്ള റിപ്പോർട്ടിൽ പറയുന്നു: 'ഒരു യഹൂദി ഉമറിനെക്കണ്ടപ്പോൾ പറഞ്ഞു_ 'നിങ്ങളുടെ കൂട്ടുകാരൻ (നബി) പറയാറുള്ള ജിബ്രീൽ ഞങ്ങളുടെ ശത്രുവാണ്'' ഉടനെ ഉമർ അരുളി:- **വല്ലവനും അല്ലാഹുവിന്നും, തന്റെമലക്കുകൾക്കും, മുർസലുകൾക്കും, ജിബ്രീൽ, മീകായീൽമാർക്കുമൊക്കെ ശത്രുവായി മാറിയാൽ, ഓർത്തു**

കൊള്ളട്ടെ, **അല്ലാഹു സത്യനിഷേധികളുടെ ശത്രുവാണ്.** അനന്തരം ഇതേ പദങ്ങൾതന്നെ ഖുർആനായി അവതരിച്ചു.'

സനീദ തൻെറ തഫ്സീറിൽ സഈദിൽ നിന്നുദ്ധരിക്കുന്നു: സഅ്ദ്ബിനുമആദ് (റ) ആയിശാ ബീവിയെപ്പററിയുള്ള അപവാദം കേട്ടപ്പോൾ പെട്ടെന്നിങ്ങനെ പറഞ്ഞുപോയി: – **തമ്പുരാനേ, നീയെത്ര പരിശുദ്ധൻ! ഇതു കടുത്ത നുണതന്നെ** ഇതേ വാക്കുകൾ തന്നെ പിന്നെ ഖുർആനായി അവതരിക്കുകയുണ്ടായി'.

ഇക്‌രിമയിൽനിന്നു അബൂഹാതം റിപ്പോർട്ടു ചെയ്യുന്നു: ഉഹദ് യുദ്ധത്തിലെ സ്ഥിതിഗതികളറിയാൻ മദീനയിലെ സ്ത്രീകൾക്കു താമസം നേരിട്ടപ്പോൾ അവരിൽ ചിലർ വിവരങ്ങളന്വേഷിച്ചുപുറപ്പെട്ടു. അപ്പോൾ രണ്ടുപേർ ഒരൊട്ടകത്തിന്മേൽ തങ്ങൾക്കുനേരെ വരുന്നതവർ കണ്ടു. ഒരു സ്ത്രീ അവരോടു ചോദിച്ചു – 'റസൂലെന്തായി? അവർ പറഞ്ഞു – 'ജീവനോടെയുണ്ട്.' സ്ത്രീ പറഞ്ഞു: **എങ്കിൽ പിന്നെ സാരമില്ല. അല്ലാഹു തൻെറ ദാസരിൽ നിന്ന് രക്തസാക്ഷികളെ ഉണ്ടാക്കുകയാണിത്.**

പിന്നീട് ഖുർആനവതരിച്ചതിങ്ങനെ: **അവൻ നിങ്ങളിൽനിന്നു രക്തസാക്ഷികളെ ഉണ്ടാക്കുകയാണിത്.** ശുറഹബീൽ തൻെറ പിതാവിൽനിന്നു റിപ്പോർട്ടു ചെയ്യുന്നു: അദ്ദേഹം പറഞ്ഞു: ഉഹദു പടക്കളത്തിൽ നബി കൊല്ലപ്പെട്ടുവെന്നു കിംവദന്തിയുണ്ടായപ്പോൾ മിസ്അബു (റ) കൊടിയെടുത്തു പൊക്കിപ്പിടിച്ചു പോരാടിക്കൊണ്ടിരുന്നു. ഉടനെ തൻെറ

വലതു കൈ ശത്രുവിൻെറ വാളിന്നിരയായി. അദ്ദേഹം പതറാതെ ഇടതുകൈയ്യിൽ പതാകയേന്തിക്കൊണ്ടു പ്രഖ്യാപിച്ചു: – **മുഹമ്മദുതിരുമേനി റസൂൽ മാത്രമാണ് തനിക്കുമുമ്പു പല മുർസലുകളും വന്നുപോയിട്ടുണ്ട്. അദ്ദേഹം മരിക്കുകയോ, കൊല്ലപ്പെടുകയോ ചെയ്താൽ നിങ്ങൾ പിന്നോക്കം മടങ്ങുന്നുവോ?** തുടർന്നു തൻെറ ഇടതു കൈയും ശത്രു വെട്ടിവീഴ്ത്തി. ഉടനെതാൻ കൊടിയിലേക്കു അണഞ്ഞു. അതു തൻെറ നെഞ്ചിലേക്ക് ചുമലുകൊണ്ട് ചേർത്തുവെച്ചു. അപ്പോഴും നേരത്തെപ്പറഞ്ഞ വാക്കുകൾ താൻ ഉരുവിടുന്നുണ്ടായിരുന്നു. ഒടുവിൽ താൻ വധിക്കപ്പെട്ടപ്പോൾ കൊടി താഴെ വീണു. പിന്നീടു ഇതേ വാക്കുകൾതന്നെ ഖുർആനായി അവതരിച്ചു.

★

ഖുർആൻെറ ക്രോഡീകരണം

ഇമാം ആഖൂലി (റ) തൻെറ, 'ഫവായിദി'ൽ പറയുന്നു: സുഫ്‌യാനുബ്നു ഉയൈന (റ) സൈദുബിൻ സാബിതിൽ നിന്നു റിപ്പോർട്ടു ചെയ്തു: "നബിതിരുമേനി വഫാത്താകുമ്പോൾ ഖുർആൻ ഒരു ഗ്രന്ഥമായി ക്രോഡീകരിച്ചിരുന്നില്ല." ഖത്താബി പറയുന്നു: "ഇതിന്നു കാരണം, ഖുർആനിൽ വല്ല സൂക്തത്തിൻെറയും പാരായണം, അല്ലെങ്കിൽ ഏതെങ്കിലും വിധി ദുർബ്ബലപ്പെടുത്തിയേക്കാൻ സാധ്യതയുണ്ടായിരുന്നു തിരുമേനിയുടെ ജീവിതകാലത്ത്, തന്മൂലമാണ് തിരുമേനി

അതു ഖണ്ഡിതമായ രീതിയിൽ ക്രോഡീകരിച്ച ഗ്രന്ഥരൂപത്തിൽ രണ്ടു പട്ടയിട്ടുവെക്കാതിരുന്നതും. എന്നാൽ തിരുമേനി വഫാത്തായപ്പോൾ 'ഖുലഫാറാശിദ്'കൾക്കല്ലാഹു അതിന്നു 'ഇൽഹാം'നൽകി. ഖുർആനെ താൻ സംരക്ഷിക്കുമെന്ന തന്റെ വാഗ്ദത്തം നിറവേററുകയായിരുന്നു അല്ലാഹു!." അന്നു അവർക്കതിന്ന് പ്രചോദനം ലഭിച്ചിരുന്നില്ലെങ്കിൽ ഇന്നു നമ്മുടെ മുമ്പിൽ ഇതേപോലെ, ആഗോളാടിസ്ഥാനത്തിൽ അഭിപ്രായൈക്യമുള്ള ഒരു ഖുർആനുണ്ടാകുമായിരുന്നില്ല. ഇന്നു നാം ഭൂഗോളത്തിന്റെ അങ്ങേതലക്കലുള്ള ഖുർആന്റെ ഒരുപ്രതിയെടുത്തു ഇങ്ങേതലക്കലുള്ളതുമായി ഒത്തു നോക്കിയാൽ ഒരൊററ പുള്ളിയുടെ കാര്യത്തിൽപോലും വ്യത്യാസം കാണിച്ചുതരുന്നവർക്ക് കോടിക്കണക്കിൽ ഡോളർ ഇനാം ലഭിക്കും. കാരണം അതൊരു ലോകാത്ഭുതമായിരിക്കും. ഭൂമിയിൽ ഇന്നുള്ള കോടാനുകോടി മുസ്ഹഫുകളുടെ കോപ്പികളിൽ ഏതെങ്കിലുമൊന്നിൽ ഒരു നാമമാത്ര വ്യത്യാസം കാണുന്നതായാൽ അതു ലോകത്തെ സപ്ത മഹാത്ഭുതങ്ങളിൽ ഒന്നുകൂടി എഴുതിച്ചേർക്കലായിരിക്കും. സാധിക്കും, പക്ഷെ അതിന്ന് മനപൂർവ്വം മുസ്ഹഫിനെ വികലമാക്കി അച്ചടിക്കേണ്ടിവരും. അതും ചില ദുർബുദ്ധികൾ ചെയ്തുനോക്കിയിട്ടുണ്ട്. മുസ്ഹഫിന്റെ ഐകരൂപ്യം തകർക്കാൻ നടത്തിയ അത്തരം കുതന്ത്രങ്ങളൊക്കെ പരാജയമടഞ്ഞ ചരിത്രമേയുള്ളു. സ്ത്രീകളുടെ അടിവസ്ത്രങ്ങളിലും, ചെരിപ്പിന്നടിയിലുമൊക്കെ ഖുർആൻ സൂക്തങ്ങൾ പ്രിന്റ ചെയ്ത് ഖുർആന്റെ പ്രതാപം ഹനിക്കാൻ ചിലർ നടത്തിയ ഹീനശ്രമംപോലും ലോകം കണ്ടു. എന്നിട്ടെന്തുണ്ടായി? അതു ചെയ്തവർ പരിഹാസപാത്രമായി. അത്ര തന്നെ. ഖുർആൻ ഇന്നും ഭൂഗോളമെങ്ങും തലയുയർത്തി

പ്പിടിച്ചു നിൽക്കുന്നു. ആനവരുമ്പോൾ വികൃതിപ്പിള്ളേർ കൂക്കും. ആനക്കെന്ത്? അതു തലഉയർത്തിപ്പിടിച്ചു പ്രതാപത്തോടെ നടന്നുപോകും. മാവിന്മേൽ കല്ലെറിയുന്ന വികൃതികൾക്കു മാവ് എറിഞ്ഞുകൊടുക്കാറ് തേനൊലിക്കുന്ന മാമ്പഴംമാത്രം. കാരണം മാവിന്നറിയാം. പാവം കുട്ടികൾ വിശപ്പുകൊണ്ടാണ്, വൈരാഗ്യം കൊണ്ടല്ല തന്നെ എറിയുന്നതെന്ന്. ഖുർആന്റെ സ്ഥിതിയും ഇതുതന്നെ.

സിദ്ദീഖ്(റ)വും ഉമർ ഫാറൂഖ്(റ)വും കൂടിയാലോചിച്ചാണ് ക്രോഡീകരണത്തിന്നുതുടക്കമിട്ടത്. ഉമർ(റ) ആണ് ആദ്യം ഈ ആവശ്യം ഉന്നയിച്ചത്. നബിതിരുമേനി ചെയ്യാത്തകാര്യം നാമെങ്ങനെ ചെയ്യും? ഈ ചോദ്യത്തിന്നു ഉമർ ഫാറൂഖ്, സിദ്ദീഖിന്ന് തൃപ്തികരമായ മറുപടി കൊടുത്തു. അല്ലെങ്കിൽ അല്ലാഹു ഉമർ ഫാറൂഖിന്ന് അങ്ങനെ മറുപടി നൽകാനുള്ള 'ഇൽഹാം' നൽകി. അതു കേട്ടപ്പോൾ സിദ്ദീഖിന്നും പൂർണ്ണസമ്മതം.

മുസ്‌ലിം റിപ്പോർട്ടുചെയ്ത ഹദീസിൽ അബൂസഈദ് (റ) പറഞ്ഞു: നബിയരുളിയിട്ടുണ്ട്_ഖുർആനല്ലാതെ, എന്നിൽനിന്നുകേൾക്കുന്ന മറെറാന്നും നിങ്ങൾ എഴുതിവെക്കരുത്.' ഇവിടെ ഒരു സംശയം. ഇതിന്നർത്ഥം, നബിതിരുമേനിയുടെ കാലത്തുതന്നെ ഖുർആൻ എഴുതിവെച്ചിരുന്നുവെന്നല്ലേ? അതുകൊണ്ടല്ലോ അതിൽ എന്റെ മററു വചനങ്ങളൊന്നും കലരത്തക്കവിധം എഴുതിവെക്കരുതെന്നു നബിയരുളിയത്? ശരിയാണ്. പക്ഷെ ഇതു ക്രോഡീകരണമായിരുന്നില്ല. അപ്പപ്പോൾ

അവതരിക്കുന്ന സൂക്തങ്ങൾ തുണിക്കഷ്ണങ്ങളിലും എല്ലിലും, കല്ലിലും, തോലിലും, ഈത്തമടലുകളിലുമൊക്കെ അങ്ങിങ്ങ് കുറിച്ചിടുക മാത്രമാണ് ചെയ്തിരുന്നത്. ഖുർആൻ മുഴുവൻ, അക്ഷരംപ്രതി, ഇങ്ങനെ തിരുമേനിയുടെ കാലത്തുതന്നെ എഴുതിവെച്ചിട്ടുണ്ട്. അതു നേരാണ്. തർക്കമില്ലാത്ത കാര്യവുമാണ്. പക്ഷെ അതു ക്രമീകരിച്ച് തുന്നിക്കെട്ടി ചട്ടക്കൂട്ടിലാക്കിയിരുന്നില്ല. അധ്യായങ്ങളൊന്നും ക്രമീകരിച്ചിരുന്നുമില്ല.

ഹാകിം തന്റെ മുസ്തദ്റകിൽ പറയുന്നു: ഖുർആൻ മൂന്നുഘട്ടങ്ങളിലായിട്ടാണ് ക്രമീകരണ ക്രോഡീകരണങ്ങൾ നടന്നത്. 1- നബിതിരുമേനിയുടെ ജീവിതകാലത്ത് പല സ്ഥലങ്ങളിലായി കുറിച്ചുവെച്ചു. സൈദ്ബ്നി സാബിത്തു (റ) പറയുന്നു: ''തിരുമേനിയുടെ തിരുസന്നിധിയിൽവെച്ചു ഞങ്ങൾ കണ്ടംതുണ്ടങ്ങളിൽ നിന്ന് ഖുർആൻ എഴുതിയെടുത്തു ക്രോഡീകരിക്കാറുണ്ടായിരുന്നു.'' 2. രണ്ടാംഘട്ടമാരംഭിക്കുന്നതു സിദ്ദീഖിന്റെ ഭരണകാലത്താണ്. തിരുമേനിയുടെ വഫാത്തിനുശേഷമാണിത്. തിരുമേനിയുടെ കാലത്തു തന്നെ ക്രോഡീകരണം തുടങ്ങിയെന്നാണ് നേരത്തെ സൈദ്ബ്നി സാബിത് (റ) പറഞ്ഞത്. അതുപക്ഷെ അധ്യായങ്ങൾ ക്രമീകരിച്ചുകൊണ്ടുള്ളതല്ലെന്നു ഇമാം ബൈഹഖി (റ) പറയുന്നു. സൈദ്ബിൻസാബിതു പറഞ്ഞതിന്നർത്ഥം, അപ്പപ്പോൾ ഇറങ്ങുന്ന സൂക്തങ്ങൾ കുറിച്ചുവെച്ച തുണ്ടുകളിൽനോക്കി, ഓരോ അധ്യായങ്ങൾ പൂരിപ്പിക്കുകയെന്നാണ്. ഓരോ സൂക്തവും ഇന്ന സൂറയിൽ ഇന്ന സ്ഥലത്തുചേർക്കാൻ തിരുമേനി നിർദ്ദേശിക്കും. അതനുസരിച്ചാണവർ ചെയ്തത്. അതാണുക്രോഡീകരണത്തിന്റെ ഒന്നാംഘട്ടമെന്നു പറഞ്ഞത്. ര

ണ്ടാംഘട്ടമങ്ങനെയല്ല. അതൊരു ഗ്രന്ഥരൂപത്തിൽ ക്രമപ്പെടുത്തുകയായിരുന്നു. സിദ്ദീഖിന്റെ ദൗത്യം അതായിരുന്നു. ബുഖാരിയുടെ റിപ്പോർട്ടിൽ സൈദിബ്നി സാബിത് പറയുന്നു: യമാമക്കാരുമായി നടന്ന യുദ്ധത്തിൽ — മുസൈലിമയെന്ന വ്യാജപ്രവാചകനെ വധിച്ച പടയിൽ- അനേകം സ്വഹാബികൾ വധിക്കപ്പെട്ട ഘട്ടത്തിൽ സിദ്ദീഖ് (റ) എന്റെ അടുത്തേക്കൊരാളെ അയച്ചു, ഞാൻ ചെന്നു. ഉമർ (റ) അവിടെയുണ്ടായിരുന്നു. സിദ്ദീഖ് എന്നോടു പറഞ്ഞു: ഉമർ ഇതാ പറയുന്നു ''ഈ യുദ്ധത്തിൽ, ഖുർആൻ ഹൃദ്യസ്ഥമാക്കിയ അനേകം പേർ രക്തസാക്ഷികളായിരിക്കയാണ്. ഇനിയും യുദ്ധമുണ്ടാകുമ്പോൾ നമ്മുടെ 'ഹാഫിള്'കളൊക്കെ വേരററുപോകുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. അതിനാൽ ഖുർആൻ ഉടനെ ക്രോഡീകരിക്കണം.'' ഉമറിന്റെ ഈ അഭിപ്രായം എനിക്കു ആദ്യം സ്വീകാര്യമായിത്തോന്നിയില്ല. ഞാൻ ചോദിച്ചു: 'ഉമറേ, നബിതിരുമേനി ചെയ്യാത്തതു നമ്മളെങ്ങനെ ചെയ്യും?' ഉമർ പറഞ്ഞു: 'പടച്ചോനാണെ അതാണു നല്ലത്.' ഉമർ എന്നോടീ ആവശ്യം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞപ്പോൾ എനിക്കും അല്ലാഹു ഹൃദയ വിശാലത നൽകി. ഞാനും ആ അഭിപ്രായക്കാരനായിമാറി. അല്ലയോ, സൈദിബ്നുസാബിതേ, താങ്കൾ യുവാവാണ്. ബുദ്ധിമാനും. ആരും താങ്കളെപ്പററി അവിശ്വസിക്കയില്ല. ക്രോഡീകരണ കാര്യത്തിൽ ഞങ്ങൾ താങ്കളെ തെററിദ്ധരിക്കയില്ല. തിരുമേനിയുടെ 'വഹ്‌യ്' എഴുതിവെച്ചിരുന്നതു താങ്കളാണല്ലോ. ഖുർആനെക്കുറിച്ചു സമഗ്രജ്ഞാനം താങ്കൾക്കുണ്ട്.'' സൈദ് പറയുന്നു: 'എന്നോടവർ ഒരു പർവ്വതം എടുത്തുമാററാൻ കല്പിച്ചിരുന്നു

വെങ്കിൽ, അതെനിക്ക് ഖുർആൻ ക്രോഡീകരണത്തേക്കാൾ എത്രയോ എളുപ്പമായിരുന്നു ഞാൻ ചോദിച്ചു: നബിതിരുമേനി ചെയ്യാത്തതു നിങ്ങൾ രണ്ടാളുംകൂടി ചെയ്യുന്നതെങ്ങനെ?'' സിദ്ദീഖരുളി: 'പടച്ചോനാണെ അതാണു നല്ലത്.' സിദ്ദീഖ് ഈ ആവശ്യം എന്നോടാവർത്തിച്ചുകൊണ്ടിരുന്നു. അപ്പോൾ അവർ രണ്ടുപേർക്കും അല്ലാഹു നെഞ്ചു വിശാലമാക്കിയപോലെ എനിക്കും വിശാലമാക്കിത്തന്നു. ഞാനും അനുകൂലിയായി മാറി. ഞാൻ കണ്ടംതുണ്ടങ്ങളിൽനിന്നും ജനഹൃദയങ്ങളിൽനിന്നും ഖുർആൻ ശേഖരിക്കാൻ തുടങ്ങി. തൗബാസൂറത്തിലെ അവസാനഭാഗം കിട്ടിയതു അബൂഖുസൈമ (റ)യിൽ നിന്നാണ്. മററവിടെ നിന്നും അതു ലഭിച്ചില്ല. **നിങ്ങൾക്കു നിങ്ങളിൽനിന്നുതന്നെ ഒരു റസൂൽ വന്നു** എന്നു തുടങ്ങുന്ന ആയത്തുമുതൽ 'തൗബ' (ബറാഅത്തു) സൂറത്തിന്റെ അവസാനംവരെയുള്ള ആയത്തുകളാണത്. ഞാൻ ക്രോഡീകരിച്ച മുസ്ഹഫ് സിദ്ദീഖ് (റ)ന്റെ മരണംവരെ അദ്ദേഹത്തിന്റെ കൈവശമായിരുന്നു. പിന്നെ ഉമറിന്റെ കൈവശവും, തന്റെ മരണശേഷം തന്റെ പുത്രിയും, നബിതിരുമേനിയുടെ ഭാര്യയുമായ ഹഫ്സാ ബീവിയുടെ കൈവശവുമായിരുന്നു.'' (ബുഖാരി)

ഇബ്നു അബീദാവൂദ് റിപ്പോർട്ടു ചെയ്യുന്നു: അബ്ദുഖൈർ പറഞ്ഞു: ''അലി പറയുന്നതു ഞാൻ കേട്ടു: മുസ്ഹഫുകളുടെ കാര്യത്തിൽ ഏററവും മഹത്തായ പ്രതിഫലം അല്ലാഹുവിങ്കൽനിന്നു കിട്ടാനർഹത സിദ്ദീഖിന്നാണ്. അദ്ദേഹമാണാദ്യമായി ഖുർആൻ ക്രോഡീകരിച്ചത്.'' എന്നാൽ ഇബ്നുഅബൂദാവൂദ് തന്നെ വേറെ റിപ്പോർട്ടു ചെയ്യുന്നു; ഇബ്നുസീരീൻ പറഞ്ഞു:

അലി(റ) അരുളി: 'നബിതിരുമേനി അന്തരിച്ചപ്പോൾ ഞാനൊരു പ്രതിജ്ഞയെടുത്തു. ഞാനെന്റെ ഉത്തരീയം ജുമുഅക്കു പോകാനല്ലാതെ ധരിക്കയില്ല—പരിശുദ്ധ ഖുർആൻ ഒരു ഗ്രന്ഥത്തിലായി ഞാൻ ക്രോഡീകരിക്കുന്നതുവരെ. ഞാൻ അതു ക്രോഡീകരിക്കുകയും ചെയ്തു.'

ഇമാം ഇബ്നുഹജർ (റ) പറയുന്നതു ഈ ഹദീസ് ദുർബ്ബലമാണെന്നാണ്. ഇനി പ്രബലമാണെങ്കിൽ തന്നെ ഇതിന്നർത്ഥം ഗ്രന്ഥമായി ക്രോഡീകരിച്ചെന്നല്ല. മനസ്സിൽ ക്രമീകരിച്ചുവെച്ചു എന്നാണ് എന്നാൽ ഈ അഭിപ്രായം ശരിയല്ലെന്നാണ് ഹദീസുകൾ തെളിയിക്കുന്നത്. ഇബ്നുള്ളരീസ് തന്റെ 'ഫളായിലി'ൽ റിപ്പോർട്ടു ചെയ്യുന്നു. ഇക്‌രിമത്തു (റ) പറഞ്ഞു: 'സിദ്ദീഖിനെ ഖലീഫയായി തെരഞ്ഞെടുത്തപ്പോൾ അലി (റ) വീട്ടിൽതന്നെഇരിപ്പായി. പുറത്തിറങ്ങാതെയായി. ചിലർ സിദ്ദീഖിനോടു ചെന്നു പറഞ്ഞു—അങ്ങു ഖലീഫയായ കാരണമാണദ്ദേഹം പുറത്തിറങ്ങാതായത്. അങ്ങയെ ബൈഅത്തു ചെയ്യാൻ അദ്ദേഹം ഇഷ്ടപ്പെടുന്നില്ല.' സിദ്ദീഖ് അദ്ദേഹത്തെ വരുത്തിച്ചോദിച്ചു — 'എന്നെ ബൈഅത്തു ചെയ്യാൻ താങ്കളിഷ്ടപ്പെടുന്നില്ലേ?' അദ്ദേഹം പറഞ്ഞു: 'പടച്ചോനാണെ യാതൊരനിഷ്ടവുമില്ല.' സിദ്ദീഖ്: — 'പിന്നെന്താണിങ്ങോട്ടു വരാതിരിക്കുന്നത്?' അലി: — 'ഖുർആനിൽ കൂട്ടിച്ചേർക്കുന്നതു ഞാൻ കണ്ടതിനാൽ ഞാൻ പ്രതിജ്ഞയെടുത്തു, ഇനി അതു ക്രോഡീകരിക്കുന്നതുവരെ ഞാൻ എന്റെ ഉത്തരീയം, ജുമുഅക്കല്ലാതെ ധരിക്കയില്ലെന്ന്.' സിദ്ദീഖ്:— 'വളരെ നല്ല തീരുമാനമാണ് താങ്കളുടേത്.' റിപ്പോർട്ടർ പറയുന്നു - ഇക്‌രിമയോടു ഞാൻ ചോദിച്ചു:- ഖുർആനിറങ്ങിയ ക്രമത്തിൽതന്നെയാണോ അവരതു

ക്രോഡീകരിച്ചതു്?' അദ്ദേഹം പറഞ്ഞു: 'ജിന്നും, ഇൻസുമെല്ലാം ഒന്നിച്ചു ശ്രമിച്ചാലും അതേ ക്രമത്തിൽ ക്രോഡീകരിക്കാനാവില്ലതന്നെ.' ഇബ്നുസീരീനിൽ നിന്നുള്ള മറെറാരു റിപ്പോർട്ടിൽ പറയുന്നു: അലി (റ) തന്റെ മുസ്ഹഫിൽ 'നാസിഖും, 'മൻസൂഖു' മൊക്കെ രേഖപ്പെടുത്തിയിരുന്നു. [ദുർബ്ബലപ്പെട്ടുപോയ സൂക്തങ്ങൾ ഒന്നും ഇന്നത്തെ മുസ്ഹഫുകളിൽ കാണുകയില്ല. അലി (റ) തന്റെ മുസ്ഹഫിൽ അതും ഉൾപ്പെടുത്തിയിരുന്നു]. ഇബ്നുസീരീൻ പറയുന്നു: 'ഈ മുസ്ഹഫു കിട്ടാൻ ഞാൻ ശ്രമിച്ചുനോക്കി. മദീനയിലേക്കു ഞാൻ അതിന്നുവേണ്ടി എഴുതിയച്ചു. പക്ഷെ കിട്ടിയില്ല.''

(ഇത്ഖാൻ — 1/77)

ഇബ്നു അബീദാവൂദ്, ഹസനിൽനിന്നുദ്ധരിക്കുന്നു: 'മുസ്ഹഫിൽ ചേർക്കേണ്ട ഒരായത്തിനെപ്പററി ഉമർ (റ) ചോദിച്ചപ്പോൾ ഒരാൾ പറഞ്ഞു. 'യമാമാ യുദ്ധത്തിൽ രക്തസാക്ഷിയായ ഒരു സ്വഹാബിക്കതറിയാമായിരുന്നു.' ഉമർ(റ) 'ഇന്നാലില്ലാഹി' ചൊല്ലിക്കൊണ്ടു ഖുർആൻ ക്രോഡീകരിക്കാൻ കല്പിച്ചു. ഉമറാണ് ഒരു മുസ്ഹഫിലായി ഖുർആൻ ആദ്യം ക്രോഡീകരിച്ചത്. [ഇതിലെസൂചന ഉമറാണ് ഖുർആൻ ക്രോഡീകരണമെന്ന ആശയം ആദ്യമായി സിദ്ദീഖിന്റെ മുമ്പിൽ സമർപ്പിച്ചതു എന്നാണ്.]

ഇബ്നു അശ്ത, തന്റെ 'കിതാബുൽ മസാഹിഫി'ൽ, ഇബ്നുബരീദയിൽനിന്നുദ്ധരിക്കുന്നു:– 'ഖുർആൻ ആദ്യം ഒരു മുസ്ഹഫിന്റെ ചട്ടക്കൂട്ടിൽ ശേഖരിച്ചത് അബൂഹുദൈഫയുടെ മൗലയായ സാലിമാണ്. ഇതു ക്രോഡീകരിക്കാതെ താൻ മേൽത്തട്ടു ധരിക്കയി

ല്ലെന്നദ്ദേഹം പ്രതിജ്ഞയെടുത്തു. അതു നിറവേററുകയുണ്ടായി. തുടർന്നു എന്തു പേരു നൽകണമീ ഗ്രന്ഥത്തിന്നെന്നു അവർ കൂടിയാലോചിച്ചു. ചിലർ പറഞ്ഞു:– വിശുദ്ധവേദം (സിഫ്ർ) എന്നു പേരിടാം.' ആ പേരു ജൂതരുടെ വേദഗ്രന്ഥത്തിന്റേതാകയാൽ ആരും ഇഷ്ടപ്പെട്ടില്ല. സാലിം പറഞ്ഞു:— 'എത്യോപ്യയിൽ ഇതുപോലുള്ള ഗ്രന്ഥത്തിന്നു 'മുസ്ഹഫു' എന്നു പേരുള്ളത് എനിക്കറിയാം.' അപ്പോൾ എല്ലാവർക്കും അതു സ്വീകാര്യമായി. [ഈ ഹദീസ് വ്യാഖ്യാനിച്ചു ശരിയാക്കാം. കാരണം, ഈ സാലിം (റ) സിദ്ദീഖു (റ) നിയമിച്ച ക്രോഡീകരണസമിതിയിൽ ഒരംഗമായിരുന്നു. അതാണിവിടെ ഉദ്ദേശ്യം, അല്ലാതെ താൻ സ്വന്തമായി മുസ്ഹഫു ക്രോഡീകരിച്ചെന്നു ഇതിന്നർത്ഥമില്ല.]

ഇബ്നു അബീദാവൂദ്, അബ്ദുറഹ്മാനിൽനിന്നു റിപ്പോർട്ടു ചെയ്യുന്നു: അബ്ദുറഹിമാൻ പറഞ്ഞു:—'ഉമർ വന്നിട്ടരുളി– വല്ലവനും നബിയിൽനിന്നു ഖുർആൻ വല്ലതും പഠിച്ചിട്ടുണ്ടെങ്കിൽ അതുമായി ഇവിടെ വരണം. ഏടുകളിലും, ഫലകങ്ങളിലും, ഈത്തമടലുകളിലുമാണതൊക്കെ എഴുതിവെച്ചിരുന്നത്. അതൊക്കെ കൊണ്ടുവന്നപ്പോൾ രണ്ടു സാക്ഷിയില്ലാത്തതൊന്നും സ്വീകരിച്ചിരുന്നില്ല. ഇതിൽനിന്നു മനസ്സിലാക്കാം– സൈദുബ്നിൻ സാബിത് തന്റെ പക്കലുള്ളതുകൊണ്ടു മാത്രമല്ല ക്രോഡീകരണം നടത്തിയതെന്ന്. താൻ ഏറ്റെടുത്ത് ... ദിസ്ഥമാക്കിയവ തന്നെയാണ് മററുള്ളവർ കൊണ്ടുവന്നിരുന്നതെങ്കിലും രണ്ടുസാക്ഷിയില്ലാതെ സ്വീകരിച്ചില്ല. അത്ര കണിശമായിരുന്നു ജോലി.'

ഇബ്നു അബീദാവൂദ (റ) ഉർവയുടെ പിതാവിൽനിന്നു റിപ്പോർട്ടു ചെയ്യുന്നു: 'ഉമറിനോടും, സൈദിബ്

നിസാബിതിനോടും സിദ്ദീഖ് കൽപിച്ചു: നിങ്ങൾ രണ്ടാളും, പള്ളിയുടെ കവാടത്തിൽ ഇരിക്കണം. എന്നിട്ട് വല്ലവനും രണ്ടു സാക്ഷിസഹിതം ഖുർആനിൽ വല്ലതുമായി നിങ്ങളെ സമീപിച്ചാൽ നിങ്ങളതു രേഖപ്പെടുത്തിവെക്കണം. ഇബ്നുഹാജർ (റ) പറയുന്നു: 'ഇവിടെ രണ്ടു സാക്ഷികൊണ്ടുദ്ദേശ്യം, എഴുത്തും, മനപ്പാഠവുമാണ്. എഴുതിക്കൊണ്ടുവന്നാൽ പോരാ. അതു ഹൃദിസ്ഥമാക്കിയിരിക്കയും വേണം. അല്ലാതെ രണ്ടാളെ കൊണ്ടുവന്നു സാക്ഷി നിർത്തലല്ല.' എന്നാൽ ഇമാം സഹാവി(റ) തൻെറ 'ജ്ഞമാലുൽ ഖുർആനി'ൽ പറഞ്ഞത്, അതു രണ്ടാളുടെ സാക്ഷ്യം തന്നെയാണെന്നാണ്. കൊണ്ടുവന്ന ലിഖിതം നബിതിരുമേനിയുടെ സന്നിധിയിൽവെച്ചെഴുതിയതാണെന്നു രണ്ടാൾ സാക്ഷി പറയണമെന്നർത്ഥം.'

അബൂശാമ (റ) പറയുന്നു: തിരുമേനിയുടെ മുമ്പിൽ വെച്ചെഴുതിയതല്ലാതെ, വെറുംമനപ്പാഠമോതുന്നതുമാത്രം അവർ സ്വീകരിച്ചിരുന്നില്ല. അതുകൊണ്ടാണ് സൈദ് (റ) പറഞ്ഞത്: തൗബാസൂറത്തിൻെറ അവസാനഭാഗം ഒരാളുടെ പക്കൽ മാത്രമാണുണ്ടായിരുന്നതെന്ന്. അതായതു ഹൃദിസ്ഥമാക്കിയവർ പലരുമുണ്ടായിരുന്നെങ്കിലും, അതോടൊപ്പം രേഖപ്പെടുത്തിവെച്ച വ്യക്തി ഒന്നേ ഉണ്ടായിരുന്നുള്ളുവെന്നർത്ഥം. താഴെ പറയാൻ പോകുന്ന ഹദീസിൽ നിന്നു മനസ്സിലാക്കാൻ കഴിയുക, രണ്ടു സാക്ഷിയെന്നാൽ ഇവിടെ ഉദ്ദേശ്യം ഒരു സൂക്തം സ്വീകരിക്കേണമെങ്കിൽ ചുരുങ്ങിയതു രണ്ടാളെങ്കിലും അതു കൊണ്ടുവരേണമെന്നാണ്. ഇബ്നുഅശ്ത (റ) ലൈസിൽ നിന്നു റിപ്പോർട്ടുചെയ്ത ഹദീസാണത്. ലൈസ

പറഞ്ഞു: — 'ഖുർആൻ ആദ്യം ക്രോഡീകരിച്ചതു സിദ്ദീഖാണ്, അതെഴുതിയതു സൈദ്. ജനങ്ങൾ ഖുർആനുമായി സൈദിനെ സമീപിക്കാൻതുടങ്ങി. പക്ഷേ നീതിമാന്മാരായ രണ്ടു സാക്ഷിയില്ലാത്തതൊന്നും താൻ സ്വീകരിച്ചിരുന്നില്ല. തൗബാ (ബറാഅത്തു) സൂറത്തിൻെറ അവസാനഭാഗം അബൂഖുസൈമയുടെ പക്കൽമാത്രമാണുണ്ടായിരുന്നത്. സൈദരുളി:— അതു സ്വീകരിക്കാം. എഴുതിക്കൊള്ളുവീൻ. കാരണം അബൂഖുസൈമയുടെ സാക്ഷ്യത്തെ നബിതിരുമേനി (സ) രണ്ടാളുടെ സാക്ഷ്യത്തിന്നു തുല്യമായി ഗണിച്ചിരുന്നു. അങ്ങനെ അതുവാങ്ങി രേഖപ്പെടുത്തുകയുണ്ടായി. വിവാഹിതർ വ്യഭിചരിച്ചാൽ എറിഞ്ഞുകൊല്ലേണമെന്ന സൂക്തം ഉമർഖത്താബു കൊണ്ടുവന്നു: -

വൃദ്ധനും വൃദ്ധയും തമ്മിൽ വ്യഭിചരിച്ചാൽ രണ്ടിനെയും നിശ്ശേഷം എറിഞ്ഞു കൊല്ലണം

പക്ഷേ ഈ സൂക്തം സ്വീകാര്യമായില്ല. ഉമർ ഒററക്കായതുകൊണ്ട് സൈദ് (റ) അതു രേഖപ്പെടുത്തുകയുണ്ടായില്ല.'

ഖുർആൻ ക്രോഡീകരണത്തിൻെറ മൂന്നാംഘട്ടം ഉസ്മാൻെറ ഭരണകാലമാണ്. അധ്യായങ്ങളെ ക്രമീകരിക്കുകയാണദ്ദേഹം ചെയ്തത്. സിദ്ദീഖാകട്ടെ ചിതറിക്കിടന്നതൊക്കെ ഒരിടത്തു ഒരുക്കൂട്ടി. ഉസ്മാന്ന് ആ കാറിനാധ്വാനം വേണ്ടിവന്നില്ല. ഒരിടത്തു ഒന്നിച്ചുകൂട്ടിവെച്ച അധ്യായങ്ങൾ ക്രമീകരിക്കുകയെന്ന കർത്തവ്യം അദ്ദേഹം നിർവ്വഹിച്ചുവെന്നു ഹാകിം പറയുന്നു.

(ഇത്ഖാൻ- 1/78)

ബുഖാരി (റ) അനസിൽനിന്നു റിപ്പോർട്ടു ചെയ്യുന്നു:_ 'ഉസ്മാന്റെ സന്നിധിയിൽ ഹുദൈഫത്തുൽയമാൻ (റ) വന്നു. അർമീനിയായും, ആസർബീജാനും കീഴടക്കുവാൻ സിറിയായിൽ പോരാട്ടം നടക്കുന്ന സ്ഥലത്തുനിന്നാണദ്ദേഹം വന്നത്. അവിടെ ഖുർആൻ പാരായണത്തിൽ താൻ കണ്ട വൈവിധ്യങ്ങൾ അദ്ദേഹത്തെ ഭയപ്പെടുത്തിയിരുന്നു. ഉസ്മാനോടദ്ദേഹം അപേക്ഷിച്ചു— 'ഈ സമുദായം ഛിന്നഭിന്നമാകുംമുമ്പ് അങ്ങുതന്നെ രക്ഷപ്പെടുത്തണം. ജൂതക്രൈസ്തവ മതക്കാരെപ്പോലെ ഈ സമുദായവും ആയേക്കാം.' ഉസ്മാൻ ഉടനെ ഹഫ്സാബീവിയുടെ അടുത്തേക്കാളയച്ചപേക്ഷിച്ചു:- 'ആ മുസ്ഹഫൊന്നു കൊടുത്തയക്കണം. ഞാനതു പകർത്തെടുത്തു തിരിച്ചു തരാം'. ബീവി അതു കൊടുത്തയച്ചു. പിന്നെ ഉസ്മാന്റെ കല്പനപ്രകാരം ഒരു സമിതി അതു പകർത്തെടുത്തു. സമിതിയിൽ നാലു സ്വഹാബികളാണുണ്ടായിരുന്നത്. 1. സൈദുബ്നു സാബിത്തു (റ). 2. അബ്ദുല്ലാഹിബ്നി സുബൈർ (റ). 3 സഈദുബ്നിൽആസ് (റ). 4. അബ്ദുറഹ്മാനിബ്നി ഹാരിസ്(റ). ഇതിൽ ഒന്നാമനായ സൈദല്ലാത്തവരൊക്കെ ഖുറൈശികളായിരുന്നു. ഉസ്മാൻ ഇവരോടു കല്പിച്ചു – 'ഏതെങ്കിലും സൂക്തത്തിൽ സൈദുമായി നിങ്ങൾക്കു അഭിപ്രായ വ്യത്യാസമുണ്ടായാൽ അതു ഖുറൈശികളുടെശൈലിയനുസരിച്ചാണ് രേഖപ്പെടുത്തേണ്ടത്. കാരണം ഖുറൈശീ ശൈലിയിലാണു ഖുർആനിറങ്ങിയത്.'' അവരങ്ങനെ ചെയ്തു. ഏതാനും മുസ്ഹഫുകൾ അവർ എഴുതിയുണ്ടാക്കി. പിന്നെ ഹഫ്സയുടേതു തിരിച്ചുകൊടുത്തു. എഴുതിയ കോപ്പികൾ നാടിന്റെ നാനാഭാഗങ്ങളിലേക്കും അയച്ചുകൊടുത്തു.

പുതിയ കോപ്പിയല്ലാതെ നിലവിലുള്ളതെല്ലാം കരിച്ചുകളയാൻ കല്പനയും നൽകി.

സൈദ് (റ) പറയുന്നു: നബിയുടെ കാലത്തു ഓതിയിരുന്ന ഒരു ആയത്ത് ഞങ്ങളുടെ ശേഖരത്തിൽ കണ്ടില്ല. അഹ്സാബു സൂറത്തിലെ ആയത്താണത്. ഞങ്ങൾ കോപ്പിയെടുക്കുമ്പോൾ അതെങ്ങും കണ്ടില്ല. നബി അതോതുന്നതു ഞാൻ കേട്ടിട്ടുമുണ്ട്. [ഹഫ്സായുടെ മുസ്ഹഫിൽ അതുണ്ടായിരുന്നില്ല]. പിന്നെ ഞങ്ങൾക്കതു കിട്ടി. അൻസാരിയായ ഖുസൈമയുടെ പക്കൽനിന്ന് അതു ഇതാണ്: —

സത്യവിശ്വാസികളിൽ പൗരുഷ ശാലികളുണ്ട് അല്ലാഹുവുമായുള്ള കരാർ നിറവേററിയവർ.

ഞങ്ങളിതു 'അഹ്സാബ്' സൂറത്തിൽ ചേർത്തു. ഹിജ്റ ഇരുപത്തഞ്ചാം കൊല്ലത്തിലാണിതെന്നും, ഹിജ്റ മുപ്പതിലാണെന്ന ചിലരുടെവാദം അബദ്ധമാണെന്നും ഇമാം ഇബ്നുഹജർ (റ) പറയുന്നു.

(ഇത്ഖാൻ — 1/79)

ഇബ്നു അശ്ത റിപ്പോർട്ടുചെയ്യുന്നു: അനസിബ്നുമാലിക് പറഞ്ഞു: 'ഉസ്മാന്റെ കാലത്തു ഖുർആനെക്കുറിച്ച് ഭിന്നിപ്പു വന്നു. ഒടുവിൽ അധ്യാപകരും കുട്ടികളും തമ്മിൽ പടതുടങ്ങി. ഇതു ഉസ്മാനറിഞ്ഞു. നിങ്ങളൊക്കെ ഞാനുമായി ഇത്ര അടുത്തായിട്ടും ഇങ്ങനെ ഭിന്നിക്കുന്നുവെങ്കിൽ പിന്നെ അകലെയുള്ളവരുടെ സ്ഥിതിയെന്താകും? നബിയുടെ സമുദായക്കാരേ നിങ്ങൾ സമ്മേളിച്ച് സമുദായത്തിന്നു ഒരു മാതൃകാഗ്രന്ഥത്തിന്റെ പകർപ്പുണ്ടാക്കുവിൻ.' അങ്ങനെ അവർ സമ്മേളിച്ചു മുസ്ഹഫെഴുതിത്തയ്യാറാക്കി. ഏതെങ്കിലും സൂക്തത്തെക്കുറിച്ചു തർക്കമുണ്ടാകുമ്പോൾ അവർ പ

റയും — 'ഇതു നബിതിരുമേനി ഇന്ന ആൾക്കു ഓതി
ക്കൊടുത്ത സൂക്തമാണ്.' അപ്പോൾ അയാളെ ആളയ
ച്ചുവരുത്തും. എന്നിട്ടു ചോദിക്കും — 'ഈ സൂക്തം നബി
തിരുമേനി താങ്കൾക്കെങ്ങനെയാണ് ഓതിത്തന്നത്?'
അയാൾ പറയും — ഇന്ന രൂപത്തിൽ. ഉടനെ അതു രേ
ഖപ്പെടുത്തുകയും ചെയ്യും. ഇതിന്നായി പ്രത്യേക സ്ഥ
ലവും നീക്കിവെച്ചിരുന്നു.

ഇബ്നുഅബീദാവൂദ് (റ) കസീറിൽ നിന്നുദ്ധരി
ക്കുന്നു. അദ്ദേഹം പറഞ്ഞു:— മുസ്ഹഫ് പകർത്തെ
ടുക്കാൻ ഉസ്മാൻ തുനിഞ്ഞപ്പോൾ ഖുറൈശികളും,
അൻസാരികളുമായ പന്ത്രണ്ടുപേരുടെ ഒരു കമ്മററി രൂ
പീകരിച്ചു. അവർ, ഉമറിന്റെ വീട്ടിൽ സൂക്ഷിച്ച മു
സ്ഹഫിന്നുവേണ്ടി ആളയച്ചു, അതു കിട്ടി. ഉസ്മാൻ
(റ) അവർക്കു ചില നിർദ്ദേശങ്ങൾ കൊടുത്തിരുന്നു.
അതനുസരിച്ച് ഏതെങ്കിലും സൂക്തത്തെപ്പററി എന്തെ
ങ്കിലും തർക്കമുണ്ടായാൽ അവരതു മാററിവെച്ചുകൊണ്ടി
രുന്നു. റിപ്പോർട്ടർ പറയുന്നു — ഞാൻ കരുതുന്നതു അ
വരതു മാററിവെച്ചിരുന്നതു നബിയുടെ ജീവിതത്തിലെ
അവസാന വർഷത്തിൽ അതു കേട്ടവരുടെ അഭിപ്രായ
മാരാഞ്ഞ ശേഷം അതനുസരിച്ച് രേഖപ്പെടുത്താമെന്നു
കരുതിയിട്ടാവാമെന്നാണ്.

ഇബ്നു അബീദാവൂദ് (റ) സുവൈദിൽനിന്നു റി
പ്പോർട്ടു ചെയ്യുന്നു: അലി (റ) പറഞ്ഞു: ഉസ്മാനെക്കു
റിച്ചു നിങ്ങൾ നല്ലതേ പറയാവൂ. മുസ്ഹഫിൽ അദ്ദേ
ഹം ചെയ്തതൊക്കെ ഞങ്ങളോടുകൂടിയാലോചിച്ചു കൊ
ണ്ടുമാത്രമാണ്. ഇതിന്നല്ലാഹു സാക്ഷി. ഞങ്ങളോട
ദ്ദേഹം ചോദിച്ചു: എന്താണ് നിങ്ങളുടെ അഭിപ്രായം—

ചിലർ പറയുന്നുണ്ടെന്നു ഞാൻ കേട്ടു — 'ഞങ്ങളുടെ ഓ
ത്താണ് നിങ്ങളുടെ ഓത്തിനേക്കാൾ മെച്ചമെന്ന്. ഇതു
കുഫ്റിന്റെ വക്കോളമെത്തുന്ന വാക്കുകളാണ്,' ഞ
ങ്ങൾ ചോദിച്ചു:— 'എന്തു ചെയ്യാനാണു താങ്കളുദ്ദേശി
ക്കുന്നത്?' അദ്ദേഹം പറഞ്ഞു:— ജനങ്ങൾക്കെല്ലാം കൂ
ടി ഒരേ പകർപ്പു മതിയെന്നു തീരുമാനിക്കാം, പിന്നെ
ഭിന്നിപ്പും തർക്കവുമുണ്ടാവില്ല.' ഞങ്ങൾ പറഞ്ഞു:—
'അങ്ങയുടെ അഭിപ്രായം നന്ന്.' [അങ്ങനെയാണ് ഉ
സ്മാൻ (റ) ഒരേ മുസ്ഹഫിന്റെ പകർപ്പേ ഉപയോ
ഗിക്കാവൂ എന്നു നിയമം കൊണ്ടുവന്നത്. തന്മൂലം അ
തിന്നു 'ഉസ്മാനിയാ' മുസ്ഹഫെന്ന പേരും വീണു.]

അബൂബക്കർ സിദ്ദീഖിന്റെ ക്രോഡീകരണവും,
ഉസ്മാന്റേതും തമ്മിലുള്ള വ്യത്യാസമെന്ത്? അതു വ
ളരെ വ്യക്തം. സിദ്ദീഖ് ഖുർആൻ ക്രോഡീകരിച്ചത്
അതു ഹൃദിസ്ഥമാക്കിയവരുടെ മരണത്താലും മററും ഖുർ
ആന്റെ ഏതെങ്കിലും സൂക്തങ്ങൾ നഷ്ടപ്പെടുമെന്ന ഭയം
കൊണ്ടാണ്. കാരണം അതൊരിടത്തല്ല, ചിന്നിച്ചി
തറിയാണ് കിടന്നിരുന്നത്. അതൊക്കെ പെറുക്കിക്കൂ
ട്ടി അടുക്കിവെക്കുകയാണ് സിദ്ദീഖ് ചെയ്തത്. സൂറത്തു
കളുടെ ആയത്തുകളിലെല്ലാം നബിതിരുമേനിയുടെ ക്ര
മീകരണമനുസരിച്ചാണ് സിദ്ദീഖതു ഒരുമിച്ചുകൂട്ടിയത്.
ഉസ്മാന്റെ ക്രോഡീകരണമാകട്ടെ, അതല്ല, ഓത്തി
ലെ ശൈലികളിലുള്ള ഭിന്നിപ്പുകൾ വർദ്ധിച്ചപ്പോൾ,
ഓരോരുത്തരും തങ്ങളുടെ പ്രാദേശികശൈലികളിൽ
ഓതാൻ തുടങ്ങി. ഓരോരുത്തർക്കും അവരവരുടെ പ്രാ
ദേശിക ശൈലിയിലേക്കു ഖുർആൻ പാരായണം മാ
റ്റിയെടുക്കാനാഗ്രഹമുണ്ടായിത്തുടങ്ങി. അതൊരന്തസ്സാ
ണല്ലോ. അറബി ഭാഷാ ശൈലികളാണെങ്കിൽ വള

രെ വിശാലമാണുതാനും. ഒടുവിൽ ഈ പ്രവണതയിൽ അന്യോന്യം വിമർശിക്കാനും, തെറ്റുപിടിക്കാനും ആരംഭിച്ചു. ഇതു ഉസ്മാനെ പരിഭ്രാന്തനാക്കി. അദ്ദേഹം തന്റെ മുസ്ഹഫിലെ ശൈലിയല്ലാത്തതൊക്കെ നിരോധിച്ചു. സൂറത്തുകളൊക്കെ ക്രമീകരിച്ചുകൊണ്ടായിരുന്നു ക്രോഡീകരണം. ഖുറൈശികളുടെ ശൈലിമാത്രം സ്വീകരിച്ചു മററു ശൈലികളെല്ലാം തള്ളിക്കളഞ്ഞു. കാരണം, ഖുർആൻ അവതരിച്ചതു ഖുറൈശീ ശൈലിയിലാണ്, മുമ്പ് ഖുറൈശികളുടേതല്ലാത്ത ശൈലികളിലും ഓതാൻ അനുവദിച്ചിരുന്നു. തുടക്കത്തിലെ ബുദ്ധിമുട്ടുകൾ പരിഗണിച്ചുകൊണ്ടായിരുന്നു അതു്. ഉസ്മാന്റെ കാലമാകുമ്പോഴേക്ക് ഈ ബുദ്ധിമുട്ടുകളൊക്കെ അപ്രത്യക്ഷമായിരുന്നു. തന്മൂലം ആ ഇളവു നീക്കം ചെയ്തു. [ഇത്ഖാൻ – 1/80] (ഉദാഹരണം — ഒരു മലയാള കവിതയുടെ ഒരു ഈരടി എടുത്തു പരിശോധിച്ചു നോക്കൂ കേരളത്തിന്റെ വടക്കും, തെക്കുമുള്ളവർക്കെല്ലാം ആ ഈരടി തങ്ങളുടേതായ ശൈലിയിൽ വായിക്കലായിരിക്കുമല്ലോ. തന്മൂലം ഒരു കവി രണ്ടു ശൈലിയിലും അതെഴുതിക്കൊടുത്തു. അല്ലെങ്കിൽ പലശൈലികളിൽ, കൊല്ലങ്ങൾ കഴിയുമ്പോൾ എല്ലാശൈലിക്കാരും ആ കവിതയുമായി ഇഴകിച്ചേരുന്നു. പിന്നെ പ്രസ്തുത കവി അതു ശുദ്ധമായ ഒരേ ഒരു ശൈലിയിൽ മാത്രം പ്രസിദ്ധീകരിച്ചു. അതുപോലെയാണിതും)

ഇമാം ഖാളീഅബൂബക്കർ (റ) തന്റെ 'ഇന്തിസാർ'ൽ പറയുന്നു: സിദ്ദീഖു ചെയ്തപോലെ ഖുർആൻ രണ്ടു ചട്ടക്കള്ളിൽ ഒന്നിച്ചു ചേർക്കേണ്ട ഉത്തരവാദിത്തമല്ല ഉസ്മാനുണ്ടായിരുന്നത്. തന്റെചുമതല നബിയിൽ നിന്നുകിട്ടിയ ശൈലിമാത്രം ഖുർആനിൽ സ്വീകരി

ച്ചു് മററുള്ള ശൈലികളെല്ലാം പുറന്തള്ളലായിരുന്നു. ഒന്നും ക്രമംവിട്ടു മുന്തുകയോ, പിന്തുകയോ ചെയ്യാത്തതു ദുർബ്ബലപ്പെട്ട ആയത്തുകളകപ്പെടാത്തതുമായ ഒരു മുസ്ഹഫാണദ്ദേഹം എഴുതിച്ചത്.'

ഹാരിസുൽ മുഹാസബി (റ) പറയുന്നു: ജനങ്ങൾ പറയാറ് മുസ്ഹഫു ക്രോഡീകരിച്ചതു ഉസ്മാനാണെന്നാണ്. സംഗതി അങ്ങനെയല്ല. ഉസ്മാൻ ചെയ്തത് ഖുർആൻ ഒരേ ശൈലിയിൽ മാത്രമോതാൻ ജനങ്ങളെ പ്രേരിപ്പിക്കുകയാണ്. അദ്ദേഹവും തന്റെ കൂടെയുണ്ടായിരുന്ന മുഹാജിറുകളും, അൻസാറുകളുംകൂടിയാലോചിച്ചു ചെയ്തതാണിത്. ഇറാഖുകാർക്കും, ശാമുകാർക്കുമിടയിൽ ഓത്തിന്റെ ശൈലികളിൽ ഭിന്നിപ്പുണ്ടായപ്പോഴാണിത്. എന്നാൽ ഈ ക്രോഡീകരണത്തിനു മുമ്പാകട്ടെ, ഖുർആൻ ഏഴു ശൈലികളിൽ ഓതിയിരുന്നു. ഏഴു ശൈലികളിൽ അതവതരിച്ചിട്ടുമുണ്ട്. ആദ്യമിതു ക്രോഡീകരിച്ചതു സിദ്ദീഖാണ്. അലി (റ) ഒരിക്കൽ പറഞ്ഞു: 'ഞാൻ അധികാരത്തിലാണെങ്കിൽ മുസ്ഹഫിന്റെ കാര്യത്തിൽ ഉസ്മാൻ (റ) ചെയ്തതു തന്നെയാണ് ഞാനും ചെയ്യുക. (ഇത്ഖാൻ—I/80)

നാടിന്റെ നാനാഭാഗങ്ങളിലേക്കും ഉസ്മാൻ അയച്ചുകൊടുത്ത മുസ്ഹഫുകളുടെ എണ്ണത്തിൽ ഭിന്നാഭിപ്രായമുണ്ട്. അഞ്ചെണ്ണമാണെന്നാണ് പ്രബലപക്ഷം. ഹംസത്തുസ്സയ്യാത്തു പറയുന്നതുനാലാണെന്നാണ്. ഏഴെണ്ണമെന്നു അബൂഹാതമും പറഞ്ഞിട്ടുണ്ട്. മക്ക, സിറിയ, യമൻ, ബഹ്റൈൻ, ബസ്വറ, കൂഫ എന്നിവിടങ്ങളിലേക്കു ആറെണ്ണം അയച്ചു. ബാക്കി ഒന്നു മദീനയിലുംവെച്ചുവെന്നാണദ്ദേഹം പറഞ്ഞത്.

'ബറാഅത്തി'ലെ ബിസ്മിയെവിടെ?

അഹ്മദ്, അബൂദാവൂദ്, തുർമുദി, നസായി, ഇബ്നുഹിബ്ബാൻ, ഹാക്കിം എന്നിവർ ഇബ്നുഅബ്ബാസിൽ നിന്നു റിപ്പോർട്ടുചെയ്യുന്നു — ഇബ്നു അബ്ബാസ് (റ) പറയുന്നു: ഞാൻ ഉസ്മാനോടു ചോദിച്ചു: ഏററവും നീണ്ട ഏഴ് സൂറത്തുകൾക്കിടയിൽ 'അൻഫാലും', 'ബറാഅത്തും' നിങ്ങൾ കൊണ്ടുവെച്ചു. അവ രണ്ടുമാണെങ്കിൽ താരതമ്യേന നീളം കുറഞ്ഞതാണ്താനും. മാത്രം അവ രണ്ടിന്നുമിടയിൽ വേർതിരിക്കാൻ നിങ്ങൾ ബിസ്മി എഴുതിയതുമില്ല. എന്താണിതിന്നു കാരണം? ഉസ്മാൻ പറഞ്ഞു: — നബിക്ക് ഒന്നിലധികം സൂറത്തുകൾ അവതരിക്കാറുണ്ട്. എന്നിട്ട് അവയിലേക്കുള്ള ആയത്തുകൾ പലഘട്ടങ്ങളിലായി ഇറങ്ങുമ്പോൾ എഴുത്തുകാരിൽ ചിലരെ വിളിച്ചരുളും: ഇതു ഇന്ന വിഷയം പറയുന്ന അധ്യായത്തിൽ ഇന്നസ്ഥലത്തു ചേർക്കുക'. 'അൻഫാൽ' ഇറങ്ങിയതു മദീനാ ജീവിതത്തിന്റെ ആദ്യഘട്ടങ്ങളിലാണ്. 'ബറാഅത്താ'കട്ടെ ഖുർആനിൽനിന്നു ഒടുവിൽ ഇറങ്ങിയ അധ്യായമാണ്. രണ്ടു സൂറത്തിലെ വിഷയങ്ങളും തുല്യതയുള്ളതാണ്. തന്മൂലം ഞാൻ കരുതി രണ്ടുംകൂടി ഒരധ്യായമാണെന്ന്. നബിതിരുമേനി അന്തരിക്കുമ്പോൾ അതിനെക്കുറിച്ചു വിശദീകരിച്ചുതന്നിട്ടുമില്ല. തന്മൂലം ഞാനതു രണ്ടും അടുത്തടുത്തു ചേർത്തു. രണ്ടിന്നുമിടയിൽ 'ബിസ്മി' എഴുതിയതുമില്ല. ഏററവും ദീർഘിച്ച അധ്യായങ്ങൾക്കിടയിൽ ചേർക്കുകയും ചെയ്തു. [രണ്ടുംകൂടിയാകുമ്പോൾ ദീർഘിച്ച അധ്യായങ്ങളിൽ പെടുമല്ലോ.]

സൂറത്തുകളുടെ ക്രോഡീകരണം

ഇബ്നുഅബീദാവൂദ് തന്റെ മസ്ഹാഹിഫിൽ റിപ്പോർട്ടു ചെയ്യുന്നു: അബ്ദുല്ലാഹിബ്നുസുബൈറിന്റെ പിതാവു പറഞ്ഞു:— 'ഇപ്പോൾ ബറാഅത്തുസൂറത്തിന്റെ അവസാനത്തിലുള്ള ''ലഖദു — ജാഅകും'' എന്നു തുടങ്ങുന്ന രണ്ടുആയത്തുകളുമായി വന്നതു ഹാരിസാണ്. ഞാനീ ആയത്തുകൾ രണ്ടും നബിയിൽനിന്നു കേട്ടുപഠിച്ചുവെന്നു സാക്ഷ്യം വഹിക്കുന്നുവെന്നദ്ദേഹം പറഞ്ഞു. ഉമർ (റ) പറഞ്ഞു: ഞാനും ഇതാ, സാക്ഷ്യം വഹിക്കുന്നു ഞാനുംകേട്ടു നബിയിൽനിന്നു ഇതുരണ്ടും. ഇതു മൂന്നു ആയത്തുകളാണെങ്കിൽ ഞാനിതുകൊണ്ടു ഒരു സൂറത്തുണ്ടാക്കുമായിരുന്നു. നിങ്ങൾ ഖുർആനിലെ ഏതെങ്കിലുമൊരധ്യായത്തിന്റെ അവസാനത്തിൽ ഈ ആയത്തുകൾ ചേർക്കുവിൻ.' അങ്ങനെയാണതുരണ്ടും 'ബറാഅത്തു' സൂറത്തിന്റെഅവസാനത്തിൽ ചേർത്തത്. (ഇത്ഖാൻ1/81)

ഇമാം ഇബ്നുഹജർ പറയുന്നു: ഇപ്പറഞ്ഞതിന്റെ ബാഹ്യവശം നോക്കുമ്പോൾ മനസ്സിലാകുന്നതു അവർ സൂറത്തുകൾക്ക് രൂപം നൽകുന്നതിൽ 'ഇജ്തിഹാദ്' ചെയ്തിരുന്നുവെന്നാണ്. എന്നാൽ മററു ഹദീസുകൾ പറയുന്നതു് ഇക്കാര്യത്തിൽ 'ഇജ്തിഹാദ്' ചെയ്യാതെ നബിയുടെ നിലപാടിനെ ആശ്രയിക്കുകമാത്രമാണ് ചെയ്തതെന്നാണ്.

സൂറത്തുകൾ ക്രമീകരിച്ചതിൽ അവർ ഇജ്തിഹാദു പയോഗിച്ചിരുന്നുവോ? അതോ, നബിയെ ആശ്രയി

ക്കുകമാത്രമാണോ ചെയ്തത്? ഇതിൽ അഭിപ്രായവ്യത്യാസമുണ്ട്. ഭൂരിപക്ഷം പറയുന്നത് ഇതിൽ 'ഇജ്തിഹാദ്' ഉണ്ടായിരുന്നു എന്നാണ്. ഇബ്നുഫാരിസ് പറയുന്നു: ഖുർആന്റെ ക്രോഡീകരണം രണ്ടു വിധത്തിലാണ്. 1- സൂറത്തുകളുടെ ക്രമീകരണം, ഉദാഹരണം, ഏററവും സുദീർഘമായ ഏഴധ്യായങ്ങൾ ആദ്യം ചേർത്തു, പിന്നെ അതിനോടടുത്ത നീളമുള്ളവ ചേർത്തു. ഇതു സ്വഹാബികളുടെ 'ഇജ്തിഹാദ്' പ്രകാരമാണ്. 2- ഓരോ സൂറത്തുകളിലെയും ആയത്തുകളുടെ ക്രമീകരണം. അതു നബിതിരുമേനിയെ അവലംബിച്ചുള്ളതു മാത്രമാണ്. നബിക്കാ ക്രമീകരണം കിട്ടിയതു അല്ലാഹുവിൽ നിന്നു ജിബ്രീൽ മുഖേനയുമത്രെ. സ്വഹാബികളുടെ അഭിപ്രായമനുസരിച്ച് സൂറത്തുകൾ ക്രമീകരിച്ചതുകൊണ്ടാണ് പ്രമുഖസ്വഹാബികളുടെ മുസ്ഹഫുകൾ തമ്മിൽ ഇക്കാര്യത്തിൽ വ്യത്യാസം വന്നത്. ചിലർ സൂറത്തുകളെ ക്രമീകരിച്ചതു അവതരണം പരിഗണിച്ചാണ്. അലി (റ)യുടെ മുസ്ഹഫങ്ങനെയാണ്. അതു തുടങ്ങുന്നത് അൽബഖറ കൊണ്ട് അല്ല, 'ഇഖ്റഉ ബിസ്മി' കൊണ്ടാണ്. പിന്നെ 'മുദ്ദസിർ', പിന്നെ, 'മുസ്സമ്മിൽ', തുടർന്നു 'തബ്ബത്', 'തക്വീർ' എന്നിങ്ങനെയാണതിലെ ക്രമം. അവതരിച്ച ക്രമമാണതിൽ പാലിച്ചിരിക്കുന്നത്. ഇബ്നുമസ്ഊദിന്റെ മുസ്ഹഫിൽ ആദ്യത്തെ അധ്യായം 'അൽബഖറ'യാണെങ്കിലും, പിന്നെ 'നിസാ' ആണ്. പിന്നെയാണ് 'ആലഇംറാ'ൻ. ഇങ്ങനെ കഠിനമായ വ്യത്യാസമുണ്ടതിൽ. ഉബയ്യിന്റെയും മററും മുസ്ഹഫും തഥൈവ. അധ്യായങ്ങളുടെ ക്രമത്തിൽ മാത്രമാണീ വൈവിധ്യം.

....

'ഥിവാൽ', 'മുഫസ്സൽ' ,'ഖിസ്വാർ'

ഖുർആനിലെ അധ്യായങ്ങളുടെ വലിപ്പം പരിഗണിച്ച് അവയ്ക്ക്, 'ഥിവാൽ', 'മുഫസ്സൽ', 'ഖിസ്വാർ', 'മിഈന', 'മസാനി' എന്നിങ്ങനെ ചില പേരുകൾ നൽകി വേർതിരിച്ചിട്ടുണ്ട്. ഖുർആനിലെ 'അൽബഖറ' തുടങ്ങിയ ഏററവും നീണ്ട ഏഴ അധ്യായങ്ങൾക്ക് പേർ 'ഥിവാൽ' (സുദീർഘം) എന്നാണ്. അതിൽ ആദ്യത്തേതു 'അൽബഖറ'യും ഒടുവിലത്തേത് 'ബറാഅത്തു'മാണ്. നീളത്തിൽ തൊട്ടടുത്തു നിൽക്കുന്ന സൂറത്തുകൾക്കു 'മിഈന' (നൂറു ആയത്തിലധികമുള്ളവ) എന്നുപേർ. ഇവയിലൊക്കെ നൂറിലധികം ആയത്തുകളുണ്ടാകും. നീളത്തിൽ തൊട്ടടുത്തു നിൽക്കുന്ന അധ്യായങ്ങൾക്കു 'മസാനി' എന്നുപേർ. രണ്ടാം സ്ഥാനത്തുള്ളത് എന്നർത്ഥം. നൂറായത്തുകളുള്ള അധ്യായങ്ങളുടെ രണ്ടാം സ്ഥാനത്താണിവ നീളത്തിന്റെ കാര്യത്തിൽ. നൂറിൽ താഴെ ആയത്തുകളാണിവയിലുണ്ടാവുക. നീളത്തിൽ തൊട്ടടുത്തു നിൽക്കുന്ന സൂറത്തുകൾക്കു പേർ 'മുഫസ്സൽ' (ഹ്രസ്വമായ അധ്യായങ്ങൾ) എന്നാണ. 'ഖാഫ്' സൂറത്തു മുതൽ 'അന്നാസ്' വരെയാണിതു. ഈ ഒടുവിലെ വിഭാഗമായ 'മുഫസ്വലി'നെ മൂന്നാക്കി വിഭജിച്ചിട്ടുണ്ട്. 1. താരതമ്യേന നീണ്ടത് (ഥിവാലുൽ-മുഫസ്വൽ) 2. ഔസാഥ് (നടുത്തരം). 3 ഖിസ്വാർ (ഏററവും ഹ്രസ്വം) ഒന്നാംവിഭാഗം 'ഖാഫ്', മുതൽ, 'അമ്മ'വരെയും, രണ്ടാംവിഭാഗം, അമ്മ മുതൽ 'ളുഹാ' വരെയും, മൂന്നാം വിഭാഗം, 'ളുഹാ' മുതൽ, 'അന്നാസ്' വരെയുമാണ്.

★

ഉബയ്യിന്റെ മുസ്ഹഫിലെ ക്രമം

ഇബ്നഅശ്ത (റ) തന്റെ മസ്വാഹിഫിൽ പറയുന്നു: ഉബയ്യ് (റ) തന്റെ മുസ്ഹഫിൽ സൂറത്തുകൾ ക്രമീകരിച്ചതിങ്ങനെയാണ്: –

1 ഫാതിഹ. 2 അൽബഖറ. 3 നിസാഉ. 4 ആലുഇംറാൻ. 5 അൻആം. 6 അഅ്റാഫ്. 7 മാഇദ. 8 യൂനുസ്. 9 അൻഫാൽ. 10 ബറാഅത്ത് 11 ഹൂദ്. 12 മർയം. 13 ശുഅറാ. 14 ഹജ്ജ്. 15 യൂസുഫ്. 16 അൽകഹ്ഫ്. 17 നഹ്ല് 18 അഹ്സാബ്. 19 ബനീഇസ്റായീൽ. 20 ഹാമീം കൊണ്ടാരംഭിക്കുന്ന സുമർ. ഉസ്മാനിയാ മുസ്ഹഫിൽ ഇവിടെ ഹാമീം ഇല്ല. 21 ത്വാഹാ. 22 അമ്പിയ. 23 നൂർ. 24 മുഉമിനൂൻ. 25 സബഉ. 26 അങ്കബൂത്ത്. 27. മുഉമിൻ. 28 റഅ്ദ്. 29 ഖസ്വസ്. 30 നംല്. 31 സ്വാഫാത്ത്. 32 സ്വാദ്. 33 യാസീൻ. 34 ഹിജ്ർ. 35 ഹാമീം, ഐൻ, സീൻ, ഖാഫ്. 36 റൂം. 37 ഹദീദ്. 38 ഫതഹ്. 39 ഖിതാൽ 40 ളിഹാർ. 41 തബാറ. 42 സജദ. 43 ഇന്നാ, അൻസൽനാ. 44 അഹ്ഖാഫ്. 45 ഖാഫ് 46 റഹ്മാൻ. 47 വാഖിഅ. 48 ജിന്ന്. 49 നജ്മ്. 50 വഅലസാഹൽ. 51 മുസമ്മിൽ. 52 മുദ്ദസിർ. 53 ഇഖ്തറബ. 54 ഹാമീം ദുഖാൻ. 55 ലുഖ്മാൻ. 56 ജാസിയ. 57 ത്വൂർ. 58 ദാരിയാത്ത് 59 നൂൻ. 60 ഹാഖ. 61 ഹശ്ർ. 62 മുംതഹിന. 63 മുർസലാത്ത്. 64 അമ്മ. 65 ലാ, ഉഖ്സിമു. 66 ഇദശ്ശംസു. 67 യാ അയ്യുഹന്നബിയ്യു. 68 നാസിആത്ത്. 69 തഗാബുൻ. 70 അബസ. 71 മുത്വഫ്ഫിഫീൻ

72 ഇൻശഖ്ഖത്ത്. 73 വത്തീനി. 74 സൈത്തുൻ. 75 ഇഖ്റഉബിസ്മി. 76 ഹുജറാത്ത്. 77 മുനാഫിഖൂൻ. 78 ജുമുഅ. 79 ലിമതുഹർരിമു. 80 ഫജ്ർ 81 ലാ, ഉഖ്സിമു. 82 വല്ലൈലി. 83 ഇൻഫത്വറത്ത്. 84 വശ്ശംസി. 85 വസ്സമാവത്ത്വാരിഖ്. 86 സബ്ബിഹിസ്മ 87 ഗാശിയഃ. 88 സ്വഫ്. 89 തഗാബുൻ. 90 അഹ്ലുകിതാബ് (ലം യകുൻ). 91 ളുഹാ. 92 അലംനശ്റഹ്. 93 ഖാരിഅഃ. 94 കൊസർ. 95 അസ്വർ. 96 ഖുൽഅ്. 97 ഹിഫ്ദ്. 98 വൈലുൻലികുല്ലി 99 ഇദാസുൽസിലത്ത് 100 ആദിയാത്ത്. 101 ഫീൽ. 102 ഈലാഫി. 103 അറൈത. 104 ഇന്നാഅഅ്ത്വൈനാ. 105 ഖദ്ർ. 106 കാഫിറൂൻ. 107 ഇദാജാഅ. 108 തബ്ബത്ത്. 109 ഇഖ്ലാസ്. 110 ഫലഖ്. 111 നാസ്.

ഇബ്നു മസ്ഊദിന്റെ മുസ്ഹഫ്

അബ്ദുല്ലാഹിബ്നു മസ്ഊദിന്റെ മുസ്ഹഫിൽ സൂറത്തുകളുടെ ക്രമം താഴെ പറയുംപ്രകാരമാണ്: –

1 അൽബഖറ. 2 നിസാഉ. 3 ആലുഇംറാൻ. 4 അഅ്റാഫ്. 5 അൻആം. 6 മാഇദ. 7 യൂനുസ് (ഇതെല്ലാം ത്വിവാൽ വിഭാഗത്തിലാണ് പെടുത്തിയത്) 8 ബറാഅത്ത്. 9 നഹ്ല്. 10 ഹൂദ്. 11 യൂനുസ്. 12 കഹ്ഫ്. 13 ബനൂഇസ്റായീൽ. 14 അമ്പിയ. 15 ത്വാഹാ. 16 മുഉമിനൂൻ. 17 ശുഅറാ. 18 സ്വാഫാത്ത് [ഇതൊക്കെ 'മിഈന'യിൽ പെ

ട്ടത്തിയിരിക്കുന്നു]. 19 അഹ്സാബ്. 20 ഹജ്ജ്.
21 ഖസ്വസ്. 22 ഥാസീം. 23 നംല്. 24 നൂർ.
25 അൻഫാൽ. 26 മർയം. 27 അങ്കബൂത്തു. 28
റൂം. 29 യാസീൻ. 30 ഫുർഖാൻ. 31 ഹിജ്ർ.
32 റഅ്ദ്. 33 സബഅ്. 34 മലായികത്തു 35
ഇബ്റാഹീം. 36 സ്വാദ്. 37 വസ്സ്വാഫ്ഫാത്തി. 38 ലുക്
മാൻ. 39 സുമർ [ഇതൊക്കെ 'മസാനി' യിൽ പെട്ട
ത്തിയിരിക്കുന്നു], 40 ഹാമീം. 41 അൽമുഉമിൻ. 42
സുഖ്റുഫ്. 43 സജദ. 44 ഹാമീം, ഐൻ, സീൻ,
ഖാഫ്. 45 അഹ്ഖാഫ്. 46 ജാസിയ. 47 ദുഖാൻ
48 മുംതഹിന 49 ഇന്നാഫതഹ്ന. 50 ഹശ്ർ.
51 തൻസീൽസജദ. 52 ഥലാഖ്. 53 നൂൻ 54
ഖലം. 55 ഹുജുറാത്തു്. 56 തബാ. 57 തഗാബുൻ
58 ഇദാജാഅകൽ. 59 ജുമുഅഃ. 60 സ്വഫ്. 61
ഖുൽ ഊഹിയ. 62 ഇന്നാഅർസൽന. 63 മുജാദല.
64 മുംതഹിന. 65 യാ, അയ്യുഹന്നബിയ്യു (ഇതൊക്കെ
'ഹാമീം' വിഭാഗത്തിലാണ് പെട്ടത്തിയിരിക്കുന്നത്.)
66 റഹ്മാൻ. 67 നജ്മ്. 68 ഥൂർ. 69. ദാരിയാത്തു
70 ഇഖ്തറബ. 71 വാഖിഅഃ. 72 നാസിആത്തു.
73 സഅലസായിൽ. 74 മുദ്ദസിർ. 75 മുസമ്മിൽ.
76 മുത്വഫ്ഫിഫീൻ. 77 അബസ. 78 ഹൽഅതാ.
79 വൽമുർസലാത്തി. 80 ഖിയമ. 81 അമ്മ: 82
ഇദശ്ശംസു. 83 ഇദസ്സമാഉൻ ഫത്വറത്തു. 84 വൽഗാ
ശിയ, 85 സബ്ബിഹ്. 86 വല്ലൈലി 87 വൽഫ
ജ്ർ. 88 ബുറൂജി. 89 ഇദസ്സമാഉൻ ശഖ്ഖത്ത്. 90
ഇഖ്റഉ. 91 വൽബലദി. 92 വള്ളുഹാ. 93 വ
ത്ത്വാരിഖ്. 94 വൽആദിയാത്തു. 95 അറഅയ്ത്ത.
96 ഖാരിഅഃ. 97 ലംയകുൻ, 98 വശ്ശംസി. 99

വത്തീനി. 100 വൈലുൻലികുല്ലി. 101 അലംതറ
കൈഫ. 102 ഈലാഫി. 103 അൽഹാകുമു. 104
ഇന്നാഅൻസൽനാഹു. 105 ഇദാ, സുൽസിലത്തു 106
വൽഅസ്രി. 107 ഇദാജാഅ. 108 കൗസർ. 109
കാഫിറൂന. 110 തബ്ബത്തു. 111 ഇഖ്ലാസ്. 112
അലംനശ്റഹ് [ഇതൊക്കെ 'മുഫസ്സ്വലി'ൽ പെട്ടത്തി
യിരിക്കുന്നു] ഈ മുസ്ഹഫിൽ 'ഫാതിഹ'യും, 'മുഅവ്വി
ദതൈനി'യും കുറവുണ്ട്. പക്ഷെ മൻസൂഖായ രണ്ടു
സൂറത്തുകൾ ഇതിൽ ചേർത്തിട്ടുമുണ്ട്.

സൂറത്തുൽ 'ഹഫ്ദ്', സൂറത്തുൽ 'ഖുൽഅ്' !

ചില സൂറത്തുകൾ ഈ മുസ്ഹഫിൽ കുറവുണ്ടെ
ങ്കിലും, മറ്റൊന്നിലും കാണാത്ത രണ്ടു സൂറത്തുകൾ ഇ
തിൽ അധികം കാണാം. 1– 'ഹഫ്ദി'ന്റെ സൂറത്തു
2– 'ഖുൽഇ' ന്റെ സൂറത്ത്. വേറെ ചിലരുടെ 'മു
സ്ഹഫു'കളിൽ 'മുഅവ്വിദതൈനി'ക്കു ശേഷം 'മുൻജി
ദതൈനി'യെന്ന പേരിൽ രണ്ടു സൂറത്തുകൾ അധികമു
ണ്ട്. ഇതൊക്കെ 'മൻസൂഖാ'യി ഗണിക്കണം. അതി
നെസ്സംബന്ധിച്ച് 'നസ്ഖി'ന്റെ അധ്യായത്തിൽ വി
ശദീകരണം വരുന്നുണ്ട്. ആകയാൽ ഇബ്നുമസ്ഊ
ദിന്റെ മുസ്ഹഫിൽ 112 സൂറത്തുകളേ ഉള്ളൂ. അതിൽ
ഫാതിഹായും, 'മുഅവ്വിദതൈനി'യും കുറവുണ്ട്. അതും
ചേർത്താൽ ആകെ സൂറത്തുകൾ 116 ആകും. രണ്ടെണ്ണം

അധികം. നേരത്തെപ്പറഞ്ഞ 'ഹഫ്ദ്' സൂറത്തും, 'ഖുൽഉ' സൂറത്തുമാണത്.

സ്വഹാബികളെ ഭയപ്പെടുത്തിയത് ഈ വൈവിധ്യങ്ങളും, ഖുർആൻ മനപ്പാഠമാക്കിയവരുടെ മരണവും, മററു ശൈലീവ്യത്യാസങ്ങളുമെല്ലാം കൂടിയുള്ള പ്രശ്നങ്ങളാണ്. അവരന്ന് ആധികാരികമായ ഒരു മുസ്ഹഫു തയ്യാറാക്കിയിരുന്നില്ലെങ്കിൽ എന്താകുമായിരുന്നു നമ്മുടെ സ്ഥിതി. ഇപ്പോഴത്തെ വെറും ശാഖാപരമായ തർക്കങ്ങൾതന്നെ നാടുകുട്ടിച്ചോറാക്കുന്നു. ഖുർആനിലും തർക്കംവന്നാൽ എന്താകും അവസ്ഥ. അല്ലാഹു നൽകിയ സുരക്ഷിതത്വ വാഗ്ദാനം അവൻ പാലിച്ചു. അതുകൊണ്ടു ചോരപ്പുഴ കുറെ ഒഴിവായികിട്ടി. ഇക്കാര്യത്തിൽ സിദ്ദീഖും, ഉസ്മാനും ചെയ്ത സേവനം നിസ്തുലം!

ഖുർആനിലാകെയുള്ള അധ്യായങ്ങൾ, സൂക്തങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ.

ആകെ 114 അധ്യായങ്ങളാണ് ഖുർആനിലുള്ളത് 'അൻഫാലും', 'ബറാഅത്തും' കൂടി ഒരധ്യായമായി എണ്ണുന്നവർ 113 ആണെന്നു കണക്കാക്കുന്നു. അബുശ്ശൈഖിന്റെ റിപ്പോർട്ടിൽ അസ്റഖ് പറയുന്നു– 'അൻഫാലും', 'ബറാഅത്തും', കൂടി ഒരധ്യായമാണ്. അബൂറജാഉ റിപ്പോർട്ടു ചെയ്യുന്നു – ഹസൻ (റ) നോടു ഞാൻ ചോദിച്ചു – 'അൻഫാലും', 'ബറാഅത്തും' ഒരു സൂറത്താണോ?' അദ്ദേഹം അരുളി: അല്ല, രണ്ടധ്യായമാണവ: ഇബ്നുഅശ്ത റിപ്പോർട്ടു ചെയ്യുന്നു: ഇബ്നു ലഹീയ പറഞ്ഞു -'ബറാഅത്തും', 'അൻഫാലിൽ' പെട്ടതാണെന്നവർ പറയുന്നു. അതുകൊണ്ടാണുപോലും 'ബറാഅത്തിൽ' ബിസ്മി എഴുതാതിരുന്നത്. രണ്ടററവും തമ്മിലുള്ള സാമ്യവും, ബിസ്മിയുടെ അഭാവവുമാണവ രണ്ടും ഒരു പോലെയാക്കിയത്. പക്ഷെ രണ്ടിന്നും നബി തിരുമേനി വെവ്വേറെ പേരിട്ടത് ഈ വാദത്തെ ഉടച്ചുകളയുന്നു. ഇഖ്നാഇന്റെ രചയിതാവ് പറയുന്നു: "ഇബ്നുമസ്ഊദിന്റെ മുസ്ഹഫിൽ 'ബറാഅത്തി'ന്ന് ബിസ്മിയുണ്ട്. പക്ഷെ അതു സ്വീകാര്യമല്ല."

ഇമാം ഖുറൈശി റിപ്പോർട്ടുചെയ്യുന്നു — 'ബറാഅത്തിൽ ബിസ്മിയില്ല. കാരണം ജിബ്രീൽ അതവതരിപ്പിച്ചിട്ടില്ല.' മുസ്തദ്റകിൽ പറയുന്നു — ഇബ്നുഅബ്ബാസ്, അലിയോടു ചോദിച്ചു — എന്താണ് ബറാഅത്തിൽ ബിസ്മി എഴുതാത്തത്?' അലിയരുളി:- "അഭയം നൽകലും, ഉത്തരവാദിത്തം ഒഴിവാക്കലുമാണ് അതിലെ ഉള്ളടക്കം. പോരാട്ടാനുള്ള ഉൽബോധനമാണത്."

"ബറാഅത്തി"ന്നു 'അൽബഖറ'യുടെ വലിപ്പം!

ഇമാം മാലിക് പറയുന്നു: 'ബറാഅത്തു' സൂറത്തിന്നു 'അൽബഖറ' സൂറയുടെ വലിപ്പമുണ്ടായിരുന്നു ആദ്യ

ത്തിൽ. പിന്നെ കുറെ ദുർബ്ബലപ്പെട്ടത്തിക്കളഞ്ഞു. ആദ്യത്തിൽ നിന്നുപോയ സൂക്തങ്ങളോടൊപ്പം ബിസ്മിയും പോയി. അതാണിതിൽ ബിസ്മിയില്ലാതാവാൻ കാരണം.''. (ഇത്ഖാൻ — 1/86)

ഇബ്നുമസ്ഊദിൻെറ മുസ്ഹഫിലുള്ളതു 112 അധ്യായം മാത്രം. അതിൽ 'മുഅവ്വദത്തൈനി'–'നാസും'–'ഫലഖി'യും ഇല്ല. വേറെ രണ്ടെണ്ണമുണ്ടുതാനും. ഉബയ്യിൻെറ മുസ്ഹഫിലാകട്ടെ 116 അധ്യായങ്ങളുണ്ട്. കാരണം അതിൽ രണ്ടധ്യായം അധികം ചേർത്തിരിക്കുന്നു. 1- 'ഹിഖ്ദ്'' സൂറത്ത്. 2- 'ഖുൽഉ' സൂറത്ത്. ആകയാൽ ഇബ്നുമസ്ഊദിൻെറ മുസ്ഹഫിൽ ഫലത്തിൽ 114 സൂറത്താകും, കാരണം 112 അതിലുള്ളതും രണ്ടെണ്ണം ചേർക്കാൻ ബാക്കി നിൽക്കുന്നതും. അവ രണ്ടും ഖുർആനിൽ പെട്ടതല്ലെന്ന ഊഹാപോഹം നിമിത്തമാണത്രെ ഇബ്നുമസ്ഊദ് (റ) ഒഴിവാക്കിയതെന്നു പറയപ്പെടുന്നു. ഏതായാലും അവ മൂന്നും 'മൻസൂഖി'ൽ പെടുമെന്നു ആരും തന്നെ പറഞ്ഞിട്ടില്ല.

ഉബയ്യിൻെറ മുസ്ഹഫിൽ അധികം കാണുന്ന സൂറത്തുകളെപ്പററി അബൂഉബൈദ് (റ) ഇബ്നുസീരീനിൽ നിന്നുദ്ധരിക്കുന്നു: ''ഉബയ്യ് തൻെറ മുസ്ഹഫിൽ 'ഫാതിഹാ'ക്കും, മുഅവ്വദത്തൈനിക്കും പുറമെ **'ഹഫ്ദ്' 'ഖുൽഉ'** എന്നീ സൂറത്തുകളും. അതു രണ്ടും ഇബ്നുമസ്ഊദ് എഴുതിയില്ല. ഉസ്മാൻ (റ) അതിൽ നിന്നു ഫാതിഹയും, മുഅവ്വദത്തൈനിയും എഴുതിയെടുത്തു. അബ്ദുല്ലാസരീർ പറയുന്നു: എന്നോടു അബ്ദുൽമലിക്കിബ്നിമർവാൻ പറഞ്ഞു:— 'എനിക്കറിയാം, അലിയെ നീ ഇത്ര സ്നേഹിക്കാൻ കാരണമെന്തെന്ന്. നീ ഉള്ള പൊള്ളയായ ആദിവാസിയാണ്''

ഞാൻ മറുപടി നൽകി:— പടച്ചോനാണെ, നിൻെറ മാതാപിതാക്കൾ ഇണചേരുന്നതിന്നുമുമ്പ് ഖുർആൻ ക്രോഡീകരിച്ചവനാണ് ഞാൻ. അതിൽ രണ്ടു സൂറത്തു എനിക്കു കിട്ടിയതു അലി (റ) യിൽ നിന്നാണ്. നബി തിരുമേനി അദ്ദേഹത്തെപഠിപ്പിച്ച രണ്ടധ്യായങ്ങളാണവ. നീയോ, നിൻെറ മാതാപിതാക്കളോ അത് രണ്ടും പഠിച്ചിട്ടില്ല. അവയിൽ ഒന്ന് 'ഖുൽഉ' സൂറത്താണ്.

അതിൻെറ സാരം:— **''തമ്പുരാനേ, ഞങ്ങളിതാ നിന്നോടു മാപ്പും, ദയയും ചോദിക്കുന്നു നിന്നെ വാഴ്ത്തുകയും ചെയ്യുന്നു. നിന്നെ നിഷേധിക്കയില്ല ഞങ്ങൾ. നിന്നെ ധിക്കരിച്ചവരിൽ നിന്നു ഞങ്ങൾ അകന്നു ഒഴിഞ്ഞുമാറുന്നു.]**

'ഖുൽഉ' എന്ന പേരു ഇതിന്നു ലഭിച്ചത് ഇതിലുള്ള 'നഖ്ലഉ' എന്ന പദത്തിൽനിന്നാണ്.''

2_ 'ഹഫ്ദ് സൂറത്ത്'' :—

[സാരം:- **''തമ്പുരാനേ, ഞങ്ങളിതാ, നിന്നെ ആരാധിക്കുന്നു. നിനക്കു നിസ്കരിക്കുന്നു. സുജൂദു ചെയ്യുന്നു. നിന്നിലേക്ക് ഓടിവരികയും നിന്നെ അവലംബിക്കുകയും ചെയ്യുന്നു. നിൻെറ കാരുണ്യം ഞങ്ങളാഗ്രഹിക്കുന്നു, ശിക്ഷ ഭയക്കുന്നു. നിഷേധികൾക്ക് നിൻെറ ശിക്ഷ ബാധിക്കുകതന്നെ ചെയ്യും.'']**

ഇതിന്നു 'ഹഫദ്'' സൂറത്തു എന്ന പേരുണ്ടായതു, ഇതിലുള്ള 'നഹ്ഫദു' എന്ന പദത്തിൽ നിന്നാണ്. അ

ബ്ദുല്ലാഹിബ്നു ഉമൈർ പറയുന്നു:– "ഉമർഖത്താബ് (റ) ഖുനൂത്തു ഓതുമ്പോൾ ഇതു രണ്ടും ഓതാറുണ്ട്. ഇബ്നുജുറൈജ് പറയുന്നു:— "ബിസ്മിയോടു കൂടിയാണ് ഓതാറ്. ചില സ്വഹാബികളുടെ മുസ്ഹഫിൽ ഇതുരണ്ടും രണ്ടു സൂറത്തുകളാണ്." (ഇത്ഖാൻ – 1/87)

ഉബയ്യിന്റെ മുസ്ഹഫിൽ 116 സൂറത്തുണ്ടെങ്കിലും സൂറത്തുൽ ഫീലും, ഈലാഫിയും കൂടി ഒന്നാക്കിയാണെഴുതിയിട്ടുള്ളത്. അതിനാൽ എണ്ണത്തിൽ 115 എണ്ണമേ കാണുകയുള്ളൂ.

അദ്ധ്യായം 1 അദ്ധ്യായം 113, 114

'ഫാതിഹ'യും, 'മുഅവ്വിദതൈനി'യും ഖുർആനല്ലെന്നോ?

ഇമാം ഫഖ്റുദ്ദീൻറാസി (റ) പറയുന്നു: ചില പഴയ ഗ്രന്ഥങ്ങളിൽ കാണുന്നു — ഇബ്നുമസ്ഊദിന്റെ അഭിപ്രായത്തിൽ ഫാതിഹയും, 'മുഅവ്വിദതൈനി'യും ഖുർആനല്ല. തന്മൂലമാണദ്ദേഹം തന്റെ മുസ്ഹഫിൽ നിന്നു ഇതു മൂന്നും ഒഴിവാക്കിയത് എന്ന്. ഇതു വല്ലാത്ത പ്രയാസകരമായ അഭിപ്രായംതന്നെ. കാരണം സ്വഹാബികളുടെ കാലത്ത് ഇതു മൂന്നും എല്ലാവരും പരക്കെ ഖുർആനായി ഗണിച്ചിരുന്നുവെങ്കിൽ ഈ വാദം കുഫ്രിലെത്തിക്കും. മറിച്ച് അക്കാലത്ത് പരക്കെ അതു ഖുർആനായി അംഗീകരിച്ചിരുന്നില്ലെന്നു വന്നാൽ പിന്നെ ഖുർആൻ ഒരിക്കലും പരക്കെ അംഗീകരിക്കുകയുണ്ടായിട്ടില്ലെന്നു വന്നുകൂടും. നമ്മുടെ ഭാവനയിൽ കൂടു

തൽ മികച്ചുനിൽക്കുന്ന വസ്തുത ഇബ്നുമസ്ഊദിൽനിന്നുദ്ധരിച്ച ഈറിപ്പോർട്ട് അസാധുവാണെന്നുള്ളതാണ്. ഈ കുടുക്കിൽ നിന്നു അങ്ങനെ നമുക്കു രക്ഷപ്പെടാൻ കഴിയും." (ഇത്ഖാൻ – I/105) ഖാളീ അബൂബക്കർ പറയുന്നു: "ആ മൂന്നു സൂറത്തുകൾ ഖുർആനല്ലെന്നും, നബിയിൽ നിന്നു താനതു പഠിച്ചിട്ടില്ലെന്നും, ഇബ്നുമസ്ഊദു പറഞ്ഞതായുള്ള റിപ്പോർട്ടു അസാധുവാണ്. ഇബ്നുമസ്ഊദു തന്റെമുസ്ഹഫിൽനിന്നു ഈ മൂന്നു സൂറത്തുകളും ചുരണ്ടിക്കളഞ്ഞതു അതു ഖുർആനല്ലെന്ന വിശ്വാസം കൊണ്ടല്ല. അതു എഴുതിവെക്കേണ്ട ആവശ്യമില്ലെന്നു കരുതിയാണ്. കാരണം നബിതിരുമേനി കല്പിച്ചതല്ലാതെ സ്ഥിരപ്പെടുത്താതിരിക്കലായിരുന്നു തന്റെ പതിവ്. സ്ഥിരപ്പെടുത്താൻ കല്പന കിട്ടാത്തതുകൊണ്ടാണ് ചുരണ്ടിക്കളഞ്ഞത്. അതു മൂന്നും നബിയുടെ ഉത്തരവനുസരിച്ചാരും എഴുതിയതു താൻ കണ്ടില്ല. തിരുമേനി അതെഴുതാൻ കല്പിച്ചതായി താൻ കേട്ടതുമില്ല". ഇമാം ഇബ്നുഹസ്മു പറഞ്ഞത് ഇതു ഇബ്നുമസ്ഊദിന്റെ പിരടിയിൽ വെച്ചുകെട്ടിയനുണയാണെന്നാണ്. ഇമാം നവവി പറയുന്നു:— "പ്രസ്തുത മൂന്നു സൂറത്തുകൾ ഖുർആനല്ലെന്നു പറഞ്ഞവർ കാഫിറാകും." ഇബ്നുമസ്ഊദ് തന്നെ ഈ റിപ്പോർട്ടു നിഷേധിച്ചിട്ടുണ്ടെന്നു ഇമാം ഇബ്നുഹജർ ബുഖാരിയുടെ ശറഹിൽ പറയുന്നു. അബ്ദുറഹിമാനിൽ നിന്നുള്ള റിപ്പോർട്ടിൽ പറയുന്നു 'ഇബ്നുമസ്ഊദ്' തന്റെ മുസ്ഹഫിൽ നിന്നു 'മുഅവ്വിദതൈനി' ചുരണ്ടിക്കളഞ്ഞു. അതുരണ്ടും ഖുർആനിൽ പെട്ടതല്ലെന്നു പറയുകയും ചെയ്തു." മറ്റൊരു റിപ്പോർട്ടിൽ അദ്ദേഹം ഇത്രയുംകൂടി പറഞ്ഞു:– 'അതു രണ്ടും അല്ലാഹുവിനോടു അഭയം തേടാനുള്ളതാണെന്നു നബിതിരുമേനി കല്പിച്ചിട്ടുണ്ട്." അവ രണ്ടും ഇബ്നുമസ്ഊദു ഓതാറില്ല. (ഇത്ഖാൻ – 1/105)

ഇബ്നുഖുതൈബ തന്റെ 'മുശ്കിലുൽ ഖുർആനി'ൽ പറയുന്നു:- 'മുഅവ്വദതൈനി' ഖുർആനല്ലെന്നു ഇബ്നുമസ്ഊദ് ധരിച്ചു. കാരണം അതു രണ്ടുമുപയോഗിച്ചു നബിതിരുമേനി ഹസ്സനും, ഹുസൈനും വേണ്ടി പ്രാർത്ഥിക്കുന്നത് (മന്ത്രിക്കുന്നത്) അദ്ദേഹം കണ്ടു. അങ്ങനെ തന്റെ ധാരണയിൽ അദ്ദേഹം ഉറച്ചുനിന്നു. അദ്ദേഹത്തിന്റെ പക്ഷം ശരിയാണെന്നോ, മുഹാജിറുകളുടെയും, അൻസാറുകളുടെയും പക്ഷം തെറ്റാണെന്നോ നമുക്കഭിപ്രായമില്ല. എന്നാൽ തന്റെ മുസ്ഹഫിൽനിന്നു ഫാതിഹ ഒഴിവാക്കിയതു അതു ഖുർആനല്ലെന്നതാൻ ധരിച്ചതുകൊണ്ടല്ല അല്ലാഹുവിൽ അഭയം. ഖുർആൻ രണ്ടു ചട്ടകളുള്ളിൽ ഒതുക്കിയതു്, സംശയങ്ങളെയും, മറവിയെയും ഭയന്നു, കൂട്ടുകയോ, കുറക്കുകയോ ചെയ്യാതിരിക്കാനുമാണെന്നദ്ദേഹം മനസ്സിലാക്കി. എന്നാൽ ഫാതിഹയെപ്പററി ഇതൊന്നും പേടിക്കാനില്ലെന്നു തനിക്കു ബോധ്യമാവുകയും ചെയ്തു. കാരണം വളരെ ചെറുതും, ഹൃദിസ്ഥമാക്കൽ അനിവാര്യമായതുമാണതു്. അതുകൊണ്ടാണദ്ദേഹം ഫാതിഹ ഒഴിവാക്കിയതു്.''

6666 സൂക്തങ്ങളാണു ഖുർആനിലുള്ളതെന്നു പറയാറുണ്ടു്, ഇതു ഏകദേശമുള്ള കണക്കാണ്, കൃത്യമല്ല. ആറായിരത്തിലധികമുണ്ടെന്നു തീർച്ച. കൃത്യമായ എണ്ണത്തിൽ ഒരുപാടു ഭിന്നതകളുണ്ടു്. ഖുർആനിൽ ആകെ എത്ര വാക്കുകളുണ്ടു്? ഇതിലും ഭിന്നാഭിപ്രായങ്ങളുണ്ടു്. ഒരഭിപ്രായത്തിൽ എഴുപത്തേഴായിരത്തി, തൊള്ളായിരത്തി മുപ്പത്തിനാലു വാക്കുകളാണുള്ളത്. വിവിധ അഭിപ്രായങ്ങളുള്ളതു ഇവിടെ എടുത്തുദ്ധരിക്കുന്നില്ല. അതുകൊണ്ടൊരു പ്രയോജനവുമില്ലതാനും.

ഖുർആനിൽ ആകെ എത്ര അക്ഷരമുണ്ടു്? ത്വബ്റാനി (റ) ഉമറിൽ നിന്നു റിപ്പോർട്ടു ചെയ്യുന്നു: നബിയരുളി – ''ഖുർആനിലെ അക്ഷരങ്ങൾ ആകെ പത്തു ലക്ഷത്തി ഇരുപത്തിഏഴായിരമാണ്. വല്ലവരും കൂലിയിൽ വിശ്വസിച്ച് ക്ഷമയോടെ അതു പാരായണം ചെയ്താൽ ഓരോ അക്ഷരത്തിനും ഓരോ ഹൂറിയെ പ്രതിഫലം ലഭിക്കും.''

പക്ഷെ ഇപ്പോൾ ഖുർആനിൽ ഇത്രയും അക്ഷരങ്ങളില്ലെന്നും, മൻസൂഖായതുൾപ്പെടെയുള്ളതിന്റെ എണ്ണമാണിതെന്നും ഇമാം ദഹബി (റ) പറയുന്നു.

ഖുർആനിലെ അക്ഷരങ്ങൾ പകുതി അവസാനിക്കുന്നത്, അൽകഹ്ഫിലെ 'നുക്റൻ' എന്നപദത്തിലെ 'നു' എന്ന അക്ഷരത്തോടെയാണ്. ഖുർആനിലെ പദങ്ങൾ പകുതി അവസാനിക്കുന്നത്, ഹജ്ജു സൂറത്തിലെ 'വൽജുലൂദ്' എന്ന വാക്കോടുകൂടിയാണ്. ഖുർആനിലെ ആയത്തുകൾ പകുതിയവസാനിക്കുന്നത്,' ശുഅറാഇ'ലെ 'യഅ്ഫികൂന' എന്ന ശബ്ദത്തോടുകൂടിയാണ്. സൂറത്തുകൾ പകുതിയാകുന്നത് ഹദീദിന്റെ അവസാനത്തോടെയാണ്.' ചിലതിലൊക്കെ ഇവിടെ അഭിപ്രായവ്യത്യാസമുണ്ടു്.

'ഖാരിഉ'കളിൽ പ്രസിദ്ധർ

സ്വഹാബികളിൽ പ്രസിദ്ധരായ ഖാരിഉകൾ ഏഴ് പേരാണ്: 1 ഉസ്മാൻ. 2 അലി. 3 ഉബയ്യ്. 4

സൈദുബ്നിൻ സാബിത്ത്. 5 ഇബ്നുമസ്ഊദ്. 6 അബുദ്ദർദാ. 7 അബൂമൂസൽ അശ്അരി. ഇമാം ദഹബി തന്റെ ത്വബഖാത്തുൽ ഖുർറായിൽ പറഞ്ഞതാണിത്.

ഇവരുടെ പിൻതുടർച്ചക്കാരാണ് ലോക പ്രസിദ്ധരായ ഏഴ് ഖാരിഉകൾ. അവർ താഴെ പറയുന്നവരാണ്. 1 നാഫിഉ. ഇദ്ദേഹം എഴുപതു താബിഉകളിൽ നിന്നു ഖുർആൻ പഠിച്ചിട്ടുണ്ട്. ചില സ്വഹാബിമാരുമുണ്ട് തന്റെ ഗുരുവര്യന്മാരുടെ പട്ടികയിൽ. 2 അബൂഅംറ് (റ) ഇദ്ദേഹത്തിന്റെ ഗുരുവര്യന്മാരെല്ലാം താബിഉകളാണ്. 3 ഇബ്നുആമിർ. അബുദ്ദർദായുടെ ശിഷ്യനാണിദ്ദേഹം. ഉസ്മാന്റെ കൂട്ടുകാരും തന്റെ ഗുരുവര്യന്മാരിൽ പെടുന്നു. 4 ആസ്വിം. താബിഉകളാണ് തന്റെ ഗുരുവര്യന്മാർ. 5 ഹംസ. ആസ്വിമും അഅ്മശും മററും ഇദ്ദേഹത്തിന്റെ ഗുരുവര്യന്മാരിൽ പെടുന്നു. 6 കസായി. ഹംസയുടെ ശിഷ്യനാണിദ്ദേഹം. ഇവരിലൂടെ ഖുർആൻ ഭൂഖണ്ഡങ്ങളിലെല്ലാം ഒഴുകിയെത്തി. ഖാരിഉകളായ ഇമാമുകൾ ചരിത്രത്തിൽ അനവധിയുണ്ട്. അവരെപ്പററി അബൂഅബ്ദില്ലാഹിദ്ദഹബിയും, അബുൽഖൈറുൽ ജസ്‌രിയും മററും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

മററുവേദങ്ങളെ അപേക്ഷിച്ച് ഖുർആൻ ഹൃദ്യസ്ഥമാക്കാൻ വളരെ എളുപ്പമാണ്. ഖുർആൻ അവതരിച്ചതുമുതൽ ഇന്നോളം ലോകജനതയുടെ നല്ലൊരു ശതമാനം ഖുർആൻ ഹൃദിസ്ഥമാക്കുകയുണ്ടായി. ഇന്നും ലോകത്തു കോടിക്കണക്കിൽ മുസ്‌ലിംകൾ ഖുർആൻ മനപ്പാഠമുള്ളവരുണ്ട്. 'ഹാഫിള്'കൾ എന്ന പേരിൽ സ

മാദരണീയരാണവർ. ഇതിന്നുവേണ്ടിമാത്രം ആയിരക്കണക്കിൽ ധർമ്മസ്ഥാപനങ്ങൾ ലോകത്തു സ്ഥാപിതമായിരിക്കുന്നു.

★

'നാസിഖും', 'മൻസൂഖും'

നാസിഖ് എന്ന ശബ്ദത്തിന്നു മായ്ക്കുന്നതു എന്നും, മൻസൂഖിന്നു മായ്ക്കപ്പെട്ടതെന്നും അർത്ഥം. സാങ്കേതികമായി 'നാസിഖി'ന്നർത്ഥം ഖുർആനിൽനിന്ന് വല്ലതിനെയും ദുർബ്ബലപ്പെടുത്താനായി അവതരിച്ച ആയത്ത്, എന്നാണ്. ഏതിനെ ദുർബ്ബലപ്പെടുത്തുന്നുവോ, അതാണ് 'മൻസൂഖ്' ഇവിടെ ഒരു സംശയം_ഖുർആനിനെ അല്ലാഹു എന്നെന്നും സംരക്ഷിച്ചുനിർത്തും എന്നല്ലേ ഖുർആൻ തന്നെ പറഞ്ഞത്: –

''ഖുർആൻ നാം (അല്ലാഹു) അവതരിപ്പിച്ചു. നാം തന്നെ അതു സംരക്ഷിക്കും.''

അതെ. ഇക്കാര്യത്തിൽ സംശയമില്ല. ഖുർആൻ ഖിയാമംവരെ ഇവിടെയുണ്ടാകും. അതിൽ കൈകടത്താനോ, മാററം വരുത്താനോ, അതു ദുർബ്ബലപ്പെടുത്താനോ ആരാലുമാവില്ല. നബിതിരുമേനി വഫാത്താകുമ്പോൾ നമ്മെ ഏല്പിച്ചുപോയ ഖുർആനാണത്. നബിയുടെ കാലത്തു അതിൽ ചില ആയത്തുകൾ 'നസ്ഖ്' ചെയ്യൽ (ദുർബ്ബലപ്പെടുത്തൽ) ഉണ്ടായിട്ടുണ്ട്. ആ കാര്യം ഖുർആൻതന്നെ പറഞ്ഞിട്ടുമുണ്ട്.

“വല്ല ആയത്തും നാം ദുർബ്ബലപ്പെടുത്തുകയോ, മറപ്പിച്ചു കളയുകയോ ചെയ്യാനുദ്ദേശിച്ചാൽ അതിനേക്കാൾ ഉത്തമമായതോ, തത്തുല്യമായതോ നാം അവതരിപ്പിച്ചു തരും”

അതായത് പ്രാരംഭഘട്ടത്തിൽ അവതരിപ്പിച്ച സൂക്തങ്ങൾ ചില കാരണങ്ങളാൽ ചിലപ്പോൾ മാറേറണ്ടി വരും. അങ്ങനെ വേണ്ടിവരുമ്പോൾ അവയെ മാററാൻ ഉതകുന്ന ആയത്തുകൾ അവതരിപ്പിക്കുമെന്നർത്ഥം. ഇങ്ങനെ ‘നസ്ഖു’ ചെയ്യുന്നതു ചിലപ്പോൾ ആയത്തിലടങ്ങിയ വിധിനിയമങ്ങളും, അതിന്റെ പദങ്ങളും ഒന്നിച്ചാവാം. ചിലപ്പോൾ പദങ്ങൾമാത്രം ‘നസ്ഖ്’ ചെയ്ത് നിയമം നിലനിർത്തിയേക്കാം. മററു ചിലതിന്റെ നിയമം നിലനിർത്തി പദങ്ങൾമാത്രം നസ്ഖ് ചെയ്തേക്കാം. ഇതിനൊക്കെ ഉദാഹരണങ്ങൾ വരുന്നുണ്ട്. ‘ബറാഅത്തു’ സൂറത്തും, അഹ്സാബ്സൂറത്തും, ആദ്യം ‘അൽബഖറ’യോളം വലിപ്പമുണ്ടായിരുന്നു. രണ്ടും നാലിലൊന്നായി ചുരുങ്ങിയിട്ടുണ്ട് നസ്ഖിലൂടെ. ബറാഅത്തിൽ ബിസ്മിയില്ലാതാവാൻ കാരണംതന്നെ അതിന്റെ ആദ്യഭാഗം ഒന്നിച്ച നസ്ഖ് ചെയ്തപ്പോൾ ബിസ്മിയും പെട്ടുപോയതാണ്. ഇതിന്റെയൊക്കെ വിശദീകരണം വരുന്നുണ്ട്.

എന്നാൽ ഖുർആനിൽ ‘നസ്ഖേ’ ഇല്ല, അതിൽ ഒരക്ഷരവും ദുർബ്ബലപ്പെട്ടുത്തിയിട്ടുമില്ല എന്നും ചില ഇമാമുകൾ പറഞ്ഞു. വളരെ ന്യൂനപക്ഷമാണവർ. നമ്മുടെ ഉൽപ്പത്തിഷ്ണു മൗലവിമാർ ആ വാദമാണംഗീകരിച്ചത്. അവർ പറയുന്നത് ഖുർആനിൽ ‘നസ്ഖി’

നെപ്പററി പറഞ്ഞതു സൂചിപ്പിക്കുന്നതു പൂർവ്വവേദങ്ങൾ ദുർബ്ബലപ്പെട്ടുത്തിയതിനെപ്പററിയാണ്. ഖുർആൻ വന്നതോടെ, തൗറാത്തും, ഇഞ്ചീലും, സബൂറുമൊക്കെ ദുർബ്ബലപ്പെട്ടു. അതാണല്ലാഹു പറഞ്ഞത്- ‘നാം വല്ലസൂക്തവും ദുർബ്ബലപ്പെട്ടുത്താനുദ്ദേശിച്ചാൽ, അല്ലെങ്കിൽ മറപ്പിച്ചാൽ അതിലും ഉത്തമമായതോ, തത്തുല്യമായതോ അവതരിപ്പിച്ചു തരുമെന്ന്. ഇവിടെ ഇവരുടെ വാദത്തിന്നു വഴങ്ങിക്കൊടുക്കാത്ത ഒരു പദമുണ്ട്. ‘തത്തുല്യമായതോ’ എന്ന പദമാണത്. പൂർവ്വവേദങ്ങളും ഖുർആനും തുല്യമാകുന്നതെങ്ങനെ? പൂർവ്വവേദങ്ങൾക്ക് അമാനുഷികത (ഇഅ്ജാസ്)ഇല്ല. ഖുർആനിന്നു അതുണ്ടല്ലോ. മാത്രമല്ല ഈ സൂക്തത്തിലെ ഓരോ അക്ഷരവും വിളിച്ചു പറയുന്നുണ്ട് ആ വാദം പച്ച നുണയാണെന്ന്. ഖുർആനിൽ ‘നസ്ഖു’ണ്ടെന്നു വരുന്നതു ഖുർആന്നു പോരായ്മയാണത്രെ. അതു തീർക്കാനുള്ള അവരുടെ നിസ്സല സേവനമാണ് ഈ നുണ. ഖുർആനെ കുററമററതാക്കാൻ അല്ലാഹുവിന്നു ഇവരുടെ സഹായമാവശ്യമില്ല. ഖുർആനെ ഇവർ പിച്ചിച്ചീന്തിയാലും അല്ലാഹുവിന്റെ വചനത്തിന്നു ഒരു പോറലും ഏൽക്കുന്നതുമല്ല. പിന്നെന്തിനീ വളഞ്ഞുതിരിഞ്ഞു മൂക്കുപിടിക്കൽ. തുമ്പിയാൽ തെറിക്കുന്ന മൂക്കാണോ ഖുർആൻ? നാം ഉള്ളതു ഉള്ളപോലെ പറയുക എന്നതാണ് എന്നും, എപ്പോഴും ഖുർആന്റെ അന്തസ്സിന്നു ചേർന്നത്. ഒരു വ്യാജഗ്രന്ഥമാണെങ്കിലല്ലേ നുണകൾകൊണ്ടതിന്നു ചുററും വേലികെട്ടേണ്ടതുള്ളൂ. ആരെന്തു പറഞ്ഞാലും ഖുർആൻ അതിന്റെ തനതായ രൂപത്തിൽ ഇവിടെയുണ്ടാകും. അനേകം നൂററാണ്ടുകളെ അതു അതിജീവിച്ചതും അങ്ങനെത്തന്നെ. പിന്നെന്തിനീ ചായംപൂശൽ. സ്വന്തത്തിന്നു നിറം കൊടുക്കേണ്ട ഒരാവശ്യവുമില്ല. കൊ

ട്ടത്താൽ അതു മുക്കപണ്ടത്തിന്റെ പടവിലേക്കിറങ്ങി നിൽക്കുകയാണ് ചെയ്യുക. ആനക്കെന്തിനു കടമണി?

നസ്ഖ് എന്ന വിഷയത്തിൽ ധാരാളം പേർ ഗ്രന്ഥരചന നടത്തിയിട്ടുണ്ട്. അബൂഉബൈദിൽ ഖാസിമിബ്നിൻ സലാം (റ), അബൂദാവൂദസ്സജസ്താനി (റ) അബൂജഅ്ഫറുന്നഹാസ് (റ) ഇബ്നുൽഅമ്പാരി (റ) മക്കി (റ) ഇബ്നുഅറബി (റ) തുടങ്ങിയവർ അക്കൂട്ടത്തിൽ പെടുന്നു. നസ്ഖിന്റെ നാനാവശങ്ങളും ഇവർ വളരെ വിശദമായിത്തന്നെ പാനവിധേയമാക്കിയിട്ടുണ്ട്. ഖുർആൻ വ്യാഖ്യാനിക്കുന്നവർ 'നസ്ഖി'നെക്കുറിച്ചു പഠിക്കൽ അനിവാര്യമാണെന്നു ഇമാമുകൾ പറയുന്നു. ഖാളി (റ) യോട് ഒരിക്കൽ അലി (റ) ചോദിച്ചു: 'താങ്കൾ 'നസ്ഖി'നെക്കുറിച്ചു വിശദമായി പഠിച്ചിട്ടുണ്ടോ? ഇല്ലെന്നു മറുപടിയുണ്ടായപ്പോൾ അലിയരുളി— 'എങ്കിൽ താങ്കൾ നശിച്ചു. നശിപ്പിക്കുകയും ചെയ്തു.'

നമ്പി തിരുമേനി ഒരിക്കൽ ഖുറൈശികൾക്ക് ഖുർആൻ ഓതിക്കൊടുക്കുമ്പോൾ ഇങ്ങനെ ഓതി: —

''ലാത്ത'', ഉസ്സ'', മൂന്നാമനായ, 'മനാത്ത' എന്നിവയെയും മററും നിങ്ങൾ കണ്ടുവോ? അവ പരമോന്നതങ്ങളായ ഇരണ്ടപ്പക്ഷികളാണ്. അവയുടെ ശുപാർശ സ്വീകാര്യമെന്നു പ്രതീക്ഷിക്കാം'' 53:19,20

ഇതുകേട്ട വിഗ്രഹാരാധകർ തുള്ളിച്ചാടി. സത്യവിശ്വാസികളുടെ മുഖം മങ്ങി. വാസ്തവത്തിൽ ഈ സൂക്തങ്ങളിൽ അവസാനത്തെ രണ്ടെണ്ണം പിശാചു കടത്തിക്കൂട്ടിയതാണ്. തിരുമേനി അറിയാതെ വായിൽ

നിന്നുവീണു പോയതാണ്. വിശ്വാസികൾ അതോർമ്മിപ്പിച്ചപ്പോൾ തിരുമേനി തിരുത്തുകയും ചെയ്തു. പിശാചിന്റെ രണ്ടുവചനങ്ങളും റദ്ദാക്കി. ഇതിനു 'നസ്ഖെ'ന്നു പറയില്ല. കാരണം ഒരിക്കൽ സ്ഥിരപ്പെട്ടതിനെ ദുർബ്ബലപ്പെടുത്തലേ നസ്ഖാകൂ. ഇതു അങ്ങനെയല്ലല്ലോ. പിശാചു പറയിപ്പിച്ചതാണിത് അതെടുത്തു മാററുകയും ചെയ്തു. അതിനെക്കുറിച്ചു ഖുർആൻ പറഞ്ഞു:—

''നബിയുടെ ഭാവനയിൽ പിശാചു നിക്ഷേപിക്കുന്നതിനെ അല്ലാഹു മായ്ച്ചു കളയുന്നു''

''സകല പ്രവാചകൻമാരുടെ ഭാവനകളിലും പിശാചു, സ്ഖലിതങ്ങൾ നിക്ഷേപിച്ചിട്ടുണ്ട്.' — ഖുർആൻ. 22:52

ഇവിടെയും ചിലർക്കു മനം പിരട്ടലുണ്ടാകുന്നു. ഇതെങ്ങനെ? ഖുർആൻ പറഞ്ഞിട്ടില്ലേ:

അല്ലാഹുവിങ്കൽ നിന്നുലഭിക്കുന്ന വഹ്‌യനുസരിച്ചല്ലാതെ നബി തന്റെ തന്നിഷ്ടം സംസാരിക്കയില്ല' 53:3,4

പിന്നെങ്ങനെ പിശാചിന്റെ ചതിയിൽ കുടുങ്ങും. തന്നിഷ്ടമനുസരിച്ചു നബി തോന്നിയപോലെ പ്രസംഗിക്കില്ലെന്നു പറഞ്ഞാൽ അതിന്നർത്ഥം പിശാചിനു ഇക്കാര്യത്തിൽ ഒന്നും ചെയ്യാനാവില്ലെന്നല്ല. നബി സ്വന്തം അഭിപ്രായമല്ല പറയാറ്. വഹ്‌യാണ്. പക്ഷെ പിശാചു ചിലപ്പോൾ ഭാവന കലക്കാൻ നോക്കുമെന്നും, സകല പ്രവാചകന്മാർക്കും ഇതനുഭവപ്പെട്ടിട്ടുണ്ടെന്നും ഖുർആൻതന്നെ പറഞ്ഞതു നാം കണ്ടു. പക്ഷെ

ഒന്നുണ്ട്. ഭാവന കലക്കിയാൽ അല്ലാഹു അതു തിരുത്തും. തന്മൂലം വഹ്‌യിൽ മായം കലരില്ല. ഖുർആനിൽ പിശാചിൻേറതൊന്നും കടന്നുകൂടുകയുമില്ല. ഇതാണ് ഖുർആൻ പറഞ്ഞത്. നബിയുടെ ഭാവന കലക്കാൻ താൽക്കാലികമായി പിശാചിന്നാവുകയില്ലെന്ന വാദം ഖുർആൻെറ 'നസ്സി'ന്നെതിരാണ്. സകല നബിമാരുടെ ഭാവനയും പിശാചും കൈയേറിയിട്ടുണ്ടെന്നു ഖുർആൻ പറയുമ്പോൾ ഉൽപതിഷ്ണുക്കൾക്കു മനം പിരട്ടുന്നു. ഓക്കാനം വരുന്നു. അതിൽ കാര്യമില്ല. ഖുർആൻെറ 'നസ്സാ'ണത്.

അൽബഖറയിൽ ഒരായത്തുണ്ട്. 'ജനങ്ങളോടു നിങ്ങൾ നന്മയുപദേശിപ്പിൻ' എന്ന്. ഇത് 'മൻസൂഖാ'ണെന്നു ചിലർ പറയുന്നു. പക്ഷെ എതിർപക്ഷമാണ് പ്രബലം. യുദ്ധം ചെയ്യാൻ കൽപന വന്നതോടെ സദുപദേശത്തിന്നുള്ള കൽപന ദുർബ്ബലപ്പെട്ടുവെന്നു ഒരുപക്ഷം വാദിക്കുമ്പോൾ മറുപക്ഷം പറയുന്നു – 'അതു ക്രൂരതയാണ്. ഉപദേശിക്കാതെ, ആയുധംകൊണ്ടു മാത്രമുള്ള കളി ഇസ്‌ലാമികമല്ല. വാൾകൊണ്ടു മതം പ്രചരിപ്പിക്കൽ അനീതിയാണ്. കാരണം വിശ്വാസം ഉപദേശംകൊണ്ടേ ഉണ്ടാക്കാനാവൂ. വാളുകൊണ്ടു ശവങ്ങളെ കുന്നുകൂട്ടാനേ സാധിക്കൂ. ഇത്തരം അഭിപ്രായഭിന്നതകൾ, നസ്ഖിൻെറ കാര്യത്തിൽ ഒരു പാടുണ്ട്. തന്മൂലം ഖണ്ഡിതമായും 'മൻസൂഖാ'യ ആയത്തുകൾ താരതമ്യേന കുറവാണ്. അഭിപ്രായവിത്യാസമെല്ലാം കണക്കിലെടുത്താൽ ഖുർആനിൽ ഒരു വലിയഭാഗത്തോളം മൻസൂഖാണെന്നു വരും. അതു സ്വീകാര്യമല്ല.

വ്യഭിചാരികളെ തടവിലിടണമെന്ന ആയത്തിനെ ഹദ്ദിൻെറ ആയത്തു നസ്ഖ് ചെയ്തു. പത്തുതവണ

കുടിച്ചാലേ മുലകുടിബന്ധം സ്ഥാപിതമാകൂ എന്ന ആയത്തിനെ അഞ്ചുതവണ കുടിച്ചാൽ മതിയെന്ന ആയത്തുകൊണ്ടു നസ്ഖു ചെയ്തു. ഇതൊക്കെ പദങ്ങളും ആശയങ്ങളും നസ്ഖ് ചെയ്യപ്പെട്ട ആയത്തുകളാണ്. എന്നാൽ ആശയങ്ങൾ നസ്ഖ് ചെയ്തിട്ടും ആയത്തുകളുടെ പദങ്ങൾ ദുർബ്ബലപ്പെടാത്തവയുണ്ട്. ഉദാഹരണം 'കാഫിറൂന'സൂറത്ത്. അതിലെ ആയത്തുകളുടെ ആശയം മുഴവൻ ദുർബ്ബലപ്പെടുത്തിയിട്ടുണ്ട്: –

"നബിയേ, പറയുക–'നിഷേധികളെ നിങ്ങൾ പൂജിക്കുന്നവയെ ഞാൻ പൂജിക്കുകയോ, ഞങ്ങൾ പൂജിക്കുന്നവനെ നിങ്ങൾ പൂജിക്കുകയോ ചെയ്യുകയില്ല. നിങ്ങൾ ആരാധിക്കുന്നവയെ ഞാൻ ആരാധിക്കുകയോ, ഞാൻ ആരാധിക്കുന്നവനെ നിങ്ങൾ ആരാധിക്കുകയോ ചെയ്യുകയുമില്ല. നിങ്ങൾക്കു നിങ്ങളുടെ മതം. എനിക്കെൻെറ മതം." (കാഫിറൂന)

ഈ സൂറത്തു പ്രബോധനത്തിൻെറ തുടക്കത്തിൽ അവതരിച്ചതാണ്. സാഹചര്യം മാറിയപ്പോൾ ഇതിനെ ദുർബ്ബലപ്പെടുത്തിക്കൊണ്ടു താഴെ സൂക്തങ്ങളവതരിച്ചു: –

1– "വല്ലവനും ഇസ്‌ലാമതമല്ലാതെ മറ്റൊരു മതമവലംബിച്ചാൽ അത് അയാളിൽ നിന്നൊരിക്കലും സ്വീകാര്യമല്ലതന്നെ" 3:85

2– "നിങ്ങളോടു മുഴുവൻ അവർ പോരാടുന്ന പോലെ അവരോടും പോരാടുവിൻ സകല എണ്ണത്തോടും" 9:36

3– ശത്രുവിനെ കണ്ടെത്തിയാൽ വധിക്കാം." 4:89

തുടങ്ങിയ ആയത്തുകൾ അവതരിച്ചതു സാഹചര്യം മാറിവന്നപ്പോഴാണ് അതോടെ ആദ്യത്തെ നയം ദുർബ്ബലപ്പെട്ടു. സൂറത്തുൽ കാഫിറൂന മുഴവൻ നസ്ഖ് ചെയ്യപ്പെട്ടതിങ്ങനെയാണ്. പക്ഷെ ആ സൂറത്തു ഇന്നും 'മുസ്ഹഫി'ലുണ്ട്. കാരണം പദങ്ങൾ ദുർബ്ബലപ്പെട്ടില്ല. ശത്രുക്കൾ വാദിച്ച- ഉസ്മാന്റെ ക്രോഡീകരണത്തിൽവന്ന അബദ്ധങ്ങളിലൊന്നാണിതെന്ന്. തനി അജ്ഞതയാണത്. നാസിഖും, മൻസൂഖും അറിയാത്തവരാണ് സ്വഹാബികളെങ്കിൽ പിന്നെ അതറിയുന്നവർ ഈ പട്ട ജാഹിലുകളാണോ? അതു പോട്ടെ, അത്തരം അപശബ്ദങ്ങൾ അവഗണിക്കാം. ഈ വകപ്പിൽ മാത്രം ധാരാളം ഗ്രന്ഥങ്ങൾ വിരചിതമായിട്ടുണ്ട്. ഇത്തരം അപശബ്ദങ്ങൾക്ക് ചുട്ട മറുപടി അവ നൽകുന്നുമുണ്ട്.

ഈ വകപ്പിന്നു മറെറാരുദാഹരണം:

''നാം അവർക്കു നൽകിയധനം ധാരാളംദാനം ചെയ്യുന്നവരാണു സത്യവിശ്വാസികൾ''

എന്ന ആയത്തിനെ സക്കാത്തിന്റെ ആയത്തു 'നസ്ഖ്' ചെയ്തു. അതായതു സക്കാത്തിന്റെ ആയത്തിറങ്ങുംമുമ്പ് കഴിവിന്റെ പരമാവധി ദാനം ചെയ്യൽ നിർബ്ബന്ധമായിരുന്നു. സക്കാത്തു വന്നപ്പോൾ പിന്നെ കൂടുതൽ ദാനം ചെയ്യൽ സുന്നത്തായിമാറി. ഫർള് എന്ന നിയമം റദ്ദ് ചെയ്ത് സുന്നത്താക്കി. പക്ഷെ ആശയംമാത്രം റദ്ദു ചെയ്തിട്ടേ ഉള്ളു. അതും ഫർള എന്ന ആശയം. സുന്നത്തു എന്ന ആശയമാക്കി മാററിയതിനാൽ ആയത്തിന്റെ പദങ്ങൾ നസ്ഖ് ചെയ്തില്ല. അതു ഇന്നും അതേപടി, 'മുസ്ഹഫിൽ കാണാം. ഇതിന്നു നസ്ഖെന്നു പറയില്ലെന്നും പണ്ഡിതന്മാർ പ

യുന്നുണ്ട്. ഫർളായിരുന്ന 'സദഖ' സുന്നത്താക്കി മാററിയതിന്നു 'നസ്ഖെ'ന്നു പറഞ്ഞുകൂടെന്നവർ വാദിക്കുന്നു.

''നിങ്ങൾക്കു നാം പ്രദാനം ചെയ്തതിൽ നിന്നു ചെലവാക്കുവിൻ''

എന്ന ആയത്തും ഇതിൽ പെടുന്നു. അതുപോലെ

''അത്യുൽകൃഷ്ടനായ വിധികർത്താവാണല്ലോ അല്ലാഹു''

എന്ന ആയത്തും പദങ്ങൾ ദുർബ്ബലപ്പെടുത്താതെ ആശയം ദുർബ്ബലപ്പെടുത്തിയതാണ്. കാരണം, സത്യദീനിന്റെ ശത്രുക്കൾക്കെതിരെ അല്ലാഹ്ഹു വിധി പറഞ്ഞുകൊള്ളും നബിയേ, താങ്കൾ ആയുധമെടുക്കേണ്ടതില്ല എന്നാണീ സൂക്തത്തിന്റെ ആശയം. സാഹചര്യം അനുകൂലമല്ലാതിരുന്ന, പ്രബോധനത്തിന്റെ പ്രാരംഭ ദശയിലവതരിച്ചതാണിത്. സാഹചര്യം മാറിയപ്പോൾ പോരാടാനുള്ള ആയത്തിറങ്ങി. അതോടെ ഇതു ദുർബ്ബലപ്പെട്ടു. പക്ഷെ പദങ്ങൾ ദുർബലപ്പെടാതെ നിൽക്കുന്നു. ഇന്നും 'വത്തീനി'യിൽ ഈ ആയത്തു നാം ഓതാറുണ്ട്.

മറെറാരുദാഹരണം: —

''മുശ്‌രിക്കുകളായ വനിതകളെ നിങ്ങൾ വിവാഹം ചെയ്യരുത്-അവർ മുസ്‌ലിമാകുന്നതുവരെ''

എന്ന സൂക്തം ദുർബ്ബലപ്പെട്ടതാണെങ്കിലും ആയത്തിന്റെ പദങ്ങൾ ദുർബ്ബലപ്പെട്ടില്ല. ഇന്നും ഓതുന്നുണ്ട്.

"പൂർവ്വ വേദക്കാരികളായ പതിവ്രതകളെയും വിവാഹം ചെയ്യാം" 5:5 .

എന്ന ആയത്തവതരിച്ചപ്പോഴാണ് മറേറതു ദുർബ്ബലപ്പെട്ടത്. പൂർവ്വവേദക്കാരികളായ വനിതകളെ പില്ക്കാലത്തു ധാരാളം പേർ വിവാഹം ചെയ്യുകയുണ്ടായി. ഇന്നും അതു തുടരുന്നു. അവരിൽ ശിർക്ക അനിവാര്യമാണല്ലോ. കാരണം വിഗ്രഹാരാധന മാത്രമല്ല ശിർക്ക്. ക്രൈസ്തവരും ജൂതരുമെല്ലാം ബഹുദൈവ വിശ്വാസികളാണ്. പ്രത്യേകിച്ച് ക്രൈസ്തവർ ത്രിയേകത്വ സിദ്ധാന്തക്കാരാണ്. മൂന്നു ദൈവമുണ്ടവർക്ക്.

മറെറാരുദാഹരണം:—

"നോമ്പുനോൽക്കാൻ കഴിവുള്ളവർക്കും, മിസ്കീനുകൾക്കും ഭക്ഷണം (മുദ്ദ്) കൊടുത്തു വ്രതത്തിൽ നിന്നൊഴിവാകാം" 2:184

എന്ന ആയത്തിനെ താഴെ പറയുന്ന സൂക്തം കൊണ്ടു ദുർബ്ബലപ്പെടുത്തി: -

"റമളാനിൽ നാട്ടിലുള്ളവരൊക്കെ നോമ്പു നോററുകൊള്ളണം" – ഖുർആൻ. 2:185

ഇസ്ലാമിന്റെ പ്രാരംഭഘട്ടത്തിൽ നിയമം കർശനമാക്കാൻ പ്രയാസങ്ങളുണ്ടായിരുന്നു. അതിനാൽ റമളാനിൽ നോമ്പു നോൽക്കുകയോ, പകരം 'മുദ്ദ്' കൊടുക്കുകയോ ചെയ്താൽ മതിയെന്നു നിയമംവന്നു. പിന്നെ അതു റദ്ദാക്കി. ആരോഗ്യമുള്ളവർക്കാർക്കും നാട്ടിലാണെങ്കിൽ നോമ്പു മുറിച്ചുകൂടെന്നു നിയമമാക്കി. രോഗികൾക്കും, യാത്രക്കാർക്കും വേറെഇളവുകൾ അനുവദിച്ചു. പക്ഷെ ദുർബ്ബലപ്പെടുത്തിയത് ഈ ആയത്തിന്റെ ആശയങ്ങൾമാത്രം. പദങ്ങൾ ഇന്നും മുസ്ഹഫിൽ നാം ഓതുന്നുണ്ട്.

മറെറാരുദാഹരണം: പ്രാരംഭഘട്ടത്തിൽ റമളാനിൽ രാത്രി ഇശാ നിസ്കാരം കഴിഞ്ഞാൽ പിന്നെ ഇണചേരാൻ പാടില്ലെന്നായിരുന്നു നിയമം. ഖുർആൻ പറഞ്ഞു: --

"വിശ്വാസികളേ, നിങ്ങൾക്കു നാം നോമ്പു ഫർളാക്കി- പൂർവ്വവേദക്കാർക്കു ഫർളാക്കിയപോലെ." 2:183

പൂർവ്വ വേദക്കാർക്കു വ്രത നാളുകളിൽ രാത്രിയും ഇണ ചേർന്നുകൂടാ. അങ്ങനെയായിരുന്നു ആദ്യം നമുക്കും നിയമം. പക്ഷെ സ്വഹാബികളിൽ പലരും ഇതു പാലിക്കുന്നതിൽ പരാജിതരായി. റമളാനിൽ രാത്രി അവരിൽ പലരും ഇണ ചേർന്നു. ഉമർ ഫാറൂഖിന്നുപോലും അബദ്ധം പററി അദ്ദേഹം നബിയോടു പിറേറന്നു സങ്കടം പറഞ്ഞു: — 'ഈ നിയമം പാലിക്കാൻ കഴിയുന്നില്ല. മനുഷ്യനല്ലേ? എന്തു ചെയ്യും?' ഉടനെ ഈ ആയത്തു അവതരിച്ചു: -

'നോമ്പിന്റെ രാവുകളിൽ സ്ത്രീകളുമായിണചേരൽ നിങ്ങൾക്ക് ഹലാലാക്കിയിരിക്കുന്നു. അവർ നിങ്ങളുടെയും, നിങ്ങൾ അവരുടെയും വസ്ത്രമാണ്. നിങ്ങൾ തന്നത്താൻ വഞ്ചിച്ചിരുന്നതു അല്ലാഹു അറിഞ്ഞു. നിങ്ങൾക്ക് മാപ്പുതന്നിരിക്കുന്നു -ഖുർആൻ

ഇവിടെയാണ് ഇടമറുകെന്ന കുരുത്തംകെട്ടവൻ ചോദിച്ചത് – 'ഉമർ ഖത്താബ് തുറന്നു പറഞ്ഞതുകൊണ്ടല്ലേ ഇതല്ലാഹു അറിഞ്ഞത്.? എന്ന്. ജഹ്ലുമുറക്കബിനോടെന്തു പറയാൻ? നമുക്കതവഗണിക്കാം. ഇവിടെയും ആശയമേ ദുർബ്ബലപ്പെടുത്തിയുള്ളു. പദങ്ങളിന്നുമുണ്ട്.

മരണത്തിന്റെ ഇദ്ദകാലം ആദ്യം ഒരു കൊല്ലമായിരുന്നു.

2:240 **"നിങ്ങളിൽ നിന്നു മരിച്ചവർക്കു വേണ്ടി ഇദ്ദ ആചരിക്കണ"**മെന്നു തുടങ്ങുന്ന ആയത്തിലെ ഈ നിയമം പിന്നീട്

2:234 **നാലു മാസവും, പത്ത് ദിവസവും** മതി എന്ന ആയത്തിനാൽ ദുർബ്ബലമാക്കി. പക്ഷെ ആയത്തിന്റെ പദങ്ങൾ ദുർബ്ബലപ്പെടുത്തിയില്ല. അതുപോലെ മനസ്സിലെ ദുർവിചാരങ്ങൾക്കു ശിക്ഷയുണ്ടെന്നുള്ള

നിങ്ങൾ ഖൽബിലുള്ളതു വെളിവാക്കിയാലും മറച്ചുവെച്ചാലും അല്ലാഹു ചോദ്യം ചെയ്യും.

എന്ന ആയത്തു പിന്നീടു താഴെ ആയത്തുകൊണ്ടു ദുർബലപ്പെടുത്തി

അല്ലാഹു ഒരാളോടു അസാധ്യമായതു കൽപിക്കുകയില്ല. 2:286 (ഖുർആൻ)

തെറ്റു ചെയ്യാൻ വിചാരിച്ചതുകൊണ്ടു ശിക്ഷയില്ല. ചെയ്താൽ മാത്രം ശിക്ഷ. ഇവിടെയും ദുർബ്ബലപ്പെട്ടതു ആശയം മാത്രം. ആയത്തിന്റെ പദങ്ങൾ നിലവിലുണ്ട്.

ആദരണീയമാസങ്ങളിൽയുദ്ധം നിഷിദ്ധം.

എന്ന ആയത്തിനെ ഏതു കാലത്തും ആയുധമെടുക്കാനുള്ള ആയത്തു ദുർബ്ബലപ്പെടുത്തി. പക്ഷെ പദങ്ങൾ ഇന്നുമുണ്ട്. (ഇത്ഖാൻ-2/30)

'അഹ്സാബ്' സൂറത്തിലെ

നബിയേ ഇനി താങ്കൾക്ക് ഭാര്യമാരെ സ്വീകരിച്ചുകൂടാ 33:52

എന്ന ആയത്തിനെ

ഇനിയും സ്വീകരിക്കാമെന്ന ആയത്തുകൊണ്ടു ദുർബ്ബലപ്പെടുത്തി ഇനിയും വിവാഹമാകാം നബിക്കെന്നു നിയമം വന്നു. കരുത്തംകെട്ട ഇടമറുക ഇതിനെക്കുറിച്ചു പറഞ്ഞു – 'നബി തന്റെ വെള്ളാട്ടിയുമായി ഇണചേരുന്നതു ഭാര്യ കണ്ടപ്പോൾ അതാരോടും പറയാതിരിക്കാൻവേണ്ടിയാണ് ഇനി വിവാഹം കഴിച്ചുകൂടെന്ന ആയത്തിറങ്ങിയതെന്ന്. പിന്നെ ആ ഭൂകമ്പമടങ്ങിയപ്പോളാണത്രെ വീണ്ടും വിവാഹമാകാമെന്ന ആയത്തു വന്നത്. മഞ്ഞക്കണ്ണടയിലൂടെ നോക്കുമ്പോൾ ലോകമാകെ മഞ്ഞനിറമാവുക സ്വാഭാവികം, ഇതൊന്നും മറുപടിയർഹിക്കുന്നില്ല. ഇവിടെയും ആയത്തിന്റെ പദങ്ങൾ മാത്രമാണ് ദുർബ്ബലപ്പെടുത്തിയത്.

തിരുമേനി തന്റെ വെള്ളാട്ടിയായ മാരിയത്തുൽ ഖിബ്ത്വിയ്യയുമായി ഹഫ്സയുടെ കിടക്കയിൽ വെച്ചു ഇണ ചേർന്നതു നേരാണ്. അതിൽ തെറ്റൊന്നുമില്ല. കാരണം വെള്ളാട്ടികളുമായി ഇണചേരാം. അതു ഹഫ്സയുടെ വിരിപ്പിൽ വെച്ചായതാണ് ഹഫ്സയെ ചൊടിപ്പിച്ചത്. നബിയുടെ ഭാര്യയാണു ഹഫ്സ. അല്ലാതെ നബിയൊരു 'ഹറാം' ചെയ്തതുകൊണ്ടല്ല. ഹഫ്സ ക്ഷോഭിച്ചപ്പോൾ നബി സത്യം ചെയ്തു. ഇനി ഈ വെള്ളാട്ടി എനിക്കു ഹറാമാണെന്ന്. ഇതാരോടും പറയരുതെന്നും നബി ഹഫ്സയോടു പറഞ്ഞു. ഹഫ്സ ആ കല്പന ലംഘിച്ചു. അതു അങ്ങാടിപ്പാട്ടായി. അപ്പോൾ ഈ ആയത്തിറങ്ങി: –

'നബിയേ, താങ്കൾക്കല്ലാഹു ഹലാലാക്കി ത്തന്നതിനെ, ഭാര്യമാരുടെ തൃപ്തിക്കുവേണ്ടി എന്തിന്നു ഹറാമാക്കുന്നു.' 66:1 — ഖുർആൻ

ഇവിടെയാണ് മഞ്ഞക്കണ്ണടക്കാരൻ ചോദിച്ചത് 'നബിക്കു ചെയ്തുകൊടുക്കുന്ന ഈ സൗകര്യത്തിന്റെ ഒരു ശതമാനമെങ്കിലും നമുക്കെന്തേ അല്ലാഹു ചെയ്തുതരാഞ്ഞത്?' അജ്ഞരോടു മറുപടി പറയാനാണ് പ്രയാസം. കാരണം അറിവില്ലെന്നറിവില്ലാത്തവരാണവർ. അറിവുള്ളവർക്ക് പറഞ്ഞാൽ മനസ്സിലാകും. പോത്തിനോടെന്തു പറയാൻ?

ഇതുപോലെയുള്ള മറ്റൊന്നാണ് സമ്മാനകഥ. വിമർഷകർക്ക് കിട്ടിയ മറ്റൊരു വൈക്കോൽതുമ്പാണത്.

സംഭാഷണത്തിന്നു വരുമ്പോൾ സമ്മാനം നൽകണം_ 58:12

എന്നുതുടങ്ങുന്ന ആയത്തിലൂടെ ഒരു നിയമം വന്നു മേലിൽ നബിയെക്കണ്ടു സംസാരിക്കേണമെങ്കിൽ ഒരു പാരിതോഷികം കൊണ്ടുവരണം. ഇതു വിശ്വാസികളിലെ പാവപ്പെട്ടവർക്കു ഭാരമായിത്തീർന്നു. മാത്രമല്ല, മനസ്സിന്നു കഷ്ടം പിടിച്ച ശത്രുമുതലാളിമാർ കൈകൊട്ടിച്ചിരിച്ച് വിശ്വാസികളെ പരിഹസിക്കാനും, കുത്തുവാക്കുകളുപയോഗിക്കാനും തുടങ്ങി. വ്രണങ്ങളന്വേഷിച്ചു നടക്കുന്ന ഈച്ചകളായിരുന്നു അവർ. ഒടുവിൽ ഖുർആനിലെ മറ്റൊരായത്തവതരിപ്പിച്ചു കൊണ്ടല്ലാഹു അതിനെ ദുർബ്ബലപ്പെടുത്തി: —

'നിങ്ങൾ നബിയുമായി സംസാരിക്കുന്നതിന്റെ മുന്നോടിയായി പാരിതോഷികം നൽകാൻ ആശങ്കിക്കുന്നുവോ? നിങ്ങളങ്ങനെ ചെയ്യുന്നില്ലെങ്കിൽ അല്ലാഹു മാപ്പേകുന്നതിനാൽ, നിങ്ങൾ നിസ്കാരം നിലനിറുത്തുകയും, സക്കാത്തു കൊടുക്കുകയും, അല്ലാഹുവിന്നും റസൂലിന്നും വഴങ്ങുകയും ചെയ്യുവിൻ'

— ഖുർആൻ.

ഇവിടെയും ആയത്തിന്റെ ആശയമേ ദുർബ്ബലപ്പെടുത്തിയുള്ളു. പദങ്ങൾ നിലനിൽക്കുന്നു. കുബുദ്ധികളുടെ വാദം, ഇങ്ങനെ ആശയംമാത്രം ദുർബ്ബലപ്പെട്ടത് ഉസ്മാന്റെ നോട്ടപ്പിഴവു കൊണ്ടാണെന്നാണ്. ക്രോഡീകരണത്തിൽ മൻസൂഖായ ആയത്തുകൾ വേർതിരിക്കാത്തതുകൊണ്ടു മുസ്ഹഫിൽ കടന്നുകൂടിയതാണത്രെ അവ. ഉസ്മാൻ (റ) മുസ്ഹഫിനെ താറുമാറാക്കുകയാണ് ചെയ്തതെന്നാണവരുടെ വാദം. ഇതൊന്നും മറുപടി അർഹിക്കുന്നതേയല്ലെന്നു ഗ്രഹിക്കുക. ഇതിനെക്കുറിച്ചു പരാമർശം വരുന്നുണ്ട്. ഖിബ്ലമാററം മറെറാരുദാഹരണം: —

'നിങ്ങളെങ്ങോട്ടു തിരിഞ്ഞാലും അവിടെയൊക്കെ അല്ലാഹുവിന്റെ മുഖമുണ്ട്' 2:11 എന്ന ആയത്തു ദുർബ്ബലപ്പെടുത്തിയിട്ടുണ്ടെന്നു ഇബ്നുമസ്ഊദ് പറയുന്നു. (ഇത്ഖാൻ_2/30) താഴെ പറയുന്ന ആയത്തുകൊണ്ടാണു ഇതു ദുർബ്ബലപ്പെടുത്തിയത്: —

'നീ നിന്റെ മുഖം (നിസ്കാരത്തിൽ) കഅബയിലേക്കു തിരിക്കുക' 2:115

ഈ ആയത്ത് മറേറതിന്റെ ആശയം ദുർബ്ബലപ്പെടുത്തി. പക്ഷെ പദങ്ങൾ പ്രബലമായി നിൽക്കുന്നു.

ഇസ്ലാമിൻെറ പ്രാരംഭഘട്ടത്തിൽ ഖിബ്ല, കഅബയല്ലായിരുന്നു. പൂർവ്വവേദക്കാരെപ്പോലെ ഫലസ്തീനിലെ ബൈത്തുൽമുഖദ്ദസിലേക്ക തിരിഞ്ഞാണ് നിസ്കരിച്ചിരുന്നത്. നബിതിരുമേനിക്കും, ഖുറൈശികളായ സ്വഹാബികൾക്കും കഅബയെ ഖിബ്ലയായി കിട്ടാനാഗ്രഹമുണ്ടായിരുന്നു. അതിന്നായവർ നിരന്തരം പ്രാർത്ഥിക്കാറുമുണ്ടായിരുന്നു. ഒടുവിൽ അല്ലാഹു അവരുടെ ആഗ്രഹം സഫലീകരിച്ചുകൊണ്ട് ആയത്തുകളവതരിപ്പിച്ചു:—

'നീ നിൻെറ മുഖം കഅബയിലേക്കു തിരിക്കുക.'

—ഖുർആൻ

മദീനയിലെ 'മസ്ജിദുൽ ഖിബ്ലതൈനി'യിൽ നിസ്കരിച്ചുകൊണ്ടിരിക്കുമ്പോഴാണീ കൽപന വന്നത്. ഉടനെ നബി ബൈത്തുൽമുഖദ്ദസിലേക്കായിരുന്ന തൻെറ മുഖം കഅബയിലേക്കാക്കി മാററി. തന്മൂലമാണ് ആ പള്ളിക്ക് രണ്ടു ഖിബ്ലയുള്ളപള്ളി (മസ്ജിദുൽ ഖിബ്ലതൈനി) എന്നു പേരുവന്നത്. ഇപ്പോഴും അവിടെ രണ്ടു മിഹ്റാബുകൾ കാണാം. സന്ദർശകർ അവിടെച്ചെന്ന് രണ്ടുവശത്തേക്കും തിരിഞ്ഞു നിസ്കരിക്കാറുണ്ട്, പക്ഷെ അതു നിരോധിച്ചിരിക്കയാണ്.

ഖിബ്ല മാററിയപ്പോൾ ശത്രുക്കൾ പരിഹാസച്ചെളി വാരിയെറിയാൻ തുടങ്ങി. ക്രൈസ്തവരും, ജൂതരും പറഞ്ഞു—'മുഹമ്മദു ഞങ്ങളെ പോക്കററിലാക്കാനാണു ഞങ്ങളുടെ ഖിബ്ല തെരഞ്ഞെടുത്തത്. ആ പരിപ്പു വേവില്ലെന്നു കണ്ടപ്പോൾ ഇപ്പോളിതാ, ഖുറൈശികളെ ചാക്കിലാക്കാൻ കഅബ ഖിബ്ലയാക്കിയിരിക്കുന്നു. സ്ഥിരതയില്ലാത്ത മതം! ഈ ഭത്സനം തുടർന്നപ്പോൾ താഴെപറയുന്ന ആയത്തുകൾ കൂടി അവതരിച്ചു:—

'മനുഷ്യരിൽപെട്ട വിഡ്ഢികൾ ചോദിക്കുന്നു. അവരുടെ പഴയ ഖിബ്ല മാററാൻ കാരണമെന്ത്? പറയുക, കിഴക്കും പടിഞ്ഞാറുമൊക്കെ അല്ലാഹുവിൻേറതാണ്. താൻ ഉദ്ദേശിക്കുന്നവർക്കവൻ മാർഗ്ഗദർശനം നൽകും നേരായ മാർഗ്ഗത്തിലേക്ക്.

- ഖുർആൻ

"നബിയേ, താങ്കളുടെ മുൻഖിബ്ല നാം നിശ്ചയിച്ചുതന്നിരുന്നത്, രണ്ടു വശത്തേക്കും ചായുന്ന കൂട്ടരിൽ നിന്നാരാണ് റസൂലിനെ പിൻപററുകയെന്നറിയാനായിരുന്നു അതൊരു വലിയ കാര്യമായിരിക്കുന്നു. അല്ലാഹുവിൻെറ മാർഗ്ഗദർശനം ലഭിച്ചവർക്കൊഴികെ. അല്ലാഹു നിങ്ങളുടെ വിശ്വാസം പാഴാക്കുന്നവനായിട്ടില്ല. ജനങ്ങളോടു പരമദയാലുവും, കരുണാനിധിയുമാണവൻ.

ഖുർആൻ.

നബിയേ, താങ്കൾ ആകാശത്തേക്കു മുഖം തിരിച്ചുകൊണ്ടേ ഇരിക്കുന്നതു നാം കാണുന്നു. താങ്കൾക്കു തൃപ്തമായ ഖിബ്ല നാം നിശ്ചയിച്ചുതരാം. ആദരണീയ കഅബായിലേക്കു മുഖം തിരിച്ചുകൊൾക. നിങ്ങൾ എവിടെയാണെങ്കിലും മുഖം അങ്ങോട്ടു തി

രിച്ചുകൊൾക. പൂർവ്വ വേദക്കാർക്കറിയാം ഇതു അല്ലാഹുവിങ്കൽ നിന്നുള്ള സത്യമെന്ന് അവരുടെ ചെയ്തികളെപ്പററി അല്ലാഹു അശ്രദ്ധനല്ല.

നബിയേ, താങ്കൾ സർവ്വത്ര ദൃഷ്ടാന്തങ്ങളും, ആ പൂർവ്വ വേദക്കാർക്കു കാണിച്ചുകൊടുത്താൽ പോലും താങ്കളുടെ ഖിബ്‌ലയെ അവർ പിൻപററില്ല. താങ്കൾ അവരുടെ ഖിബ്‌ലയെയും പിൻപററില്ല. അവരിൽ ചിലർതന്നെ ചിലരുടെ ഖിബ്‌ല പിൻപററില്ല. ജ്ഞാനം വന്നുകിട്ടിയിട്ടും താങ്കൾ അവരുടെ തന്നിഷ്ടങ്ങൾക്ക് വഴങ്ങിയാൽ, താങ്കളുമപ്പോൾ അക്രമികളിൽ പെട്ടുപോകും. ഖുർആൻ

ശത്രുക്കൾ കിട്ടുന്ന വടികളൊന്നും പാഴാക്കാതെ നബിയെ നിരന്തരം പ്രഹരിച്ചു നോക്കി. പക്ഷെ ഖുർആൻ അതൊക്കെ തടുത്തു തിരിച്ചടിക്കുന്നതാണ് നാം ഈ സൂക്തങ്ങളിലൊക്കെ കാണുന്നത്. ഖുർആനിന്നു പാരഡി രചിച്ചുനോക്കുകപോലും ചെയ്തു അന്നത്തെ സാഹിത്യതമ്പുരാക്കന്മാർ. എന്നിട്ടെന്തുണ്ടായി? 'അലംതറകൈഫ'യുടെ പാരഡി രചിച്ചതു അബൂജഹലാണ്:—

''അലം തറ കൈഫ''—

എന്നുതുടങ്ങുന്ന ഒരു ചെറിയ അധ്യായത്തിൽ, ആനക്കലഹ ചരിത്രം മുഴുവൻ ഒതുക്കിയതിന്നു പുറമെ പാപികളുടെ പരിണാമമെങ്ങനെയായിരിക്കുമെന്നും, അവർക്കു കിട്ടാനിരിക്കുന്ന ശിക്ഷയെന്താണെന്നുമൊക്കെ അല്ലാഹു ഉൾക്കൊള്ളിച്ചു. അതിനെ അനുകരിച്ചു അബൂജാഹിലവതരിപ്പിച്ച ഡ്യൂപ്ലിക്കററ് ഖുർആനിലോ?:—

ആന എന്താണാന? ആന എന്തു കുന്തമാണെന്നാണ് നിനക്കറിയിച്ചു തന്നത്? അതിന്ന് നീണ്ട തുമ്പിക്കൈയും, മുണ്ടൻ വടി പോലുള്ള വാലുമുണ്ട്.

ഇങ്ങനെ നീണ്ടുപോകുന്നു മൂപ്പരുടെ സൂറത്ത്. പക്ഷെ ഒരു സൂറത്തു എഴുതിക്കഴിഞ്ഞു വായിച്ചുനോക്കുമ്പോൾ നാണക്കേട്! ഒരാനയുടെ വാലും, തോലും, അഞ്ചാം കാലുമല്ലാതെ അതിലൊരിററു തേനില്ല. മൂപ്പർക്കും തോന്നി ഇപ്പണി നമ്മെക്കൊണ്ടാവുന്നതല്ലെന്ന്. നിറുത്തിവെച്ചു. പക്ഷെ തന്റെ വിഡ്ഢിത്വത്തിന്നു നിദർശനമായി ആ ഒരു വികടസൂറത്ത് ചരിത്രം ഒപ്പിയെടുത്തു. ഖുർആന്റെ സൗന്ദര്യം മാററുരച്ചുനോക്കാൻ ഒരു വികട സരസ്വതിയായി, ഖുർആനുള്ള കാലത്തോളം ചരിത്രത്തിൽ ആ വൈരൂപ്യവും നിലനിൽക്കും. 'കഅബത്തിൽത്തുറി'യാലും പേരെടുക്കാമല്ലോ. അബൂജാഹിലിന്റെ ഈ 'അഞ്ചാംകാല് സാഹിത്യം' ആ നിലയിൽ അനശ്വരമായി. അയാളുടെ വീടിന്റെ സ്മരണ നിലനിർത്തുന്നത് കഅബാക്കു സമീപം സ്ഥിതിചെയ്യുന്ന ആയിരം കക്കൂസുകളാണല്ലോ. അവിടെയായിരുന്നുവല്ലോ ആ വിഡ്ഢ്യാസുരന്റെ രാജധാനി. ആകയാൽ ഖുർആനുനേരെ തീട്ടം വാരിയെറിഞ്ഞവർ തന്നെയാണ് നാറിയത്. ഖുർആനാകട്ടെ ഇന്നും ഭൂഗോളമാകെ സൗരഭ്യം പരത്തുന്നു.

റമളാനിൽ നോമ്പു ഫർളാക്കിയ ആയത്തവതരിക്കുന്നതിനുമുമ്പ് മുഹർറം ഒമ്പതിന്റെ ആശൂറാനോമ്പ് ഫർളായിരുന്നു. താഴെപ്പറയുന്ന ആയത്തവതരിച്ചപ്പോഴാണ് അതു സുന്നത്തായി മാറിയത്:—

റമളാൻ മാസത്തിലാണ് ഖുർആനിൽ അവതീർ

ണ്ണമായത്. ജനങ്ങൾക്കു മാർഗ്ഗ ദർശനവും, മാർഗ്ഗ ദർശന ദൃഷ്ടാന്തങ്ങളും, സത്യാസത്യ വിവേചനവുമാണത്. നിങ്ങളിൽനിന്നു ആ മാസത്തിൽ നാട്ടിലുള്ളവർ നോമ്പു നോൽക്കണം. രോഗികളോ, യാത്രക്കാരോ ആയാൽ മററു മാസങ്ങളിൽനിന്നു അത്രയെണ്ണം കടം വീട്ടണം. അല്ലാഹു നിങ്ങൾക്കു എളുപ്പമാണുദ്ദേശിക്കുന്നത്. ഞെരുക്കമല്ല. നിങ്ങൾ എണ്ണം പൂർത്തിയാക്കാനും, നിങ്ങൾക്കു മാർഗ്ഗ ദർശനം നൽകിയ അല്ലാഹുവിൻെറ മഹത്വം പ്രകീർത്തിക്കാനുമാണിത്. (ഖുർആൻ)

അന്ധനായ—ഹിബത്തുല്ലാഹിബ്നി സലാമ (റ) പറയുന്നു:—

അവർ അഗതികൾക്കും, അനാഥകൾക്കും, തടവുകാർക്കും ഭക്ഷണം കൊടുക്കുന്നവരാണ്.

എന്ന ആയത്തിലെ തടവുകാർക്കും എന്ന വാക്ക് ദുർബ്ബലപ്പെടുത്തിയിട്ടുണ്ട്. 'മുശ്രിക്ക'കളിൽ പെട്ട തടവുകാരാണതു കൊണ്ടുദ്ദേശ്യം.' ഇതുകേട്ട തൻെറ പുത്രി പറഞ്ഞു: 'പിതാവേ, ഇതെങ്ങനെ? മുസ്ലിംകൾ ഒത്തുസമ്മതിച്ചതും, ആർക്കും തർക്കമില്ലാത്തതുമായ കാര്യമാണല്ലോ ശത്രുക്കളെങ്കിൽപോലും ഒരു ജീവിയെയും പട്ടിണിയിട്ടു കൊല്ലരുതെന്ന്. പിന്നെങ്ങനെ ഇതു ദുർബ്ബലപ്പെടും?'' പിതാവിന്നു പുത്രിയുടെ വാദം അംഗീകരിക്കേണ്ടിവന്നു.

ശൈദല (റ) തൻെറ ബുർഹാനിൽ പറയുന്നു: ഒരായത്തിനെ ദുർബ്ബലപ്പെടുത്താൻ അവതരിച്ച ആയത്തിനെ ദുർബ്ബലപ്പെടുത്താൻ വേറെ ആയത്തവതരിക്കാറു

ണ്ട്, ചെറിയ മീനിനെ വിഴുങ്ങിയ വലുതിനെ അതിലും വലുതു വിഴുങ്ങുന്ന പോലെ. ഉദാഹരണം:—

നിങ്ങൾക്കു നിങ്ങളുടെ മതം. എനിക്കെൻെറ മതം.

എന്ന ആയത്തിനെ ദുർബ്ബലപ്പെടുത്താനവതരിച്ചതാണ്—

മുശ്രിക്കുകളെ വധിക്കുവിൻ

എന്ന സൂക്തം. ശത്രുക്കളായ മുശ്രിക്കുകൾ മാത്രമാണിവിടെ ഉദ്ദേശ്യമെന്നു മറക്കാതിരിക്കുക. സൗഹൃദത്തിൽ കഴിയുന്നവരോടു ഒരിക്കലും ശത്രുത പാടില്ല. മുശ്രിക്കുകളെ വധിക്കണമെന്ന ഈ ആയത്തിനെ ദുർബ്ബലപ്പെടുത്താൻ അവതരിച്ചതാണ്

അവർ നികുതിയടച്ചാൽ വധിക്കരുത്

എന്ന ആയത്ത്. (ഇത്ഖാൻ_2/31)

ഇതുവരെപ്പറഞ്ഞത്, പദങ്ങൾ ദുർബ്ബലപ്പെടുത്താതെ ആശയംമാത്രം ദുർബ്ബലപ്പെടുത്തിയതിൻെറ ഉദാഹരണങ്ങളാണ്.

ഇനി പറയാനുള്ളത്, പദങ്ങൾ ദുർബ്ബലപ്പെടുത്തിയിട്ടും ആശയം ദുർബ്ബലപ്പെടുത്താത്തതാണ്. ഖുർആനിൽ ഒരടയാളവും ബാക്കിവെക്കാതെ മാച്ചുകളഞ്ഞ ആയത്തുകളാണെങ്കിലും അവയുടെ നിയമങ്ങളും വിധികളും ഇന്നും നിലവിലിരിക്കുന്നു. ശത്രുക്കൾക്ക് കിട്ടിയ നല്ലൊരു വൈക്കോൽത്തുരുമ്പാണിത്. അവർ പറഞ്ഞു- 'വ്യഭിചാരി വിവാഹിതനാണെങ്കിൽ എറിഞ്ഞുകൊല്ലണമെന്നു നിർദ്ദേശിക്കുന്ന സൂക്തം ഖുർആനിലുണ്ടായിരുന്നു. ഉസ്മാൻെറ പുതിയ മുസ്ഹഫു പുറത്തുവന്ന

പ്പോൾ അതിൽ അതൊന്നും കണ്ടില്ല. ക്രോഡീകരിക്കുന്നവർക്കതു കിട്ടിയില്ല പിന്നെപ്പറഞ്ഞു – ആ സൂക്തത്തിന്റെ പദങ്ങളില്ലെങ്കിലും നിയമം നിലവിലുണ്ടെന്ന്. ഇതൊരു മുടന്തൻ ന്യായമായിരുന്നു. ശത്രുക്കളുടെ കണ്ടുപിടുത്തമെങ്ങനെയുണ്ട്? ഇടമറുക് പറഞ്ഞു – അതൊക്കെ ആടുതിന്നുപോയെന്ന്. ആടു തിന്നതിന്നാണത്രെ 'മൻസൂഖെ'ന്നു പേരിട്ടത്. മനുഷ്യൻ തനിക്കറിവില്ലാത്തതിന്റെ ശത്രുവാണല്ലോ. അറിവില്ലെന്നറിവില്ലാതെ വന്നാൽ ഇതൊക്കെപ്പറയും. മറുപടി അർഹിക്കാത്തതാണവയെല്ലാം. പക്ഷെ ഈ വക വാദങ്ങളൊക്കെ മുൻകൂട്ടി മനസ്സിലാക്കിവെക്കാതിരുന്നാൽ, പിന്നീടവയെക്കുറിച്ചറിയുമ്പോൾ കാലിടറിയേക്കാം. അതുകൊണ്ടാണീ ബാലിശവാദങ്ങളൊക്കെ ഇവിടെയുദ്ധരിച്ച് വായനക്കാരെ മുഷിപ്പിക്കുന്നത്. ഖുർആന്റെ അനുകൂലികളുടെ വാക്കുകൾ മാത്രം ശ്രദ്ധിച്ചുപഠിച്ചാൽ പിന്നീടൊരിക്കൽ എതിരാളികളെ അഭിമുഖീകരിക്കുമ്പോൾ പതറാനിടയാകും. അതുപാടില്ലല്ലോ. ഒരു ഓലയെടുത്താൽ രണ്ടുപുറവും വായിച്ചാലേ പൂർണ്ണതവരികയുള്ളൂ. മറ്റേതു അപൂർണ്ണം തന്നെയാകും. അതുകൊണ്ടുതന്നെയാണ് ഉലൂമുൽഖുർആൻ' എന്ന വിഷയത്തിൽ ഗ്രന്ഥരചന നടത്തിയവരെല്ലാം ശത്രുക്കളുടെ ബാലിശവാദങ്ങൾക്കെല്ലാം വിലയേറിയ പേജുകളിൽ സ്ഥാനം നൽകിയത്.

അബൂഉബൈദ് (റ) റിപ്പോർട്ടു ചെയ്യുന്നു: ഇബ്നു ഉമർ (റ) പറഞ്ഞു: 'നിങ്ങളൊക്കെ പറയാറുണ്ടല്ലോ – ഖുർആനൊക്കെപ്പഠിച്ചുവെന്ന്. സത്യത്തിൽ നിങ്ങളാരും അറിഞ്ഞില്ല, ഖുർആൻ കുറെ പോയകഥ. വെളിവായതു പഠിച്ചുവെന്നുമാത്രം പറഞ്ഞാൽമതി. മുഴുവൻ

പഠിച്ചെന്നു പറയേണ്ട' (ഇത്ഖാൻ – 2/32)

ആയിശബീവി (റ) പറയുന്നു: 'നബിയുടെ കാലത്തു 'അഹ്സാബ്' സൂറത്തിൽ ഇരുനൂറു സൂക്തങ്ങൾ ഞങ്ങൾ ഓതാറുണ്ടായിരുന്നു. എന്നാൽ ഉസ്മാൻ (റ) മുസ്ഹഫിനെ ക്രോഡീകരിച്ചപ്പോഴാണതു ഇന്നത്തെ കോലത്തിലായത്.' (ഇത്ഖാൻ - 2/32

ഇപ്പോൾ അഹ്സാബ് സൂറത്തിൽ വെറും എഴുപത്തിമൂന്നു സൂക്തങ്ങളേയുള്ളൂ. ബാക്കിയൊക്കെ ദുർബ്ബലപ്പെടുത്തിയതാണെന്നു ഭൂരിപക്ഷം പറയുന്നു. ആയിശായുടെപക്ഷം ഇക്കാര്യത്തിൽ ന്യൂനപക്ഷമാണ്. അവർ ഉസ്മാന്റെ ക്രോഡീകരണത്തെപഴിക്കുന്നു. അതിൽ കഴമ്പില്ലെന്നുള്ളതാണ് സത്യം.

ദർറുബിൻ ഹബീശ് (റ) പറയുന്നു: എന്നോടു ഉബയ്യുബിൻകഅബ് (റ) ചോദിച്ചു: 'എത്ര സൂക്തമുണ്ട് 'അഹ്സാബ്' സൂറത്തിൽ?' ഞാൻ പറഞ്ഞു: എഴുപത്തിരണ്ട്, അല്ലെങ്കിൽ എഴുപത്തിമൂന്ന്'. അദ്ദേഹം പറഞ്ഞു: 'ഇതു അൽബഖറയുടെ വലിപ്പം (രണ്ടരജുസുവോളം) ഉണ്ടായിരുന്നു, അതിൽ ഞങ്ങൾ എറിഞ്ഞുകൊല്ലാനുള്ള വിധി ഓതാറുണ്ടായിരുന്നു.' ഞാൻ ചോദിച്ചു: 'അതെന്തു വിധിയാണ്?' അദ്ദേഹമരുളി: –

വൃദ്ധനും വൃദ്ധയുംതമ്മിൽ വ്യഭിചരിച്ചാൽ രണ്ടിനെയും, മാതൃകാപരമായ ശിക്ഷ നൽകി നിശ്ശേഷം എറിഞ്ഞു കൊല്ലുവിൻ – (ഖുർആൻ)

എന്ന ആയത്താണത്. ഇതു ആ സൂറത്തിൽ ഉണ്ടായിരുന്നു. (ഇത്ഖാൻ – 2/32)

അബൂഉമാമയുടെ മാതൃസഹോദരി പറയുന്നു: നബി തിരുമേനി ഞങ്ങൾക്ക് എറിഞ്ഞുകൊല്ലുന്ന നിയമത്തിന്റെ ആയത്തു ഓതിക്കേൾപ്പിച്ചു. അതിങ്ങനെയായിരുന്നു: —

വൃദ്ധനെയും, വൃദ്ധയെയും നിശ്ശേഷം എറിഞ്ഞു കൊല്ലുവിൻ. അവർ തെററായി സുഖിച്ചതിന്ന് — ഖുർആൻ.

അബൂയൂനസിന്റെ പുത്രി ഹുമൈദ (റ) പറയുന്നു: എന്റെ പിതാവിന്നു എൻപതുവയസ്സു പ്രായമുള്ളപ്പോൾ ആയിശബീവിയുടെ മുസ്ഹഫിലുള്ളതുപ്രകാരം എനിക്ക് ഖുർആൻ ഓതിത്തന്നു. അതിലിങ്ങനെയാണുണ്ടായിരുന്നത്: —

അല്ലാഹുവും, തന്റെ മലക്കുകളും നബിയിൽ സ്വലാത്തു ചൊല്ലുന്നു. വിശ്വാസികളെ നിങ്ങളും നബിയുടെ പേരിൽ സ്വലാത്തും, സ്വലാമും ചൊല്ലുക. ഒന്നാമത്തെ സ്വഫ്ഫിൽനിന്നു നിസ്ക്കരിക്കുന്നവരുടെ പേരിലും.

ഇതിൽ ഒടുക്കത്തെ വാക്യം, അതായത്, 'ഒന്നാമത്തെ സ്വഫ്ഫിൽ നിസ്ക്കരിക്കുന്നവരുടെ പേരിലും' എന്നത്, ഉസ്മാൻ, മുസ്ഹഫ് പകർച്ചയാക്കിയതോടെ നഷ്ടമായി.

അബൂവാഖിബില്ലൈസി പറയുന്നു: നബിക്കു വല്ല ദിവ്യബോധനവും ലഭിച്ചാൽ ഞങ്ങളങ്ങോട്ടു ചെല്ലും. നബി ഞങ്ങൾക്കതു പഠിപ്പിച്ചു തരികയും ചെയ്യും. ഒരിക്കൽ ഞാൻ ചെന്നപ്പോൾ നബിയരുളി—അല്ലാഹു പറയുന്നു: —

നാം ധനത്തെ അവതരിപ്പിച്ചു തന്നത് നിസ്ക്കാരം നില നിർത്താനും, ദാനം ചെയ്യാനുമാണ്. ഒരാൾക്ക് ഒരു താഴ്വര കിട്ടിയാൽ രണ്ടാമത്തേതിന്നു മോഹിക്കും, രണ്ടെണ്ണം കിട്ടിയാൽ മൂന്നാമത്തേതിന്നും. മനുഷ്യന്റെ വയറു നിറക്കാൻ മണ്ണിന്നേ കഴിയൂ. പശ്ചാത്തപിച്ചാൽ അല്ലാഹു സ്വീകരിക്കും.

മുസ്തദ്റകിൽ റിപ്പോർട്ടു ചെയ്യുന്നു: ഉബെയ്യുബ്നികഅബ് (റ) പറഞ്ഞു:—നബിയൊരിക്കൽ എന്നോടരുളി 'അല്ലാഹു എന്നോടു കല്പിക്കുന്നു, താങ്കൾക്കു സലാം പറയാൻ.' തുടർന്നു നബി(സ) ലം, യകുനില്ലദീന, കഫറൂ എന്ന സൂറത്തോതി. അതിന്റെ അവസാനം ഇങ്ങനെയായിരുന്നു: —

മനുഷ്യൻ ഒരു താഴ്വരനിറയെ സ്വത്താവശ്യപ്പെടുകയും, അതു കിട്ടുകയും ചെയ്താൽ രണ്ടാമത്തേതു ചോദിക്കും. അതും കിട്ടിയാൽ മൂന്നാമത്തേത് ചോദിക്കും. മനുഷ്യന്റെ വയറു നിറക്കാൻ മണ്ണിന്നേ കഴിയൂ. പശ്ചാത്തപിച്ചാൽ അല്ലാഹു സ്വീകരിക്കും അല്ലാഹുവിങ്കൽ ഋജുവായ മതം ജൂതമതമോ ക്രിസ്തുമതമോ അല്ല. വല്ലവനും നൻമചെയ്താൽ അവനോടു നന്ദികേടു കാണിക്കയില്ല.

ഇതൊന്നും ഇപ്പോൾ ഖുർആനിലില്ല. പക്ഷെ ഈ ആശയങ്ങളൊക്കെ നിലനിൽക്കുന്നു. അബൂമൂസൽ അ

ശ്അരി (റ) പറയുന്നു: 'ബറാഅത്ത്' എന്ന സൂറത്തിന്റെ വലിപ്പമുള്ള മറ്റൊരു സൂറത്തു അവതരിച്ചതു ഉയർത്തപ്പെട്ടിട്ടുണ്ട്. അതിൽനിന്നു താഴെ പറയുന്ന ആയത്തുകൾ ഓർമ്മയുണ്ട്: —

ഈ മതത്തെ അല്ലാഹു ചിലരെക്കൊണ്ടു ശക്തിപ്പെടുത്തും. അവർക്കതിന്നു ഭൗതികമായ വിഹിതമൊന്നും ലഭിക്കില്ല. മനുഷ്യന്ന് ധനത്തിന്റെ രണ്ടു താഴ്‌വരകൾ. മൂന്നാമതൊന്നുകൂടി അവൻ ആഗ്രഹിക്കും. മനുഷ്യന്റെ വയറ് നിറക്കാൻ മണ്ണിന്നേ കഴിയൂ. പശ്ചാത്തപിച്ചാൽ അല്ലാഹു സ്വീകരിക്കും

അബൂമൂസൽ അശ്അരി(റ) പറയുന്നു: 'മുസബ്ബഹാത്തു' സൂറത്തുകളോട്ട സാദൃശ്യമുള്ള മറ്റൊരു സൂറത്തു ഞങ്ങൾ ഓതാറുണ്ടായിരുന്നു. അതിൽനിന്നു ഈ ആയത്തുകൾമാത്രം ഓർക്കുന്നു: —

സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതു പറയരുത്. അപ്പോൾ നിങ്ങളുടെ കഴുത്തിൽ സാക്ഷ്യം രേഖപ്പെടും. അതിനെക്കുറിച്ചു ഖിയാമം നാളിൽ നിങ്ങളോട് ചോദ്യമുണ്ടാകും.

ഉമർഖത്താബ് (റ) പറയുന്നു, ഞങ്ങൾ ഇങ്ങനെ ഒരായത്തു ഓതാറുണ്ടായിരുന്നു: —

നിങ്ങൾ സ്വന്തം പിതാക്കളെ തള്ളിപ്പറയരുത്. അതു നിങ്ങളുടെ സത്യനിഷേധമാണ്.

തുടർന്നു ഉമർ (റ) സൈദിബ്നിസാബിതിനോടൊരു ചോദ്യം:— 'അല്ലേ, ശരിയല്ലേ?' അദ്ദേഹം പറഞ്ഞു: 'അതെ.' ഉമർ (റ) ഒരിക്കൽ അബ്ദുറഹിമാനബ്നിഔഫിനോട്ട ചോദിച്ചു:— ഖുർആനിൽ ഇ

ങ്ങനെ ഒരായത്തുണ്ടായിരുന്നില്ലേ -

നിങ്ങൾ പോരാടുവിൻ — ആദ്യദശയിൽ നിങ്ങൾ പൊരുതിയപോലെ.

ഉമർ (റ) തുടർന്നു - ഇപ്പോൾ ഖുർആനിൽ ഇതു കാണുന്നില്ലല്ലോ?' അബ്ദുറഹിമാൻ(റ) പറഞ്ഞു: ഖുർആനിൽനിന്നുപോയ ആയത്തുകളിൽ ഇതും പെടുന്നു.'

അബൂസുഫ്‌യാൻ കലായി പറയുന്നു: ഒരിക്കൽ മസ്‌ലമത്തുൽ അൻസാരി പറഞ്ഞു 'മുസ്ഹഫിൽ രേഖപ്പെടുത്തിയില്ലാത്ത രണ്ടു ഖുർആൻ സൂക്തങ്ങൾ പറയുവിൻ.' ആരും ഒന്നും മിണ്ടിയില്ല. അപ്പോൾ മസ്‌ലമത്തുൽ അൻസാരിയുടെ പുത്രൻ പറഞ്ഞു: അവയിതാ:

വിശ്വസിക്കുകയും, ഹിജ്റപോവുകയും, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമ്പത്തുകൊണ്ടും, ശരീരംകൊണ്ടും പോരാടുകയും ചെയ്തവർ സന്തോഷിച്ചുകൊൾക. നിങ്ങൾതന്നെ ജേതാക്കൾ. അവരുമായിച്ചേർന്ന്, അവരെ സഹായിച്ച്, അവർക്കുവേണ്ടി അല്ലാഹുവിന്റെ ശാപത്തിന്നു പാത്രീഭവിച്ചവരോട് തർക്കിച്ചവർക്ക് അല്ലാഹു രഹസ്യമാക്കി ഒരുക്കിവെച്ച, കണ്ണിന്നു കുളിരേകുന്ന പ്രതിഫലങ്ങളെന്തയെന്നു ആർക്കും അറിയില്ല. അവരുടെ കർമ്മഫലമാണത്.

ബുഖാരിയും, മുസ്‌ലിമും റിപ്പോർട്ടു ചെയ്ത 'ബിഅ്ർ മഊനാ' സംഭവത്തെക്കുറിച്ചുള്ള ഹദീസിൽ പറയുന്നു— അതിൽ കൊല്ലപ്പെട്ടവരുടെ ഘാതകർക്കെതിരെ പ്രാർത്ഥിച്ചുകൊണ്ടു നബി തിരുമേനി നിസ്കാരത്തിൽ ഖുനൂത്തു ഓതുകയുണ്ടായി. അനസ് (റ) പറയുന്നു — അതിൽ വധിക്കപ്പെട്ടവരെസ്സംബന്ധിച്ച അവതരിച്ച സൂ

ക്കങ്ങൾ ഞങ്ങൾ ഓതാറുണ്ടായിരുന്നു. പിന്നെ അതുയർത്തപ്പെട്ടു. അതിങ്ങനെയായിരുന്നു.

ഞങ്ങളുടെ റബ്ബിനെ ഞങ്ങൾ കണ്ടെത്തി. അവൻ ഞങ്ങൾക്കു സംതൃപ്തനായി. ഞങ്ങളെ അവൻ തൃപ്തിപ്പെടുത്തുകയും ചെയ്തു. ഇക്കാര്യം നമ്മുടെ ആളുകൾക്കറിയിക്കുവിൻ

മുസ്തദ്റകിൽ ഹുദൈഫയിൽനിന്നു റിപ്പോർട്ടു ചെയ്യുന്നു: ഹുദൈഫ പറഞ്ഞു 'ബറാഅത്ത്' എന്ന അധ്യായത്തിന്റെ നാലിലൊന്നു മാത്രമാണിപ്പോൾ നിങ്ങളെല്ലാം ഓതുന്നത്''

'ബുർഹാനി'ൽ ഉമറിൽനിന്നു റിപ്പോർട്ടു ചെയ്യുന്നു- ഉമർ (റ) പറഞ്ഞു: ഉമർ ഖുർആനിലില്ലാത്തതു അതിൽ എഴുതിച്ചേർത്തുവെന്നു ജനങ്ങൾ ആക്ഷേപിക്കുമെന്ന പേടിയില്ലായിരുന്നുവെങ്കിൽ വൃദ്ധവ്യഭിചാരികളെ കല്ലെറിയണമെന്ന ആയത്തു ഞാനതിൽ എഴുതിച്ചേർത്തേനെ.''

സൈദബ്നിൻ സാബിതും, സഈദബ്നിൻആസും കൂടി മുസ്ഹഫിന്റെ കോപ്പി ക്രോഡീകരിച്ചു കൊണ്ടിരിക്കുമ്പോൾ താഴെ പറയുന്ന ആയത്തു വന്നു:—

വൃദ്ധനും, വൃദ്ധയും വ്യഭിചരിച്ചാൽ രണ്ടിനെയും നിശ്ശേഷം എറിഞ്ഞുകൊല്ലുവിൻ

അപ്പോൾ ഉമർപറഞ്ഞു: ഈ ആയത്തിറങ്ങിയപ്പോൾ ഞാൻ നബിയോടു അതെഴുതാൻ സമ്മതം ചോദിച്ചു. നബി അതിഷ്ടപ്പെടാത്തപോലെത്തോന്നി.'' ഉമർ തുടർന്നു_നോക്കൂ. വൃദ്ധൻ അവിവാഹിതനെങ്കിൽ വ്യഭി

ചരിച്ചാൽ കല്ലെറിയേണ്ടതില്ലല്ലോ. അടിശിക്ഷയാണ് നൽകേണ്ടത്. യുവാവ് വ്യഭിചരിച്ചാൽ, അവൻ വിവാഹിതനെങ്കിൽ എറിഞ്ഞുകൊല്ലുകതന്നെ വേണം താനും. പിന്നെ ഈ ആയത്തു എഴുതുന്നതെന്തിന്?''

ഇബ്നുഹജർ (റ) തന്റെ തുഹ്ഫയിൽ പറയുന്നു - ഇതിൽനിന്നു മനസ്സിലാകുന്നത് ഈ ആയത്തു ഓതൽ ദുർബ്ബലപ്പെടുത്താൻ കാരണം, അതിന്റെ ബാഹ്യാർഥ മനുസരിച്ചല്ല പ്രവൃത്തിക്കേണ്ടതെന്നുള്ളതാണ്. നിരുപാധികമല്ല അതിലെ വിധി.

സൈദബ്നിൻ ഉമർ (റ) പറയുന്നു: ഉമർ (റ) ഒരു ഖുതുബയിൽ പറഞ്ഞു_വിവാഹിതർ വ്യഭിചരിച്ചാൽ എറിഞ്ഞുകൊല്ലണമെന്ന നിയമത്തിൽ നിങ്ങൾ സംശയിക്കരുത്. സത്യമാണത്. ഞാനതു മുസ്ഹഫിൽ എഴുതാൻ ഉദ്ദേശിച്ചു. എന്നിട്ടു ഉബയ്യിനോടു ചോദിച്ചപ്പോൾ ഉബയ്യ എന്നോടു ചോദിച്ചു: 'ഞാൻ ആ, ആയത്തു നബിക്കു ഓതിക്കേൾപ്പിക്കുന്ന സമയത്തു താങ്കൾ കയറിവന്നതോർമ്മയുണ്ടോ? താങ്കളെന്റെ നെഞ്ചിൽ കൈകൊണ്ടു തട്ടിക്കൊണ്ടു പറഞ്ഞില്ലേ- 'തിരുമേനിക്കു താങ്കളീ കല്ലേറിന്റെ ആയത്തു ഓതിക്കേൾപ്പിക്കുന്നുവോ- ജനങ്ങൾ കഴുതകളെപ്പോലെ ഇണ ചേർന്നുകൊണ്ടിരിക്കുമ്പോൾ?'' ഇബ്നുഹജർ പറയുന്നു - ഈ ആയത്തിന്റെ പദങ്ങൾ ദുർബ്ബലപ്പെടുത്താനുള്ള കാരണമാണിവിടെ സൂചിപ്പിക്കുന്നത്_ അഭിപ്രായവിത്യാസമാണു കാരണം.'' (ഇത്ഖാൻ_2/35)

□

ആശയവൈരുധ്യം തോന്നിക്കുന്ന ആയത്തുകൾ

ഈ വിഷയംമാത്രം ഉൾക്കൊള്ളിച്ചുകൊണ്ടു ഇമാം ഖുത്ഖുബ് ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. ആശയവൈരുധ്യം തോന്നിക്കുന്ന ആയത്തുകളെന്നാൽ, ഇല്ലാത്തവൈരുധ്യം ഉണ്ടെന്നു തോന്നിക്കുന്നവയാണ്. അല്ലാതെ യഥാർഥവൈരുധ്യമുള്ള സൂക്തങ്ങൾ ഒന്നും ഖുർആനിലില്ല. ഖുർആൻ പറയുന്നു:—

ഈ ഖുർആൻ അല്ലാഹുവിങ്കൽ നിന്നുളളതല്ലെങ്കിൽ ഇതിൽ പരസ്പര വിരുദ്ധമായ വാക്യങ്ങൾ ധാരാളം അവർ കണ്ടെത്തുമായിരുന്നു 4:82 — ഖുർആൻ

എന്നിരിക്കിലും തുടക്കക്കാരന്ന് ചിലപ്പോൾ ചില വൈരുധ്യങ്ങൾ തോന്നാനിടയുണ്ട്. യഥാർഥത്തിലില്ലാത്തവയാണത്. തന്മൂലം ആ സംശയങ്ങൾ നീക്കേണ്ട ആവശ്യം വന്നു. അതുകൊണ്ടാണീ വിഷയം ചർച്ചാവിഷയമായത്. അല്ലെങ്കിൽ ഈ ചർച്ചയുടെ ആവശ്യം വരുന്നില്ലല്ലോ. ഹദീസ്ശാസ്ത്രത്തിലുമുണ്ട് ഇങ്ങനെ ഒരധ്യായം. പരസ്പര വിരുദ്ധമായിത്തോന്നുന്ന ഹദീസുകൾ തമ്മിൽ കൂട്ടിയിണക്കുവാനുള്ളതാണത്. ഇമാം അബ്ദുറസ്സാക് (റ) തന്റെ തഫ്സീറിൽ പറഞ്ഞു: സഈദുബ്നു ജുബൈറിൽനിന്നുള്ള റിപ്പോർട്ടിൽ പറയുന്നു – അദ്ദേഹം പറഞ്ഞു:—'ഒരാൾ ഇബ്നുഅബ്ബാസിനെ സമീപിച്ചു പറഞ്ഞു ''ഖുർആനിൽ ചില കാര്യങ്ങളിൽ ഞാൻ വൈരുധ്യം കാണുന്നു. ഇബ്നുഅബ്ബാസ് ചോദിച്ചു: 'എന്താണത്? സംശയമാണോ?'' അയാൾ പറഞ്ഞു: 'സംശയമല്ല, വൈരുധ്യംതന്നെ.'' ഇബ്നുഅബ്ബാസ്:— 'നിനക്കു വൈരുധ്യം തോന്നുന്നതേതെന്നു കാണട്ടെ.'' അയാൾ പറഞ്ഞു-നോക്കൂ – ഖുർആൻ പറയുന്നു:–

പിന്നെ അവരുടെ പരീക്ഷണമെന്തെന്നാൽ, പരലോകത്തു ചെന്നാൽ അവർ പറയാതിരിക്കില്ല– അല്ലാഹുവാണെ സത്യം, റബ്ബിനെത്തന്നെ സത്യം, ഞങ്ങൾ ശിർക്കുളളവരായിരുന്നില്ല. —ഖുർആൻ

പരലോകത്തു ചെന്നാൽ മുശ്രികുകൾ കള്ളസ്സത്യം ചെയ്തു പറയും ഞങ്ങൾ ശിർക്കുള്ളവരായിരുന്നില്ല എന്ന്. മറ്റൊരിടത്ത് ഖുർആൻ തന്നെ പറയുന്നു:–

അല്ലാഹുവിന്റെ മുമ്പിൽ ഒരു വാർത്തയും അവർ മറച്ചുവെക്കില്ല 4:42

ആദ്യത്തെ ആയത്തിൽ പറഞ്ഞതു അവർ സത്യം മറച്ചുവെച്ചു കള്ളസ്സത്യം ചെയ്യുമെന്നല്ലേ? ഇവിടെ വൈരുധ്യമില്ലേ? മറ്റൊരായത്തിതാ:—

അവരിൽ ചിലർ ചിലരിലേക്കു മുന്നിട്ട് അന്യോന്യം വർത്തമാനങ്ങൾ ചോദിക്കും.

മഹ്ശറയിൽ പരിചയക്കാർതമ്മിൽ കുശലാന്വേഷണങ്ങൾ നടത്തുമെന്നർത്ഥം. മറ്റൊരായത്തിതാ:–

അന്ന് അവർ തമ്മിൽ യാതൊരു കുടുംബ ബന്ധങ്ങളുമുണ്ടാകില്ല. അവർ അന്യോന്യം അന്വേഷിക്കുകയുമില്ല.

മഹ്ശറയിലെ ഭീകരാവസ്ഥയിൽ കുടുംബാംഗങ്ങൾ തമ്മിൽപോലും അന്വേഷണം നടത്തുകയില്ലെന്നർത്ഥം. ഈ ആയത്തുകൾ തമ്മിൽ വൈരുധ്യമില്ലേ?.

മറ്റൊരായത്തിതാ:—

ആദ്യം ഭൂമിയെ രണ്ടുനാൾകൊണ്ടു പടച്ചവനെ നിങ്ങൾ നിഷേധിക്കുന്നുവോ?

മറ്റൊരിടത്തു പറയുന്നു: –

ആകാശത്തെപ്പടച്ച ശേഷമാണ് ഭൂമിയെ രചിച്ചതെന്നല്ലേ ഇതിന്നർത്ഥം? ഇതു രണ്ടും തമ്മിൽ പരസ്പര വിരുദ്ധമല്ലേ? ഭൂമിയെയാണ് ആദ്യം പടച്ചതെന്നല്ലേ ആദ്യത്തെ ആയത്തിൽ പറയുന്നത്? ഇനി മറ്റൊന്ന്. ഖുർആനിൽ അല്ലാഹ് പറയുന്നു –

അല്ലാഹു ആയിരുന്നു എന്ന്. ഇതെങ്ങനെ? ആയിരുന്നു എന്നു പറയുമ്പോൾ അതിന്നർത്ഥം ഇപ്പോൾ അങ്ങനെയല്ല എന്നല്ലേ? ഇതു ശരിയാണോ?'

ഇബ്‌നു അബ്ബാസ് ഇതിനെല്ലാം മറുപടി നൽകി: 'മുശ്‌രിക്കുകൾ മഹ്‌ശറയിൽ ചെല്ലുമ്പോൾ, ശിർക്കല്ലാത്ത പാപങ്ങളൊക്കെ അല്ലാഹ് പൊറുക്കുന്നതു കാണും. അപ്പോൾ അവർ തങ്ങൾക്കും മാപ്പ് ലഭിക്കാൻ വേണ്ടി പറയും — 'ഞങ്ങൾ ശിർക്കുള്ളവരായിരുന്നില്ല, പടച്ചോനാണെ സത്യമാണിതെന്ന്'. അതോടെ അവരുടെ ആപ്പീസു പൂട്ടും, വായക്ക് സീൽ വെക്കും. പിന്നെ നുണ പറയാനാവില്ല. പാപം ചെയ്ത ഓരോ അവയവങ്ങളും സംസാരിക്കാൻ തുടങ്ങും -ഇന്നിന്ന പാപങ്ങളൊക്കെ ചെയ്തുവെന്ന്. അപ്പോഴത്തെ അവസ്ഥയാണ് ഖുർആൻ പറയുന്നത്:

നിഷേധികളും നബിയെ ധിക്കരിച്ചവരുമപ്പോൾ കൊതിച്ചുപോകും മണ്ണോടുചേർന്നിരുന്നുവെങ്കിൽ എന്ന്. അല്ലാഹുവിനോടവർ ഒരു വാർത്തയും മറച്ചുവെക്കുകയില്ല.

ഇതാണവർ നുണ പറയാത്ത ഘട്ടം. ഇതിലെന്തു വൈരുധ്യമാണുള്ളത്?

അന്നവർ തമ്മിൽ കുടുംബബന്ധങ്ങളുണ്ടാകില്ല. അവരന്യോന്യം അന്വേഷണങ്ങൾ നടത്തില്ലെന്നും പറഞ്ഞതിന്റെ ആശയം ഇനി പറയാം. 'സൂർ' എന്ന കാഹളം മുഴങ്ങുകയും ആകെ വിറവിറച്ച ഭീകരാവസ്ഥയെ നേരിടുകയും ചെയ്യുമ്പോൾ പിന്നെ ആരും കുടുംബ ബന്ധമൊന്നും ഓർക്കില്ല ഭീതിയാണ് കാരണം. അന്യോന്യം അന്വേഷണം നടത്തുകയുമില്ല എല്ലാ ജീവജാലങ്ങളും അതോടെ നശിക്കും. പിന്നെ രണ്ടാമത്തെ കാഹളം മുഴങ്ങിയാലുടനെ സകലരും ജീവിച്ചെഴുന്നേൽക്കും. ഈ ഘട്ടത്തെക്കുറിച്ചാണ് ഖുർആൻ പറഞ്ഞത്: —

അപ്പോൾ അവർ ജീവിച്ചെഴുന്നേററു പരസ്പരം നോക്കും. അന്യോന്യം അന്വേഷണങ്ങൾ നടത്തും.

ആകയാൽ രണ്ടും രണ്ടുഘട്ടങ്ങളിലാണ് സംഭവിക്കുന്നത്. ആദ്യത്തേതു ഭീകരഘട്ടം. അപ്പോൾ അന്വേഷണങ്ങളില്ല. രണ്ടാമത്തേത് പുനരുത്ഥാന ഘട്ടം. അപ്പോൾ അന്വേഷണങ്ങളുണ്ടാകും. ഇതിലെന്താണു വൈരുധ്യം?

ഇനി ഭൂമിയെ പടച്ചതിനെപ്പറ്റി ചിന്തിക്കാം. ആകാശം പടക്കുന്നതിന്നുമുമ്പു തന്നെയാണ് ഭൂമിയെപ്പടച്ചത്. ആകാശം ഒരു പുകയായിരുന്നുവെന്നും, ഭൂമിയെ പടച്ചശേഷം ആകാശം രണ്ടുനാൾകൊണ്ടു ക്രമീകരിച്ചുവെന്നും ഖുർആനിലുണ്ട്, ആകാശം പടച്ചശേ

ഷമാണ ഭൂമിയെ രചിച്ചതെന്നു പറഞ്ഞതിന്നർത്ഥം ആദ്യം പടച്ചുവെച്ച ഭൂമിയെ പിന്നെ ക്രമീകരിച്ചുവെന്നാണ്. മലകൾ, പുഴകൾ, കടലുകൾ, മരങ്ങൾ, പാറകൾ തുടങ്ങിയവ ഭൂമിയിൽ നിർമ്മിച്ചു ക്രമീകരിച്ചുവെന്നർത്ഥം. അതായതു ആദ്യം രണ്ടുദിവസം കൊണ്ടു ഭൂമിയെപ്പടച്ചു പിന്നെ രണ്ടു ദിവസംകൊണ്ടു ആകാശങ്ങൾ ക്രമീകരിച്ചു. ഒടുവിലെ രണ്ടു ദിവസങ്ങളാൽ ഭൂമിയെ ക്രമീകരിച്ചു. ഇങ്ങനെ ആകെ ആറുദിവസംകൊണ്ടു പ്രപഞ്ചമെല്ലാം പടച്ചു. ഇതിലെന്തുണ്ടു വൈരുദ്ധ്യം? പറയൂ (മിണ്ടുന്നില്ല).

ഇനി ഒടുവിലത്തേതിനെപ്പററി ചിന്തിക്കാം. 'അല്ലാഹ ആയിരുന്നു' എന്നു പറഞ്ഞാൽ അതിന്നർത്ഥം ഇപ്പോൾ അവൻ അങ്ങനെയല്ലെന്നല്ല. അവൻ എങ്ങിനെ ആയിരുന്നുവോ അതേപോലെത്തന്നെയായിരിക്കുന്നു ഇപ്പോഴും, എപ്പോഴും. അന്നും, ഇന്നും, എന്നും എന്നാണിവിടെയർത്ഥം. ഇതിലെന്തു വൈരുദ്ധ്യമാണുള്ളത്? പറ. ഇനിയും ഖുർആനിൽ വല്ല വൈരുദ്ധ്യവും നിനക്കു തോന്നിയേക്കാം. അതൊക്കെ ഇതേപോലെത്തന്നെയായിരിക്കും, സംശയമില്ല. അവതരിപ്പിച്ചതെന്തും അവൻ ഉദ്ദേശിച്ച മർമ്മത്തുതന്നെ കൊള്ളാതിരിക്കില്ല. പക്ഷെ അധികമാളുകളും ഇതൊന്നുമറിയുന്നില്ല.''

മററൊരു ചോദ്യത്തിന്ന് ഇബ്നുഅബ്ബാസ് (റ) മറുപടി പറഞ്ഞില്ല. അതു അല്ലാഹുവിന്നുമാത്രം അറിയുന്ന 'മുതശാബഹി'ൽ പെട്ടതാണെന്നദ്ദേഹം അരുളി: ആശയം ഗ്രഹിക്കേണ്ടതില്ലാത്ത സൂക്തങ്ങൾക്കു 'മുതശാബഹ്'ന്നു പറയുന്നു: അധ്യായങ്ങളുടെ ആരംഭങ്ങളിലുള്ള കേവലാക്ഷരങ്ങൾ —'അലിഫ്, ലാം, മീം' പോലു

ളളവ അതിന്നുദാഹരണങ്ങളാണ്. ഇബ്നുഅബ
ലൈക്ക റിപ്പോർട്ടു ചെയ്യുന്നു — ഒരാൾ ഇബ്നു അ
സിനോടു ചോദിച്ചു. പരലോകത്തെ ഒരു ദിവസ
ന്ന് ആയിരം കൊല്ലത്തിൻെറ നീളമുണ്ടാകുമെന്നു
യത്തിൽ പറയുന്നു. മററൊരായത്തിലാകട്ടെ അ
പതിനായിരം കൊല്ലത്തെ നീളംകാണുന്നു. ഇതെന്താ
ഇബ്നു അബ്ബാസരുളി: 'അല്ലാഹ തൻെറ വേദത്ത
രുളിയ രണ്ടുതരം ദിവസങ്ങളാണവ. അല്ലാഹു അ
ലം— അല്ലാഹ മാത്രമാണതിനെക്കുറിച്ചു സൂക്ഷ്മജ്ഞാന
മററൊരു റിപ്പോർട്ടിൽ ഇത്രയും കൂടിയുണ്ട്: — ''എ
ക്കതറിയില്ല. അറിയാത്തതു പറയാൻ ഞാനിഷ്ട
ന്നാമില്ല.''

(ഇത്ഖാൻ_2/3

മററൊരു റിപ്പോർട്ടുള്ളതിങ്ങനെയാണ്: ഇബ്നു
ബ്ബാസ് പറഞ്ഞു: കാര്യങ്ങൾ അവരിലേക്കു ചെന്നെ
ന്ന കാലത്തിൻെറ ഓരോ ദിവസത്തിൻെറ നീളമാ
ആയിരം കൊല്ലം. ഹജ്ജ് സൂറത്തിൽ പറഞ്ഞ,
യിരം കൊല്ലം നീളമുള്ള ദിവസം, പ്രപഞ്ചം പട
നുപയോഗിച്ച ആറുദിവസങ്ങളിലൊന്നമാണ്.
ന്നാൽ അൻപതിനായിരം കൊല്ലം നീളമുള്ള ദിവസ
കട്ടെ, ഖിയാമം നാളിലെ ദിവസമാണ്.

ഇക്‌രിമയിൽ നിന്നുള്ള റിപ്പോർട്ടിൽ പറയുന്നു:
രാൾവന്നു ഇബ്നുഅബ്ബാസിനോടു ചോദിച്ചു: താ
പറയുന്ന ആയത്തുകളുടെ ആശയമെന്താണ്?: —

ആയിരം കൊല്ലം നീളമുള്ള ഒരു ദിവ
ത്തിൽ...... 32:5 —ഖുർആ

അവൻ ആകാശം മുതൽ ഭൂമിവരെ കാര
ങ്ങൾ ചിട്ടപ്പെടുത്തുന്നു. പിന്നെ കാര്യങ്ങ

അവനിലേക്കുതന്നെ കയറിപ്പോകുന്നു. അൻപതിനായിരം കൊല്ലങ്ങളുടെ വലിപ്പമുള്ള ഒരു ദിവസത്തിൽ. — (ഖുർആൻ)

അല്ലാഹുവിങ്കൽ ഒരു ദിവസത്തിന്ന് നമ്മുടെ ആയിരം കൊല്ലത്തിന്റെ വലിപ്പമുണ്ട്
22:47 ... ഖുർആൻ.

ഇബ്നുഅബ്ബാസ്(റ) മറുപടി നൽകിയതിങ്ങനെയാണ്:— 'ഖിയാമം നാളിലെ വിചാരണ ദിവസത്തിന്റെ നീളമാണ് അമ്പതിനായിരം കൊല്ലം. ആകാശ ഭൂമികളെ ആറുദിവസംകൊണ്ടു പടച്ചെന്നു പറഞ്ഞതിൽ ഓരോ ദിവസത്തിന്റെയും നീളമാണ് ആയിരം കൊല്ലം. ആകാശം മുതൽ ഭൂമിവരെയുള്ള കാര്യങ്ങളെ അല്ലാഹു ചിട്ടപ്പെടുത്തും അതൊക്കെ അവനിലേക്കു തന്നെ കയറിപ്പോവുകയും ചെയ്തുകൊണ്ടിരിക്കുന്ന കാലത്തിന്റെ ഓരോ ദിവസത്തിന്റെ നീളവും ആയിരം കൊല്ലം തന്നെ. ഓരോന്നിന്റെയും ഇടക്കാല സഞ്ചാരകാലമാണത്.' അല്ലാഹുവിങ്കൽനിന്നുവന്ന് അവനിലേക്കു തിരിച്ചെത്തുന്നതിന്നിടയിലുള്ള സഞ്ചാരകാലം. സൂഫികൾ ഈ ഇടക്കാല വേളക്കു നൽകിയ പേർ 'ബർസഖ്' എന്നാണ്. ഇടത്താവളമെന്നർത്ഥം. ഖബറിന്നും 'ബർസഖെ'ന്നു പറയാറുണ്ട്. അതല്ല ഇവിടെ ഉദ്ദേശ്യം, 'ആലംബർസഖ്' എന്നാൽ തറവാട്ടിൽനിന്നു പുറപ്പെട്ട ഒരു യാത്രക്കുശേഷം വീണ്ടും തറവാട്ടിൽ തിരിച്ചെത്തുന്നതിന്നിടയിലെ, ഇടവേള, അല്ലെങ്കിൽ സഞ്ചാര വേള.

ചിലർ പറയുന്നത് മഹ്ശറയിലെ വിചാരണവേളയിൽ ദുരിതങ്ങളുടെ കാഠിന്യത്താൽ പാപികൾക്കന്ന

ത്തെ ഒരു ദിവസത്തിന്നു അൻപതിനായിരം കൊല്ലത്തിന്റെ നീളം തോന്നും. അത്രതന്നെ പാപം ചെയ്യാത്തവർക്കാകട്ടെ ആയിരം കൊല്ലത്തെ നീളമേ തോന്നൂ. പുണ്യാത്മാക്കൾക്കാകട്ടെ നിമിഷങ്ങളുടെ നീളംമാത്രമേ ആ ഒരു ദിവസത്തിന്ന് തോന്നുകയുള്ളൂ. അതാണ് ഖുർആൻ പറഞ്ഞത്: —

പ്രയാസകരമായ നാളാണത്. നിഷേധികൾക്ക് എളുപ്പമില്ലാത്ത നാൾ!

ഇമാം സക്ശെി(റ) തന്റെ ബുർഹാനിൽ പറയുന്നു: ആദമിനെ പടച്ചതിനെപ്പറ്റി ഖുർആൻ വിവിധ സ്ഥലങ്ങളിൽ പറയുന്നു:

ആദമിനെപ്പടച്ചത് മണ്ണുകൊണ്ട്
തേജസ്സുള്ള കറുത്ത ചളികൊണ്ട്.
ഒട്ടുന്ന കളിമണ്ണുകൊണ്ട്.
മുട്ടിയാൽ മുഴങ്ങുന്ന, ചൂളവെച്ച മണ്ണുകൊണ്ട്. ഖുർആൻ.

മണ്ണുകൊണ്ടാണെന്നും, തേജസ്സുള്ള കറുത്ത ചളികൊണ്ടാണെന്നും, ഒട്ടുന്ന കളിമണ്ണുകൊണ്ടാണെന്നും, മുട്ടിയാൽ മുഴങ്ങുന്ന ചൂളവെച്ച മണ്ണുകൊണ്ടാണെന്നും പല സ്ഥലങ്ങളിലായിപ്പറയുന്നു. ഇതിൽ വൈരുധ്യമില്ല. കാരണം, ഇവയുടെയെല്ലാം ധാതു മണ്ണാണ്. കറുത്തചളി, ചൂളവെച്ച മണ്ണ്, ഒട്ടുന്നകളിമണ്ണ് എന്നിവയെല്ലാം അടിസ്ഥാനപരമായി മണ്ണുതന്നെ. അതേ ഇവിടെ ഉദ്ദേശ്യമുള്ളൂ. മണ്ണു കറുത്ത ചളിയായി, പിന്നെ ഒട്ടുന്ന കളിമണ്ണായി. പിന്നെ ചൂളവെച്ചപ്പോൾ, മുട്ടിയാൽ മുഴങ്ങുന്ന പരുവത്തിലായി. സാധനമെല്ലാം ഒന്നുതന്നെ. ഒടുവിൽ ഇതെല്ലാം പഴയ അവസ്ഥയിലേക്കു മടങ്ങി ഒന്നാവുകയും ചെയ്യുന്നു.

മറെറാരു ഉദാഹരണം ഖുർആൻ പറയുന്നു: —

അന്നു ജിന്നുകളോടോ, മനുഷ്യരോടോ പാപങ്ങളെപ്പററി ചോദിക്കയില്ല.

മറെറാരിടത്തു പറയുന്നു:

അവരെ അവിടെ നിർത്തുവിൻ. അവർ ചോദ്യം ചെയ്യപ്പെടേണ്ടവരാണ്,.

സമുദായത്തേയും, സമുദായത്തിലേക്കയക്കപ്പെട്ട മുർസലീങ്ങളെയും നാം ചോദ്യം ചെയ്യും. ഖുർആൻ.

ഇവിടെ ആദ്യത്തെ ആയത്തിൽ പറയുന്നതു ചോദ്യം ചെയ്യാതെ കർമ്മങ്ങൾക്കനുസരിച്ച പ്രതിഫലം നല്കുമെന്നാണ്. മറേറതു രണ്ടിലും പറയുന്നതു ചോദ്യം ചെയ്യുമെന്നും. പക്ഷെ ഇവിടെ വൈരുധ്യം വാക്കുകളിൽ മാത്രമാണ്. കാരണം ചോദ്യം ചെയ്യുമെന്നു പറഞ്ഞത് തൗഹീദിലും, പ്രവാചകന്മാരിലുമുള്ള വിശ്വാസത്തെക്കുറിച്ചാണ്. ചോദ്യം ചെയ്യുകയില്ലെന്നു പറഞ്ഞതാകട്ടെ, ശരീഅത്തിൻെറ ശാഖാപരമായ കാര്യങ്ങളെക്കുറിച്ചാണ്.

ചിലർ പറയുന്നതിങ്ങനെയല്ല, ഖിയാമം നാളിൽ പല താവളങ്ങളിലും ചെന്നു നിൽക്കേണ്ടതുണ്ട്. ചിലേടത്തു ചോദ്യമുണ്ടാകും. ചിലേടത്തുണ്ടാവുകയില്ല. ഈ അഭിപ്രായവും അംഗീകൃതമാണ്. വേറെ ചിലർ പറഞ്ഞ ന്യായം, ചോദ്യം എല്ലാവർക്കുമുണ്ടാകും. പക്ഷെ അതു സംഗതിയറിയാനോ, ഒഴികഴിവുകൾ അംഗീകരിക്കാനോ വേണ്ടിയുള്ള വിചാരണയല്ല. കാരണം, സംഗതിയെല്ലാം നേരത്തെതന്നെ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഒഴികഴിവുകൾക്കവിടെ പ്രസക്തിയുമില്ല. പിന്നെ വിചാരണ ചെയ്യുന്നതു പേടിപ്പിക്കാൻ വേണ്ടിമാത്രം. അതിനാൽ ഒരർത്ഥത്തിൽ അതൊരു വിചാരണയേ അല്ല. ബാഹ്യമായി വിചാരണയാണെന്നു പറയാം താനും. ഈ രണ്ടുതരം വീക്ഷണകോണിലൂടെ നോക്കിയിട്ടാണ് വിചാരണ ഉണ്ടെന്നും, ഇല്ലെന്നും പറഞ്ഞത്. രണ്ടും രണ്ടർത്ഥത്തിൽ ശരിയാകയാൽ വൈരുധ്യമില്ല.

മറെറാന്ന്: — ഖുർആൻ പറയുന്നു: —

അല്ലാഹു ദുർവൃത്തിയും, തിൻമയും ചെയ്യാൻ കൽപിക്കുകയില്ല തന്നെ

മറെറാരിടത്തു പറഞ്ഞു: —

നാം തദ്ദേശത്തുള്ള സുഖിയരോടു പാപം ചെയ്യാൻ കൽപിച്ചപ്പോൾ അവർ ചെയ്തു

ഇവിടെ ആദ്യത്തെ ആയത്തിൽപറഞ്ഞു തിന്മ ചെയ്യാൻ മനുഷ്യനോടല്ലാഹു കൽപിക്കയില്ലെന്ന്. രണ്ടാമത്തേതിൽ പറഞ്ഞു തദ്ദേശക്കാരോടു പാപം ചെയ്യാൻ കൽപിച്ചപ്പോൾ ചെയ്തുവെന്ന്. ഇതിൽ പക്ഷെ വൈരുധ്യമില്ല. കാരണം, പാപത്തിന്നു കല്പിക്കയില്ലെന്നു പറഞ്ഞതു 'ശറഇ'യായ കല്പനയെപ്പററിയാണ്. അല്ലാഹു ഒരിക്കലും പാപം ചെയ്യൽ ഹലാലാക്കുകയില്ലെന്നർത്ഥം. പാപത്തിന്നവൻ കൽപിക്കുമെന്നു പറഞ്ഞതാകട്ടെ 'വിധി' നിശ്ചയത്തിൽ അങ്ങനെ ചെയ്യുമെന്ന അർത്ഥത്തിലാണ്. പാപം ചെയ്യുന്നതു അല്ലാഹു വിധിച്ചതു കൊണ്ടാണെന്ന കാര്യത്തിൽ സംശയമില്ലല്ലോ.

മറെറാന്നു ഖുർആൻ പറഞ്ഞു: —

സൻമാർഗ്ഗം കിട്ടിയപ്പോൾ പശ്ചാത്തപിക്കാ

നും, വിശ്വസിക്കാനും ജനങ്ങൾക്കു തടസ്സമായത്, പൂർവ്വീകരുടെ അനുഭവം അവരിൽ വന്നെത്തിയതോ ശിക്ഷ അവരെ അഭിമുഖീകരിച്ചതോ മാത്രമായിരുന്നു.

മറെറാരായത്തിൽ പറയുന്നു:—

സൻമാർഗ്ഗം വന്നുകിട്ടിയപ്പോൾ വിശ്വസിക്കാൻ ജനങ്ങൾ തടസ്സമായതു അവരുടെ ഒരു വാദം മാത്രമാണ് ഒരു മനുഷ്യനെയാണോ അല്ലാഹു പ്രവാചകനായി അയക്കുന്നതെന്ന വാദം

ഇവിടെ ഒന്നാമത്തെ സൂക്തത്തിൽ പറഞ്ഞു: സൻമാർഗ്ഗത്തിലേക്കു ക്ഷണിച്ചിട്ടും ജനങ്ങൾ വിശ്വസിക്കാതിരിക്കുന്നതു രണ്ടുകാരണങ്ങളാൽ മാത്രമാണ് —1 പൂർവ്വീകരുടെ ചരിത്രം അവരിലും ആവർത്തിച്ചു. അതായതു ഭൗതീകമായ ശിക്ഷകൾ, പ്രകൃതീകോപങ്ങൾ, അവരെ ബാധിച്ചു. പിന്നെ അവർക്കു വിശ്വസിക്കാൻ അവസരം കിട്ടിയില്ല. 2_ പരലോകശിക്ഷയെ അഭിമുഖീകരിച്ചപ്പോൾ മാത്രമാണവർക്കു ബോധം വന്നത്. പിന്നെ അവിശ്വസിക്കാൻ അവസരമുണ്ടാക്കിയില്ലല്ലോ. ഇതുരണ്ടും മാത്രമാണ് വിശ്വസിക്കാൻ ജനങ്ങളിൽ ചിലർക്കു തടസ്സമാകുന്നതെങ്കിലും, യഥാർത്ഥ തടസ്സം മറെറാന്നാണ്. ഇവർ വിശ്വസിക്കാൻ അല്ലാഹുവിൻെറ ഇച്ഛയില്ലായ്മയാണത്. ഈ ഒരൊററകാരണം മാത്രമാണവർ വിശ്വസിക്കാത്തതിൻെറ പിന്നിലുള്ളത്. മറേറതുരണ്ടും ബാഹ്യകാരണങ്ങൾ മാത്രം.

രണ്ടാമത്തെ ആയത്തിൽ പറയുന്നതു ജനങ്ങൾ ചിലർ വിശ്വസിക്കാതിരിക്കാനുള്ള ഏകകാരണം മനുഷ്യനെ പ്രവാചകനാക്കി അയച്ചതാണെന്നാണ്. ഇതും സാക്ഷാൽക്കാരണമല്ല, വെറും ബാഹ്യകാരണമാണ്

സാക്ഷാൽകാരണമാകട്ടെ അല്ലാഹുവിൻെറ ഇച്ഛയില്ലായ്മതന്നെ. ആകയാൽ ജനങ്ങൾ വിശ്വസിക്കാതിരിക്കാനുള്ള സാക്ഷാൽകാരണം രണ്ടായത്തിലും പറഞ്ഞിട്ടില്ല. ബാഹ്യകാരണങ്ങളിൽ ചിലതു എടുത്തു കാണിക്കുക മാത്രമാണ് ചെയ്തത്. ആ ബാഹ്യകാരണങ്ങളാകട്ടെ എല്ലാ സമുദായങ്ങൾക്കും ഒന്നല്ല-പലതാണ്താനും. ചിലർ ഭൂകമ്പം പോലുള്ള പ്രകൃതിവിപത്തുകളേററു നശിച്ചതുമൂലം വിശ്വസിക്കാൻ അവസരം നഷ്ടപ്പെട്ടു. അതുവരെ അവർ വിശ്വസിച്ചില്ല ചിലരാകട്ടെ പാരത്രികശിക്ഷ വന്നെത്തുമ്പോൾമാത്രം കണ്ണുതുറക്കുന്നവരാണ്. ചിലർ വിശ്വസിക്കാതിരിക്കാൻ കാരണം പറഞ്ഞത് മനുഷ്യനെ പ്രവാചകനാക്കി അയച്ചാൽ വിശ്വസിക്കാൻ പററില്ലെന്നാണ്. ആകയാൽ പലർക്കും പല കാരണമാകയാൽ ഇവിടെ വൈരുദ്ധ്യങ്ങളൊന്നുമില്ല.

ഇവിടെ മറെറാരു ന്യായം കൂടിയുണ്ട്. ഒന്നാമത്തെ ആയത്തിന്നർത്ഥം ഇങ്ങനെയാണ്:— ജനങ്ങൾ വിശ്വസിക്കാൻ തടസ്സങ്ങൾ രണ്ടുമാത്രം 1_ അവരിൽ പൂർവ്വീകർക്കനുഭവപ്പെട്ട ഭൗതീകശിക്ഷ വന്നെത്താനുള്ള അല്ലാഹുവിൻെറ ഇച്ഛ. 2 അല്ലെങ്കിൽ അവർക്ക് പാരത്രിക ശിക്ഷയനുഭവിക്കേണമെന്നുള്ള അല്ലാഹുവിൻെറ ഇച്ഛ. ഇതിലേതെങ്കിലുമൊന്നു മാത്രമാണവർക്കു വിശ്വസിക്കാൻ തടസ്സമാകുന്നത്. ഇപ്പറഞ്ഞത് സാക്ഷാൽകാരണമാണ്.

രണ്ടാമത്തെ ആയത്തിൽ പറയുന്നതാകട്ടെ, ഒരു മനുഷ്യനെ റസൂലാക്കി അയച്ചതു മാത്രമാണവർക്കു വി

ശ്വസിക്കാൻ തടസ്സമായത്. ഇതു സാക്ഷാൽകാരണമല്ല. പിന്നെയോ, ബാഹ്യമായ കാരണമാണ്. ആകയാൽ ആദ്യത്തെ ആയത്തിൽ, അവർ വിശ്വസിക്കാതിരിക്കാനുള്ള സാക്ഷാൽകാരണവും, രണ്ടാമത്തെ ആയത്തിൽ ബാഹ്യകാരണവുമാണ് പറഞ്ഞത്. തൻമൂലം രണ്ടുംതമ്മിൽ വൈരുദ്ധ്യമില്ല. (ഇത്ഖാൻ-2/39)

മറ്റൊരുദാഹരണം: ഖുർആനിൽ പലയിടങ്ങളിലായി പറയുന്നു:

അല്ലാഹുവിന്റെ പേരിൽ നുണകെട്ടിച്ചമക്കുന്നവനേക്കാൾ അക്രമി മറ്റാരുണ്ട്.

റബ്ബിന്റെ ആയത്തുകൾ കേട്ടിട്ടും പിന്തിരിഞ്ഞു പോകുന്നവനേക്കാൾഅക്രമി മറ്റാരുണ്ട്.

അല്ലാഹുവിന്റെ പള്ളികളിൽ തടസ്സം സൃഷ്ടിക്കുന്നവനേക്കാൾ വലിയ അക്രമി മറ്റാരുണ്ട്. ഖുർആൻ.

ഇവിടെ ആദ്യത്തെ ആയത്തിൽ അല്ലാഹുവിൽ നുണ കെട്ടിച്ചമക്കുന്നവനാണ് ഏറ്റവും വലിയ അക്രമി രണ്ടാമത്തേതിൽ ആയത്തുകൾ കേട്ടിട്ടും വിലവെക്കാതെ പിന്തിരിയുന്നവനും, മൂന്നാമത്തേതിൽ പള്ളിയിൽ തടസ്സമുണ്ടാക്കുന്നവനുമാണേറ്റവും വലിയ അക്രമി. പക്ഷെ ഇവിടെ വൈരുദ്ധ്യമില്ല. കാരണം തടസ്സം സൃഷ്ടിക്കുന്ന കൂട്ടരിൽവെച്ചേറ്റവും വലിയ അക്രമിയാണ് പള്ളിയിൽ തടസ്സം സൃഷ്ടിക്കുന്നവൻ. പച്ചനുണക്കാരിൽ വെച്ചേറ്റവും വലിയ അക്രമി. അല്ലാഹുവിന്റെ പേരിൽ നുണ കെട്ടിച്ചമക്കുന്നവനാണ്. പിന്തിരിയുന്നവരിൽവെച്ചേറ്റവും വലിയ അക്രമി ഖുർആൻ കേട്ടു വിലവെക്കാതെ പിന്തിരിയുന്നവനാണ്.

മറ്റൊന്ന്: ഒരാൾവന്നു പണ്ഡിതനോടു ചോദിച്ചു: ഖുർആനിൽ അല്ലാഹു അരുളി: –

ഞാൻ ഈ നാടുകൊണ്ടു സത്യം ചെയ്യുന്നില്ല.

മറ്റൊരിടത്തു അല്ലാഹു ഈ നാടുകൊണ്ടു സത്യം ചെയ്യുന്നു–

ഈ വിശ്വസ്തമായ നാടിനെത്തന്നെ സത്യം ഖുർആൻ.

ഇവിടെ വൈരുദ്ധ്യമില്ലേ?' പണ്ഡിതൻ പറഞ്ഞു: എന്താണ് താങ്കൾക്കു വേണ്ടത്– താങ്കളെ ഞാൻ വഷളാക്കിയശേഷം മറുപടി പറയുകയോ– അതോ, മറുപടി പറഞ്ഞശേഷം വഷളാക്കുകയോ?' അയാൾ പറഞ്ഞു: 'മറുപടി പറയുന്നതിന്നുമുമ്പുതന്നെ വഷളാക്കാം.'

പണ്ഡിതൻ പറഞ്ഞു: മനുഷ്യാ, ഈ ഖുർആൻ അവതരിച്ചത് ആരുടെ മുമ്പിലാണെന്നറിയാമോ? അന്നത്തെ സാഹിത്യത്തമ്പുരാക്കന്മാരുടെ മുമ്പിൽ. അവരൊക്കെഒരു തെറ്റു കണ്ടെത്താൻ കണ്ണിലെണ്ണയൊഴിച്ചു കാത്തിരിക്കുകയായിരുന്നു എന്നിട്ടും അവരാരും കണ്ടെത്താത്ത തെറ്റാണിത്. കാരണം അവർ പണ്ഡിതരായിരുന്നു. അവർക്കിതു തെറ്റായിത്തോന്നിയില്ല. ജാഹിലായ നിനക്കിതു തെറ്റ്! ഇനി കേട്ടോളൂ. അറബി സാഹിത്യകാരന്മാരുടെ പതിവാണ് ചില സ്ഥലങ്ങളിൽ നിഷേധാക്ഷരമായ 'ലാ' ചേർക്കൽ. അതിന്നവർ അർത്ഥം കല്പിക്കാറില്ലതാനും. അക്കൂട്ടത്തിലാണ് ഈ പ്രയോഗവും.' തുടർന്നദ്ദേഹവും ഉദാഹരണങ്ങൾക്ക് ചില കവിതകൾ ചൊല്ലിക്കേൾപ്പിച്ചു.

ഉസ്താദ് അബൂഇസ്ഹാഖുൽഇസ്ഫറാനി (റ)പറ
യുന്നു: രണ്ടായത്തുകൾതമ്മിൽ വൈരുധ്യം കാണുകയും ഒ
രു തരത്തിലും അവതമ്മിൽ യോജിപ്പിക്കാൻ കഴിയില്ലെ
ന്നുറപ്പുവരികയും ചെയ്താൽപിന്നെ അവ രണ്ടും അവതരി
പ്പിച്ചകാലം പരിശോധിക്കണം. എന്നിട്ട് ആദ്യം അവതരി
ച്ചതു ദുർബ്ബലപ്പെട്ടത് — മൻസൂഖ്-ആണെന്നുവെക്കണം
കാലം അജ്ഞാതമെങ്കിൽ പിന്നെ ഏകകണ്ഠമായ–ഇജ്
മാഅ്– പണ്ഡിതാഭിപ്രായത്തോട് യോജിക്കുന്നതിനെ
പ്രബലമാക്കുകയും, മറ്റേതു 'മൻസൂഖാ'ണെന്നുവെക്കുക
യും വേണം. ഈ നിലപാട് സ്വീകരിച്ചാൽപിന്നെ
ഖുർആനിൽ വൈരുധ്യമുള്ള ആയത്തുകളുണ്ടാവില്ല.'

(ഇത്ഖാൻ2/40)

ഖുർആനിലെ അവ്യക്ത പ്രയോഗങ്ങൾ!

ഈ വിഷയത്തെസ്സംബന്ധിച്ചുമാത്രം ഓരോ ഗ്രന്ഥ
മെഴുതിയവരാണ് ഇമാം സുഹൈലി, ഇമാം ഇബ്ന
അസാകിർ, ഖാളീ ബദറുദ്ദീൻ തുടങ്ങിയവർ ഇമാം സു
യൂഥിയും ഇതിനെപ്പറ്റി സ്വന്തമായൊരു ഗ്രന്ഥം രചി
ച്ചിട്ടുണ്ട്. ചിലകാര്യങ്ങൾ അവ്യക്തമായിപ്പറഞ്ഞുകാ
ണാം. പലരുടെയും പേരുപറയാതെ അവരെസ്സംബ
ന്ധിച്ചുള്ള ചില കാര്യങ്ങൾ പറയുന്നുമുണ്ട്. പിന്നീട്
ചിലരൊക്കെ ഈ സൂചിതവ്യക്തികളെ തെരഞ്ഞുപി
ടിക്കുകയുമുണ്ടായി. ഇക്‌രിമ (റ) പറയുന്നു ഖുർആൻ
ഒരാളെപ്പറ്റി പറഞ്ഞു:

അയാൾ തൻെറ വീട്ടിൽനിന്നു പുറപ്പെ

**ട്ടു അല്ലാഹുവിങ്കലേക്കും റസൂലിലേക്കും ഹി
ജ്റയായിട്ട്. എന്നിട്ട് അയാളെ മരണം പി
ടികൂടി**

ഈ മനുഷ്യൻ ആരെന്ന് ഞാൻ പതിനാലുകൊല്ലം അ
ന്വേഷണം നടത്തിയെങ്കിലും വ്യക്തമായില്ല.'

ഖുർആൻ എന്തിനിങ്ങനെ അവ്യക്തമാക്കിപ്പറയു
ന്നു? ആളുടെ പേരായാലും മറ്റെന്തായാലും തുറന്നുപറ
ഞ്ഞുകൂടേ? എന്താണിതിലടങ്ങിയ പൊരുൾ? പല കാ
രണങ്ങളുമുണ്ട്. 1- മുമ്പൊരിക്കൽ അതു വ്യക്തമായി
പ്പറഞ്ഞിരിക്കാം. ഉദാഹരണം: –

**തമ്പുരാനേ, നീ അനുഗ്രഹിച്ചവരുടെ
മാർഗ്ഗത്തിൽ ഞങ്ങളെച്ചേർക്കേണമേ**

ആരാണനുഗ്രഹിച്ചവരെന്നു ഇവിടെ പറഞ്ഞില്ല.
പക്ഷെ മുമ്പ് ഒരിടത്തു പറഞ്ഞു: —

**നബിമാർ, സ്വിദ്ദീഖുകൾ, ശുഹദാക്കൾ
സാലിഹുകൾ ഇവരാണല്ലാഹു അനുഗ്രഹി
ച്ചവർ — ഖുർആൻ.**

2_ പറയാതെത്തന്നെ മനസ്സിലാകത്തക്കവിധം പല
ർക്കെ അറിയുന്നതാകയാൽ തുറന്നു പറഞ്ഞില്ലെന്നുവരും.
ഉദാ: —

**നാം അരുളി—ആദമേ, നീ നിൻെറ ഇണ
യും സ്വർഗ്ഗത്തിൽ താമസിച്ചുകൊൾക**

(ഖുർആൻ)

ഇവിടെ ആദമിൻെറ ഇണയുടെ പേരുപറയാതിരു
ന്നത് അതെല്ലാവർക്കും അറിയുന്നതു കൊണ്ടാണ്. ഹ
വ്വയല്ലാതെ മറ്റൊരിണ ആദമിന്നില്ലല്ലോ.

3 മനപ്പൂർവ്വം മറച്ചുവെക്കുന്നത്. കാരണം വെളിപ്പെടുത്തുന്നതിനേക്കാൾ മർമ്മത്തു കൊള്ളും മറച്ചുവെച്ചാലായിരിക്കാം. ഉദാ: –

നബിയേ, ഒരുത്തൻ ജനങ്ങളുടെകൂട്ടത്തിലുണ്ട് – ഭൗതീക ജീവിതത്തിൽ അയാളുടെ സംസാരം താങ്കളെ അതിശയിപ്പിക്കും

(ഖുർആൻ)

അഖ്നസുബിൻശരീഫാണിവിടെ സൂചന. പക്ഷെ ഇദ്ദേഹം പിന്നീട് ഇസ്‌ലാമതം പുൽകി സമ്പൂർണ്ണത നേടുകയുണ്ടായി.

4. തുറന്നുപറയുന്നതിൽ പ്രത്യേക കാര്യമൊന്നുമുണ്ടാവുകയില്ല. തന്മൂലം അവ്യക്തമാക്കുന്നു. ഉദാ:—

അല്ലെങ്കിൽ ഒരാളെപ്പോലെ, അയാൾ ഒരു ഗ്രാമത്തിലൂടെ നടന്നു പോവുകയായിരുന്നു — ഖുർആൻ.

ഈ ഗ്രാമമേതെന്നോ, ആരാണാ യാത്രക്കാരനെന്നോ നിജപ്പെടുത്തിയില്ല.

5. ഒരാളെക്കുറിച്ചാണ് പറയുന്നതെങ്കിലും എല്ലാവർക്കും ബാധകമായിരിക്കാൻ വേണ്ടി ആളുടെ പേരുപറയുന്നില്ല. ഉദാ: —

ഒരുത്തൻ തന്റെ വീട്ടിൽനിന്ന് ഹിജ്റ പോകാനായി പുറപ്പെട്ടാൽ ...... — ഖുർആൻ

ഇതവതരിക്കാൻ കാരണം ഒരു സഹാബി ഹിജറക്കു പുറപ്പെട്ടതാണെങ്കിലും എല്ലാവർക്കും ബാധകമായ കാര്യമാണ് പിന്നീട് പറയുന്നത്,

6. പേരു പറയാതെ അയാളെ തന്റെ സമ്പൂർണ്ണ വി

ശേഷണം പറഞ്ഞുകൊണ്ടാദരിക്കൽ. ഉദാഹരണം:

സത്യവുമായിവന്ന് അതിൽ വിശ്വസിച്ച വ്യക്തി തന്റെ കൂട്ടുകാരനോടു പറഞ്ഞ ഘട്ടം — ഖുർആൻ.

ഇവിടെ വ്യക്തികൊണ്ടുദ്ദേശ്യം സിദ്ദീഖും കൂട്ടുകാരൻ നബിയുമാണ്. രണ്ടുപേരും സൗർഗുഹയിലൊളിച്ചപ്പോൾ ശത്രുക്കൾ വന്നെത്തി നോക്കിയ ഘട്ടത്തിൽ സിദ്ദീഖു ചോദിച്ചു - നബിയോടു അവരിങ്ങോട്ടു കടന്നുവന്നാൽ നാമെന്തുചെയ്യുമെന്ന്, നമ്മുടെ കൂടെ അല്ലാഹുവുണ്ട്. നാമൊററക്കല്ല. ഭയപ്പെടേണ്ട എന്നു നബി മറുപടി നൽകി. ഈ സംഭവത്തിലേക്കു പക്ഷെ ഖുർആൻ വിരൽ ചൂണ്ടിയപ്പോൾ രണ്ടാളുടെ പേരും പറഞ്ഞില്ല. വിശേഷണങ്ങൾ മാത്രം നൽകി. കാരണം അവരെ ആദരിക്കാൻ അതാണവിടെകരണീയം.

7. നിന്ദിക്കാൻ വേണ്ടിയും ചിലപ്പോൾ പേരുപറയാതിരിക്കും. ഉദാ:

നബിയേ, താങ്കളെ പുച്ഛിക്കുന്നവൻ തന്നെയാണ് വാലററവൻ — ഖുർആൻ.

തിരുമേനിയുടെ ആൺമക്കളൊക്കെ മരിച്ചപ്പോൾ ആസിബിൻ വാഇൽ പരിഹസിച്ചു. മുഹമ്മദ് വാലററവനാണെന്ന്. മുഹമ്മദ പിൻഗാമികളില്ലാതെ വേരററുപോകുന്ന പാഴ്ച്ചെടിയാണെന്നർത്ഥം. അല്ല, ആസിബ്നിൻവാഇൽ തന്നെയാണ് പിൻഗാമികളില്ലാതെ ശൂന്യം പിടിച്ചവൻ എന്നാണിവിടെ മറുപടി നൽകുന്നത്. പക്ഷെ അയാളുടെ പേരു പറഞ്ഞില്ല. നിന്ദിക്കാൻവേണ്ടിയാണിത്.

അലി (റ) പറയുന്നു: "ഖുറൈശികളിൽ ഒരാളെപ്പററിയും ഖുർആൻ ആയത്തു അവതരിക്കാതിരുന്നിട്ടില്ല. ഒരായത്തെങ്കിലും!" ഒരാൾവന്നു ചോദിച്ചു. "എങ്കിൽ അങ്ങയെപ്പററി അവതരിച്ച ആയത്തേതാണ്?" അലി (റ) അരുളി:

അതിൽനിന്നൊരു സാക്ഷി അതു പാരായണം ചെയ്യുന്നു

എന്ന ആയത്തു എന്നെക്കുറിച്ചാണ്." സഅ്ദുബിൻ അബീവഖാസ് (റ) പറയുന്നു: എന്നെക്കുറിച്ചു നാലു ആയത്തുകളവതരിച്ചു: –

1. **നബിയേ, താങ്കളോടവർ ഗനീമത്തുകളെക്കുറിച്ചു അന്വേഷിക്കുന്നു** ....എന്നു തുടങ്ങുന്നആയത്ത്.
2. **മാതാപിതാക്കൾക്കു നൻമ ചെയ്യാൻ നാം മനുഷ്യനോടുപദേശിച്ചു** എന്നു തുടങ്ങുന്ന ആയത്ത്.
3. **കള്ളു ഹറാമാക്കാനവതരിച്ച ആയത്ത്**
4. **അനന്തരാവകാശം വിഭജിക്കുന്നതു സംബന്ധമായ ആയത്ത്."**

രിഫാഅത്തുൽ ഖുർളി (റ) പറയുന്നു:

അവർക്കു നാം പദങ്ങൾ ചേർത്തുകൊടുത്തു എന്നുതുടങ്ങുന്ന ആയത്തവതരിച്ചതു ഞാൻ ഉൾപ്പെടെയുള്ള പത്തുപേരെക്കുറിച്ചാണ്."

ജുനൈദബിൻ സബുഅ് (റ) പറയുന്നു: –

വിശ്വാസികളായ ചില പുരുഷൻമാരും സ്ത്രീകളുമില്ലായിരുന്നുവെങ്കിൽ

എന്നുതുടങ്ങുന്ന ആയത്തവതരിച്ചത് ഞങ്ങൾ ഒമ്പതാളുകളെക്കുറിച്ചാണ്. ഏഴുപുരുഷന്മാരും രണ്ടു സ്ത്രീകളുമാണക്കൂട്ടത്തിലുള്ളത്.

ഖുർആനിൽനിന്നു കോപ്പിയടിച്ച വ്യാജ പ്രവാചകൻമാർ

അബൂജാഹിലും മററും ഖുർആനു പാരഡികൾ രചിച്ചതു നാം കണ്ടു. ഇനി അക്കാലത്തു യമാമയിൽ പ്രത്യക്ഷപ്പെട്ടവ്യാജപ്രവാചകനായ മുസൈലിമ ഖുർആനെ അനുകരിച്ചുരചിച്ച ചില വിചിത്രസൂക്തങ്ങൾ പരിചയപ്പെടാം. അതൊക്കെ ദൈവം തനിക്കവതരിപ്പിച്ചു തരുന്നതാണെന്നാണിയാൾ അവകാശപ്പെട്ടത്. ഒരിക്കലിയാൾ നബിതിരുമേനിയെച്ചെന്നുകണ്ടു ഒരു അനുരഞ്ജനത്തിനു ശ്രമിച്ചു – പകുതി ഭൂമിക്ക് എനിക്കും പകുതി അങ്ങേക്കും. നമുക്കു ഇങ്ങനെ സന്ധിയാവാമെന്നയാൾ തിരുമേനിയോടപേക്ഷിച്ചു. തിരുമേനിയരുളി– "ഭൂമി ആർക്കും പകുത്തെടുക്കാനവകാശമില്ല. അല്ലാഹു തനിക്കിഷ്ടമുള്ളവർക്കു കൊടുക്കും". അക്കാലത്തു സജാഹിയെന്നൊരു സ്ത്രീയും പ്രവാചകത്വവാദമുന്നയിച്ചിരുന്നു. അവൾ സൈന്യസമേതംമുസൈലിമയെ കീഴടക്കാൻ ചെന്നു. മുസൈലിമ തന്ത്രത്തിൽ അവളെ വശീകരിച്ചു കല്യാണം കഴിച്ചു. പിന്നെ വഹ്യിറങ്ങിയതു രണ്ടാൾക്കും കൂടിയാണ്. ഒടുവിൽ നബിതിരുമേനിയുടെ വിയോഗാനന്തരം ഇയാളുമായി മുസ്‌ലിംസൈന്യം ഏററുമുട്ടി. എഴുപതിനായിരം പടയാളികൾ ഇയാൾക്കുണ്ടായിരുന്നു. തന്മൂലം ഭയങ്കര യുദ്ധമാണു നടന്നത്. അവസാനം ഈ വ്യാജൻ മുസ്‌ലിം സൈന്യത്തിന്റെ വാളിന്നിരയായി. സജാഹി നേരത്തെ രക്ഷപ്പെട്ടിരുന്നു. അവൾ പിന്നീടു ഇസ്‌ലാമതം സ്വീകരി

ക്ഷകയാണുണ്ടായത്. മുസൈലിമക്കിറങ്ങിയ വഹ്‌യുകളുടെ ചില മാതൃകകളിതാ: ചിരിച്ചു മണ്ണുകപ്പുന്ന രചനാ വൈകൃതങ്ങൾ!:-

ഇരുൾമുററിയ രാത്രി സാക്ഷി, കറുത്തു നീണ്ട ചെന്നായും സാക്ഷി, ചെത്തിമിനുക്കിയ തടിമരവും സാക്ഷി. ഉസൈദു ആദരണീയമായതൊന്നും പിച്ചിച്ചീന്തിയിട്ടില്ല.

ഉസൈദ്, മുസൈലിമയുടെ അടുത്ത ശിഷ്യനാണ്. ഇതവതരിക്കാൻ കാരണം മുസൈലിമയുടെ ശിഷ്യർ തമ്മിലുണ്ടായ ഒരു തർക്കമാണത്രെ. മറെറാന്ന്:-

ഇരുണ്ട രാത്രി സാക്ഷി, ഒച്ചപ്പെടുത്താതെ വരുന്ന ചെന്നായും സാക്ഷി, പച്ചയോ, ഉണങ്ങിയതോ ആയ ഒന്നിനെയും ഉസൈദു കേടു വരുത്തിയിട്ടില്ല. ഉസൈദിനെ രക്ഷിക്കാനിറങ്ങിയ ആയത്തുകളാണിത്.

മറെറാന്ന്:—

ആടും, അതിന്റെ നിറങ്ങളും സാക്ഷി, അവയിൽ ഏററവും അൽഭുതകരമായ കറുത്ത ആടും വെളുത്തപാലും സാക്ഷി, ആടിന്നു കറുപ്പും, പാലിന്നു വെളുപ്പും അൽഭുതംതന്നെ. ശുദ്ധമായ അൽഭുതം! അതിൽ വെള്ളം ചേർക്കൽ നിഷിദ്ധം. ഇതൊക്കെ കണ്ടിട്ടും നിങ്ങളിലെന്തുകൊണ്ടു ഐക്യമുണ്ടാകുന്നില്ല?

കറുത്ത ആടിന്നു വെളുത്ത പാലുണ്ടായിട്ടും നിങ്ങൾക്ക ഐക്യമില്ല.

മറെറാന്ന്:—

രണ്ടു തവളകൾക്കു ജനിച്ച തവളപ്പുത്രി അതു നീ പൊന്തിക്കിടക്കുന്ന ജലോപരിതലം വൃത്തിയാക്കുന്നു. നിന്റെ അധോവശത്തു ചളിയും അതു വൃത്തിയാക്കുന്നു. വെള്ളം പാനം ചെയ്യുന്നവർക്ക് തടസ്സം സൃഷ്ടിക്കുന്നില്ല. ഭൂമി പകുതി നമുക്കും, പകുതി ഖുറൈശികൾക്കുമുള്ളതാണ്. പക്ഷെ ഖുറൈശികൾ അതിർത്തി ലംഘിക്കുന്ന കൂട്ടരാണ്.

ഉപദ്രവം ചെയ്യാത്ത തവളകളായ നമ്മെ ഖുറൈശികൾ വെറുതെ അക്രമിക്കുന്നുവെന്നർത്ഥം.

മറെറാന്ന്:

ഞാറു നടുന്ന സ്ത്രീകൾ സാക്ഷി, അതു കൊയ്യുന്ന സ്ത്രീകളും സാക്ഷി, ഗോതമ്പു മെതിക്കുന്ന വനിതകൾ സാക്ഷി, അതു പൊടിക്കുന്ന സ്ത്രീകളും സാക്ഷി, റൊട്ടി ചുടുന്ന വനിതകളും സാക്ഷി, പത്തിരി ചുടുന്നവരും സാക്ഷി, മാവു കുഴച്ച് നെയ്യ് പുരട്ടി അടിച്ചു പരത്തുന്നവരും സാക്ഷി, കാലിമേച്ചു ജീവിക്കുന്ന കൂട്ടരേക്കാൾ ഉത്തമർ നിങ്ങൾതന്നെ. നാട്ടിൻപുറത്തുകാരേക്കാൾ നിങ്ങളെത്രയോ ഉന്നതർ നിങ്ങളുടെ ഉമിനീർ തടഞ്ഞുവെക്കുവിൻ. അക്രമിയെ കരുതിയിരിപ്പിൻ.

മുസ്‌ലിംകളെയാണിയാൾ കാലി മേക്കുന്നവരെന്നും നാടന്മാരെന്നുമൊക്കെ വിശേഷിപ്പിച്ചത്. കാരണം, ഇസ്‌ലാമിക ശക്തി ഇയാൾക്ക ഭീഷണിയായിരുന്നു. ഈ വാക്യങ്ങൾ, ഖുർആനിലെ 'വൽ_ആദിയാത്തി' എന്ന അധ്യായത്തിന്റെ അനുകരണമാണ്.

പ്രവാചകത്വം അവകാശപ്പെട്ട തമീംഗോത്രക്കാരിയായ സജാഹിയെ ഈ വ്യാജൻ വിവാഹം ചെയ്തുവെന്നു പറഞ്ഞല്ലോ. അവൾ അവനോട് ചോദിച്ചു: 'താങ്കൾക്കിപ്പോൾ ഇറങ്ങിയ ആയത്തേതാണ്?'

അയാൾ ആയത്തോതി: 'അലംതറ കൈഫ' എന്ന സൂറയുടെ അനുകരണമാണ് ഇത്:

ഗർഭിണികളെ നിന്റെ റബ്ബു എന്തു ചെയ്തുവെന്നു കണ്ടില്ലേ? അവളിൽനിന്നൊരു ചലനമുള്ള കുഞ്ഞിനെ അവൻ പുറത്തുകൊണ്ടുവന്നു. അവളുടെ കുടൽമാലയുടെയും വാതിൽപൊളിയുടെയും ഇടയിൽനിന്ന്.

ഇവിടെ വാതിൽപൊളി അശ്ലീലമാണ്.

അവൾ ചോദിച്ചു: ''മറ്റൊന്നു കേൾപ്പിക്കാമോ?'' അയാൾ ഉടനെ ആയത്തോതി: 'ഇദാ, ജാഅ, നസ്റുല്ലാഹി'യുടെ അനുകരണമായിരുന്നു അത്:

إِنَّ اللّٰهَ خَلَقَ النِّسَاءَ أَفْوَاجًا. وَجَعَلَ الرِّجَالَ لَهُنَّ أَزْوَاجًا.
فَنُولِجُ فِيهِنَّ قَعْسًا إِيلَاجًا. ثُمَّ نُخْرِجُهَا إِذَا شِئْنَا إِخْرَاجًا.
فَيُنْتِجْنَ لَنَا سِخَالًا إِنْتَاجًا.

അല്ലാഹു സ്ത്രീകളെ കൂട്ടംകൂട്ടമായിപ്പടച്ചു. എന്നിട്ടു പുരുഷൻമാരെ ഇണകളാക്കി. കൂർത്തമുന നാം അവരിൽ പ്രവേശിപ്പിക്കുന്നു. പിന്നെ നമുക്കിഷ്ടമുള്ളപ്പോൾ അത് ഊരിയെടുക്കുന്നു. അങ്ങനെ അവർ നമുക്കുവേണ്ടി പൈതങ്ങളെ ഉൽപാദിപ്പിക്കുന്നു.

ഇത്തരം അസഭ്യവചനങ്ങൾ ധാരാളമുണ്ട്. അവ ഒഴിവാക്കുകയാണ്. മേൽപ്പറഞ്ഞ സൂക്തം നബിച്ചിക്കിഷ്ടമായി. അതുകേട്ടപ്പോൾ അവൾക്കയാളെ നന്നേ പിടിച്ചു. ''മുപ്പത്ത്യാരു''ടനെത്തന്നെ സമ്മതിച്ചു:– ''ഞാനിതാ, സാക്ഷ്യം വഹിക്കുന്നു – താങ്കൾതന്നെ നബി – ഞാൻ നബിച്ചിയും''. (ഇഅ്ജാസുൽഖുർആൻ-2/10)

ഉടനെ അടുത്ത സൂക്തമവതരിച്ചു:

إِذَا دَخَلَ الْهَنُ فِي الْهَنِ وَجَدَ بِالْهَنَا . ثُمَّ لِي وَلَكَ الْفَنَا.
لِأَنَّ الْهَنَ كَالْقَنَا. إِلَّا إِذَا لَمْ يَكُنْ زِنَا. فَنَحْصُلُ لَنَا الْمُنَا.
وَنَدَثُرُ بِالْغِنَي.

ശിശ്നം കൃസരിയിൽ പ്രവേശിച്ചാൽ പരമാനന്ദം! പിന്നെ നിനക്കും, എനിക്കും ലയം! ശിശ്നം കുന്തമുനപോലെ! – ജാരസംസർഗ്ഗമല്ലെങ്കിൽ! അപ്പോൾ നമുക്ക് മോഹം സഫലം. ഐശ്വര്യംകൊണ്ടു നമുക്കപ്പോൾ പുതയ്ക്കാം.

അശ്ലീലങ്ങൾ ഉപേക്ഷിക്കാം. ഈ ഗ്രന്ഥം ഇവകൊണ്ടു മലിനമായിക്കൂടാ. സാമ്പിളിന്ന് ഒന്നുരണ്ടെണ്ണം എടുത്തു കാണിച്ചതാണ്. ഇതൊക്കെയാണ് ആകാശ സന്ദേശങ്ങൾ! എങ്ങനെയുണ്ട്? നമ്മുടെ ബ്രിട്ടീഷ് ഗവണ്മെന്റിന്റെ സൃഷ്ടിയായ ഇന്ത്യൻപ്രവാചകൻ 'അഹ്മദ്ഖാദിയാനി'യുടെ ചില 'വഹ്യ്'കൾ കൂടി എടുത്തുകാണിക്കാം. അവ മിക്കവാറും, പരിശുദ്ധ ഖുർആന്റെ വികലമായ അനുകരണമാണ്: –

അല്ലയോ, ഖമറേ, ശംസേ, നീ എന്നിൽ പെട്ടവൻ ഞാൻ നിന്നിൽ പെട്ടവനും.

തുടർന്നു ദൈവം ഖാദിയാനിയോടരുളുന്നതു നോക്കു:

മകനേ, കേട്ടുകൊൾക, ഞാൻ നിന്നിൽ പെട്ടവൻ. നീ എന്നിൽ പെട്ടവനും. നീ വെളിപ്പെടുന്നതു ഞാൻ വെളിപ്പെടലാണ്.

നീ എന്റെ മകന്റെ പദവിയിലാണ്. എന്റെ വെള്ളത്തിൽ നിന്നുള്ളതാണ് നീ. അവരാകട്ടെ ഭീരുത്വത്തിൽ നിന്നുള്ളതാണ്. അല്ലാഹു തന്റെ അർശിൽ വെച്ചു നിന്നെ സ്തുതിക്കുന്നു നിന്നിലേക്കു നടന്നുവരികയും ചെയ്യുന്നു.

ഇയാൾ തന്റെ 'തിർയാഖുൽ ഖുലൂബി'ൽ പറയുന്നു: "അല്ലാഹു ഒരിക്കൽ ഒരു കടലാസെടുത്തെഴുതാൻ ശ്രമിച്ചു. അങ്ങനെ അവൻ തന്റെ ചുവന്ന മഷിയുള്ള പേനയൊന്നു കുടഞ്ഞു. അതു മുഴുവൻ എന്റെ കുപ്പായത്തിലായി. അതാണീ കാണുന്നത്." (ഹഖീഖത്തുൽ-വഹ്‌യ് – പേ 255)

തനിക്കവതരിച്ച മറ്റൊരായത്ത്:—

നിന്നെ അനുഗമിക്കാതെ, നിന്നോടു "ബൈഅത്തു" ചെയ്യാതെ, നിന്നോടെതിർത്തു ധിക്കാരം ചെയ്യുന്നവൻ അല്ലാഹുവിന്റെയും, റസൂലിന്റെയും എതിരാളിയായ നരകക്കാരനാണ്.

മറ്റൊന്ന്:— മുഹമ്മദീബീഗമെന്ന യുവതി വിവാഹാഭ്യർത്ഥന നിരസിച്ചപ്പോൾ അവതരിച്ചു:–

അവളെ നിനക്കു ഭാര്യയായി ലഭിക്കും. അവളുടെ വീട്ടുകാർ നിന്നോടെതിർക്കും. അവർ അവളെത്തരാൻ വിസമ്മതിക്കും വിവാഹം നടക്കാതിരിക്കാൻ അവർ ശ്രമിക്കും. പക്ഷെ അല്ലാഹു വാഗ്ദത്തം നിറവേററും. അവളെ നിനക്കു സമ്മാനിക്കും. ഒന്നുകിൽ കന്യകയായിട്ട്. അല്ലെങ്കിൽ ചർമ്മം നീങ്ങിയ

ശേഷം തടസ്സം നീങ്ങും. ഇതു പെട്ടന്നു നടക്കും. അല്ലാഹുവിന്റെ വിധി തടുക്കാനാർക്കുമാവില്ല.

പക്ഷെ ആ മോഹം പൂവണിഞ്ഞില്ല. ബീഗത്തെ അവളുടെ മാതാപിതാക്കൾ മറ്റൊരുത്തന്നു വിവാഹം ചെയ്തുകൊടുത്തു. എന്നിട്ടും ഖാദിയാനി പ്രതീക്ഷ കൈവെടിഞ്ഞില്ല. അല്ലാഹു വാഗ്ദത്തം നിറവേററുമെന്നയാൾ ആവർത്തിച്ചരുവിട്ട കൊണ്ടിരുന്നു. സംഗതി സാധിക്കാതെ ഖാദിയാനി മരിച്ചപ്പോൾ ഖലീഫ നൂറുദ്ദീൻ പറഞ്ഞു: ഖിയാമംനാളിന്നുള്ളിൽ, ഖാദിയാനിയുടെ പരമ്പരയിൽപെട്ട ഏതെങ്കിലുമൊരാൾ, ബീഗത്തിന്റെ പരമ്പരയിൽപെട്ട ഏതെങ്കിലുമൊരുത്തിയെ വിവാഹം ചെയ്യും. അങ്ങനെയാണല്ലാഹു വാഗ്ദത്തം നിറവേററുകയെന്ന്. എങ്ങനെയുണ്ട്?

മറ്റൊന്ന്: –

നിന്നോടവർ, അതു സത്യമോ എന്നു ചോദിക്കുന്നു–പറയുക-അതെ. സത്യംതന്നെ. നിങ്ങൾക്കല്ലാഹുവിനെ തോൽപിക്കാനാവില്ല. നിനക്കവളെ നാം കെട്ടിച്ചു തന്നുകഴിഞ്ഞു എന്റെ വചനത്തിന്നു മാററമില്ല. ഓരോ ദൃഷ്ടാന്തം കാണുമ്പോഴും അവരതാ, പിന്തിരിയുന്നു. ഇതു സുസ്ഥിരമായ മാരണമാണെന്നു പറയുകയും ചെയ്യുന്നു.

മുഹമ്മദീബീഗത്തെ മറ്റൊരുത്തൻ വിവാഹം കഴിച്ചിട്ടും ഇയാളോട് പടച്ചോൻ പറഞ്ഞതു, നിനക്കവളെ ഞാൻ കെട്ടിച്ചുതന്നു കഴിഞ്ഞുവെന്നാണ്. ഉളുപ്പില്ലാത്ത മനുഷ്യൻ !

മറ്റൊന്ന്: അവരതാ, നമ്മുടെ ദൃഷ്ടാന്തങ്ങളെ നി

ഷേധിക്കുന്നു. പരിഹസിക്കുന്നു. നിനക്കവരെ തടുക്കാൻ അല്ലാഹുമതി. അവളെ നിനക്ക് നാം തിരിച്ചുതരും അല്ലാഹുവിന്റെ വചനങ്ങൾക്ക് മാററമില്ല. അവനിച്ഛിക്കുന്നത് ചെയ്യുന്നു. നീ എന്റെ കൂടെയുണ്ട്. ഞാൻ നിന്റെ കൂടെയും. സ്തുത്യർഹമായ സ്ഥാനത്തു നിന്നെ അല്ലാഹു നിയോഗിച്ചേക്കാം. സത്യം റബ്ബിൽ നിന്നുള്ളതാണ്. അതിനാൽ നീ ഒരിക്കലും സംശയാലുക്കളിൽ പെട്ടുപോകരുത്.

ഇതെല്ലാം ഖുർആൻസൂക്തങ്ങളുടെ വികലരൂപങ്ങളാണ്.

മറെറാന്ന്: 18882 മാർച്ചിലവതരിച്ചആയത്തുകളാണിവ

അഹ്മദേ, നിന്നെ അല്ലാഹു അനുഗ്രഹിച്ചു. നീ എറിഞ്ഞപ്പോൾ, എറിഞ്ഞതു നീയല്ല, അല്ലാഹുവാണ്. റഹ്മാനായ തമ്പുരാൻ ഖുർആൻ പഠിപ്പിച്ചു. ഒരു കൂട്ടർക്കു മുന്നറിയിപ്പു നൽകാൻ – അവരുടെ പൂർവ്വീകർക്കു മുന്നറിയിപ്പു ലഭിച്ചിരുന്നില്ല. പാപികളുടെ മാർഗ്ഗം നീ വേർപ്പെടുത്തിക്കാണിക്കാൻ വേണ്ടിയും.

പറയുക – കൽപന എനിക്കു കിട്ടി. ഞാനാണാദ്യ വിശ്വാസി. പറയുക – സത്യം വന്നു. മിഥ്യയുടെ തല ചതഞ്ഞു. മിഥ്യയുടെ തല ചതയാനുള്ളതാണ്, എല്ലാ അനുഗ്രഹവും മുഹമ്മദുനബിയിൽ നിന്നാണ്. പഠിച്ചവനും, പഠിപ്പിച്ചവനും അനുഗൃഹീതർ. പറയുക. ഞാൻ നുണ പടച്ചുവിട്ടാൽ അതിന്റെ കുററം എനിക്ക്. മാർഗ്ഗദർശനവും, സത്യമതവുംകൊണ്ടു റസൂലിനെ അ

യച്ചത് അല്ലാഹുവാണ്. സർവ്വമതങ്ങളെയും അതിജയിക്കാൻ അല്ലാഹുവിന്റെ വചനങ്ങൾക്കു മാററമില്ല അവർ മർദ്ദിതർ. അവരെ സഹായിക്കാൻ ശക്തനാണല്ലാഹു. നിന്നെ പരിഹസിക്കുന്നവരെ ഒതുക്കാൻ നിനക്കു നാം തന്നെ മതി നിനക്കിതൊക്കെ എവിടന്നു കിട്ടി? എവിടന്നു കിട്ടിയിതൊക്കെയെന്ന് അവർ ചോദിക്കുന്നു. ഇതു മനുഷ്യവചനങ്ങൾ തന്നെയാണെന്നും, മററുചിലരിതിന്നു സഹായിക്കുന്നുണ്ടെന്നും അവർ വാദിക്കുന്നു. നോക്കിനിന്നുകൊണ്ടു നിങ്ങൾ സിഹ്ർ ചെയ്യുന്നുവോ? വളരെ വിദൂരം! വിദൂരം! അവർക്കു ലഭിക്കുന്ന വാഗ്ദത്തം വിദൂരം! ആരാണീനിന്ദ്യൻ! അയാൾ വേർപാടിന്റെ വക്കിലെത്തിക്കഴിഞ്ഞു. അജ്ഞൻ അല്ലെങ്കിൽ ഭ്രാന്തൻ! പറയുക – 'നിങ്ങൾ സത്യവാൻമാരെങ്കിൽ തെളിവു കാണട്ടെ. ഇത് നിന്റെ റബ്ബിന്റെ അനുഗ്രഹത്തിൽ പെടുന്നു. അവൻ തന്റെ അനുഗ്രഹം നിന്നിൽ പൂർത്തിയാക്കും. വിശ്വാസികൾക്കതു ദൃഷ്ടാന്തമാകാൻവേണ്ടി. നീ നിന്റെ റബ്ബിങ്കൽ നിന്നുള്ള തെളിവിൻമേലാണ്. സന്തോഷവാർത്ത നൽകൂ. നിന്റെ റബ്ബിന്റെ അനുഗ്രഹത്താൽ നീ ഭ്രാന്തനല്ല. പറയൂ- നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിൻപററണം. എങ്കിൽ നിങ്ങളെ അല്ലാഹു സ്നേഹിക്കും.

മറ്റൊന്ന്:—

നിന്നെ ഞാൻ എന്നിലേക്കുയർത്തും എന്റെ മഹബ്ബത്തു ഞാൻ നിന്നിലിട്ടു. അല്ലാഹു മാത്രമാരാധ്യൻ. എഴുതുകയും അച്ചടിക്കുകയും ചെയ്യുക. ഭൂമിയിൽ വിതരണവും ചെയ്യുക. തൗഹീദിനെ, തൗഹീദിനെത്തന്നെ സ്വീകരിപ്പിൻ പേർഷ്യൻ സന്തതികളേ, സന്തോഷവാർത്ത നൽകൂ. സത്യവിശ്വാസികൾക്ക് റബ്ബിങ്കൽ സത്യത്തിന്റെ ഉറച്ച പാദമുണ്ട്. നിന്റെ റബ്ബിൽ നിന്നു ബോധനം ലഭിച്ചതവർക്കു ഓതിക്കൊടുക്കൂ. അല്ലാഹുവിന്റെ സൃഷ്ടികളെ നിസ്സാരപ്പെടുത്തരുത്. ജനങ്ങളിൽ ആരെയും ഫഖീറുകളെന്നു വിളിക്കരുത്. ആരാണ് ഫഖീറുകൾ? അവരുടെ കണ്ണുകൾ കരകവിഞ്ഞൊഴുകുന്നതു നീ കാണും. നിനക്കുവേണ്ടി അവർ പ്രാർത്ഥിക്കും. റബ്ബേ, വിശ്വാസത്തിലേക്കു ക്ഷണിക്കുന്ന ഒരു വിളിക്കാരന്റെ വിളി ഞങ്ങൾ കേട്ടു. അല്ലാഹുവിലേക്കു വിളിക്കുന്നവിളി പ്രകാശിക്കുന്ന വിളക്ക് ഞങ്ങൾ കണ്ടു. ഇതു ഓതിക്കൊടുക്കുവിൻ.

ഇതെല്ലാംതന്നെ ഖുർആൻ സൂക്തങ്ങളുടെ പൂമാലകൾ വികൃതമാക്കിയ വികല രൂപങ്ങളാണ്. കുരങ്ങന്റെ കൈയിൽകിട്ടിയ പൂമാലയായി മാറിയിരിക്കയാണ് ഈ വിദ്വാന്റെ കൈയിലെ ഖുർആൻ. മൂപ്പക്ക് വഹ്‌യിറക്കിക്കൊടുക്കാൻ അല്ലാഹുവിന്നു ഖുർആനിലെ വാക്കുകളല്ലാതെ മറ്റൊന്നും കിട്ടാത്തതുകൊണ്ടാവാം ഈ സാഹസം! കഷ്ടം!

മറ്റൊന്ന്:—

ജനങ്ങൾ വിശ്വസിച്ചപോലെ നിങ്ങളും വിശ്വസിപ്പിൻ എന്നവരോടു പറഞ്ഞാൽ അവർ പറയും-വിഡ്ഢികളെപ്പോലെ ഞങ്ങളും വിശ്വസിക്കുകയോ? പക്ഷെ അവർക്കറിയാം നിറപ്പകിട്ടു നൽകാൻ അവൻ ഉദ്ദേശിക്കുന്നു. പറയൂ-നിഷേധികളെ, നിങ്ങൾ പൂജിക്കുന്നതിന്നു ഞാൻ പൂജിക്കയില്ല. അല്ലാഹുവിലേക്കു മടങ്ങാൻ കൽപിച്ചിട്ടും അവർക്കു മടക്കമില്ല. ആധിപത്യം സ്ഥാപിക്കാൻ കൽപിച്ചിട്ടും സ്ഥാപിക്കുന്നില്ല. ആരാണ് പുറപ്പെട്ടതെന്ന് നീ അവരോടു ചോദിക്കുന്നുവോ? അവർ കടങ്ങളുടെഭാരം പേറുകയാണ് പക്ഷെ നാം അവർക്കു സത്യം നൽകി. അവരതു വെറുത്തു. അവർ വിശേഷിപ്പിക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്ര പരിശുദ്ധൻ! ഞങ്ങളും വിശ്വാസികളാണെന്നു പറഞ്ഞാൽ, ഒരു പരീക്ഷണവും കൂടാതെ വിടുമെന്നു ജനങ്ങൾ വിചാരിക്കുന്നുവോ? ചെയ്യാത്ത കാര്യങ്ങൾക്കു സ്തുതിക്കപ്പെടാൻ അവർ ആഗ്രഹിക്കുന്നു. മറഞ്ഞതൊന്നും അല്ലാഹുവിങ്കൽ മറയുകയില്ല. മൂത്തു പാകമാകും മുമ്പ് ഒന്നും നന്നല്ല. വല്ലവനെയും തന്റെ ജന്മപ്രകൃതാവസ്ഥയിൽ നിന്നു തള്ളപ്പെട്ടാൽ തിരിച്ചെടുക്കാനാർക്കുമാവില്ല.

(ബറാഹീൻ അഹ്മദിയ്യ – 4/509)

അബൂഹസൻ അലീനദ്‌വി, തന്റെ 'അൽഖാദിയാനീ, വൽഖാദിയാനിയ്യാ' എന്ന ഗ്രന്ഥത്തിൽ ഇയാളുടെ ഒരു പാട്ട് 'വഹ്‌യ്'കൾ എടുത്തുകാണിച്ചിട്ടുണ്ട് ഇപ്പറഞ്ഞതൊക്കെ അറബിയിലിറങ്ങിയ ആയത്തുകളാണ്. ഇംഗ്ലീഷിലിറങ്ങിയ ആയത്തുകളുമുണ്ട്. ബ

റാഹീൻ അഹ്മദിയ്യയിൽ-4/554നോക്കുക. ഖുർആൻ സൂക്തങ്ങളെടുത്തു തലയും, വാലും കളഞ്ഞു പുതിയ വഹ്യാക്കി മാററുകയാണിയാരം ചെയ്തത്—മുസൈലിമയെപ്പോലെത്തന്നെ. അനുകരണം, അനുകരിക്കപ്പെടുന്നതിന്റെ മഹത്വം സമ്മതിക്കലാണെന്ന പഴമൊഴിയോർക്കുക.

പ്രവാചകത്വം വാദിക്കാത്ത ചിലരും ഖുർആന്ന് പാരഡി രചിച്ചിട്ടുണ്ട്. അബ്ബാസിയ്യാ ഖലീഫമാരുടെ കൊട്ടാരകവിയായ അൽമഅർരി അക്കൂട്ടത്തിൽ പെടുന്നു. ഇയാരം ഖുർആന്ന് രചിച്ച പാരഡിയാണ് 'അൽഫുസൂൽവൽഗായാത്ത്' എന്ന കൃതി. അതിൽ ചില ഭാഗങ്ങരം ഈ ലേഖകൻ തന്റെ 'പ്രവാചകനാവാൻ മോഹിച്ച കവി'യെന്ന കൃതിയിൽ എടുത്തുദ്ധരിച്ചിട്ടുണ്ട്.

ഖുറൈശിക്കവികളും, സാഹിത്യത്തമ്പുരാക്കളും ഖുർആന്നു പാരഡികരം രചിച്ചതൊക്കെ മുമ്പ് വിവരിച്ചിട്ടുണ്ട്. 'അലംതറകൈഫ'ക്ക് അബൂജാഹിൽ രചിച്ച പാരഡിയും മുമ്പുദ്ധരിച്ചിട്ടുണ്ട്. അതൊരിക്കൽ കൂടി ഉദ്ധരിക്കാം:

ആനയെന്താണ്? ആന എന്തൊരുകുന്താണ്? നിനക്കു കിട്ടിയ അറിവെന്താ? അതിന്നു നീണ്ട തുമ്പിക്കൈയുണ്ട്. മുണ്ടൻ വടിക്കൊത്ത വാലും!.

ഇങ്ങനെ നീണ്ടുപോകുന്ന ഒരധ്യായം തീർന്നപ്പോരം ഒരാനയുടെ ചില അവയവങ്ങളുടെ ചിത്രംമാത്രമാണതുരംക്കൊണ്ടത്. തന്മൂലം അതവർ രംഗത്തവതരിപ്പിച്ചില്ല.

നസ്ഖ്
ഇത്ഖാൻ Vol: 2, P. 29,

ഖുർആന്റെ
അറിയപ്പെടാത്ത ഏടുകൾ

[ഇമാം സുയൂഥിയുടെ, "ഇത്ഖാൻ' എന്ന കിതാബവലംബിച്ചു രചിച്ചത്]

ഖുർആന്റെവേതകൾ തൊട്ടുകാണിച്ചു തരുന്ന വിശിഷ്ടകൃതി! ഖുർആന്റെ അവതരണരീതി, അതുയർത്തിയ വെല്ലുവിളി, അതിന്റെ വ്യാഖ്യാനങ്ങൾ, ഉൾസാരങ്ങൾ, ബാഹ്യസാരങ്ങൾ, അതുൾക്കൊള്ളുന്ന ആത്മജ്ഞാനരഹസ്യങ്ങൾ, അവതരണ പശ്ചാത്തലങ്ങൾ, അതിന്റെ ക്രോഡീകരണം, ക്രോഡീകരണമാനദണ്ഡങ്ങൾ, പല ക്രമങ്ങളിൽ ക്രോഡീകൃതമായ മുസ്ഹഫുകൾ, ക്രോഡീകരണ ചരിത്രത്തിലെ അറിയപ്പെടാത്ത ഏടുകൾ, സൂക്തങ്ങൾ അവതരിക്കാൻ കാരണക്കാരായ ചില വ്യക്തികൾ, സംഭവങ്ങൾ, ഖുർആനിൽനിന്നു ദുർബ്ബലപ്പെടുത്തിയ സൂക്തങ്ങൾ, 'മുൻജിദത്തെന്നി' പോലെ, ദുർബ്ബലപ്പെടുത്തിയ ചില സമ്പൂർണ്ണ 'സൂറത്തു'കൾ, വൈരുദ്ധ്യം തോന്നിക്കുന്ന ചില സൂക്തങ്ങൾ, ഖുർആനിൽ പേരെടുത്തു പറഞ്ഞവരോ, സൂചിപ്പിക്കപ്പെട്ടവരോ ആയ വ്യക്തികൾ, ഖുർആൻ സൂക്തങ്ങൾ കോപ്പിയടിച്ച വ്യാജന്മാരുടെ സൃഷ്ടികൾ, എന്നിങ്ങനെ പുറത്തുകൊണ്ടുവരാൻ മലയാള തൂലികകളൊന്നും ഇന്നോളം ധൈര്യപ്പെടാത്ത കുറെ രഹസ്യ വിവരങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥം !

രചന: കെ. വി. എം. പന്താവൂർ